
SOUTHERN LANGUAGES BOOK TRUST

വില: 1.25



# ജീവിതവും മതവും

ടോൾസ്റ്റോയ്

032D
R3:Q
32KO

NATIONAL BOOK STALL * KOTTAYAM
BR.

# ജീവിതവും മതവും

മംഗളോദയം (പ്രൈവററ്) ലിമിററഡ്,
തൃശ്ശിവപേരൂർ.

Malayalam 55

# JEEVITHAVUM MATHAVUM

*Selections from*

"On Life and Essays on Religion"

By

**LEO TOLSTOY**

*Translated in English by*

AYLMER MAUDE

*Translated into Malayalam by*

P. SESHADRI

*First Published: June 1960*

*Copies 3000*

*Copyright: John Brown,*

*Publishers of Oxford University Press, Bombay.*

PRINTED AT

THE MANGALODAYAM PRESS

TRICHUR

PUBLISHERS:

THE MANGALODAYAM (Private) Ltd.,

TRICHUR

Price: Re. 1-25

# ജീവിതവും മതവും

കൗണ്ട് ലിയോ ടോൾസ്റ്റോയി

വിവർത്തകൻ:

പി. ശേഷാദ്രി

UNIVERSITY LIBRARY
28 APR 1969
MADRAS

പ്രസാധകന്മാർ:

മംഗളോദയം (പ്രൈവററ്) ലിമിററഡ്

തൃശ്ശിവപേരൂർ

1135/1960 വില: 1_25

Published under the auspices of the
Southern Languages Book Trust,
MADRAS

O32D
254645
R3:Q
32KO

# ആമുഖം

വായനക്കാക്ക് ഉത്തമഗ്രന്ഥങ്ങളിലുള്ള അഭിരുചിയെപ്പററി ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിൻെറ പ്രഥമഗ്രന്ഥപരമ്പരയുടെ പ്രസാധനത്തിൽനിന്നു നേടിയ പരിചയത്തിൻെറ അടിസ്ഥാനത്തിൽ രണ്ടാമതൊരുകൂട്ടം പുസ്തകങ്ങൾ ദ്രാവിഡഭാഷയിൽ അവതരിപ്പിക്കുകയാണ്. വളരെ ശ്രദ്ധയോടുകൂടിയാണ് ഈ പുസ്തകങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളതു്. വിവിധവിഷയങ്ങളെ പുരസ്കരിച്ചുള്ള പുസ്തകങ്ങൾ ട്രസ്റ്റ് തെരഞ്ഞെടുക്കുകയെന്നതു സ്വാഭാവികംമാത്രമാണല്ലോ. ഭാരതീയനേതാക്കന്മാരെപ്പററി പ്രതിപാദിക്കുന്ന ഒരു വിഭാഗവും പദ്ധതിയിലുണ്ടു്. നാടിൻെറ മഹത്വത്തിനും നാട്ടുകാരുടെ സ്വാതന്ത്ര്യത്തിനുംവേണ്ടി വിലയേറിയ സേവനം ചെയ്ത ഈ മഹാന്മാരെപ്പററി ഭാവിതലമുറകൾ അറിഞ്ഞിരിക്കുക എന്നതു യുക്തംമാത്രമാണ്.

തത്വജ്ഞാനം, മതം, ശാസ്ത്രം, ക്ലാസ്സിക്കുകൾ, ധനതത്വശാസ്ത്രം മുതലായവക്കെല്ലാം ഈ പരിപാടിയിൽ സ്ഥാനം കൊടുത്തിട്ടുണ്ടു്. ദൃശ്യകലകൾ, ശില്പശാസ്ത്രം, പുരാണഗസ്തുഗവേഷണം, അനശ്വരകലാസൃഷ്ടികളായ ദക്ഷിണേന്ത്യൻക്ഷേത്രങ്ങൾ മുതലായവയും പ്രതിപാദ്യവിഷയങ്ങളിലുൾപ്പെടുന്നു. ഭിന്നരുചികളായ വായനക്കാക്കു വേണ്ട വൈവിധ്യം ഈ പദ്ധതിയിലുണ്ടെന്നും അതു് അനേകരെ പുസ്തകപാരായണത്തിലേയ്ക്കാകഷിക്കുമെന്നും എനിക്കുറപ്പുണ്ടു്.

ദക്ഷിണേന്ത്യൻഭാഷകൾ തമ്മിലുള്ള സാഹിത്യൈകമാററമാണ് ഈ പരിപാടിയുടെ ഒരു സവിശേഷത. ഇതിൻെറ പുരോഗതിയോടുകൂടി ഉത്തമസാഹിത്യത്തിൽ താത്പര്യമുള്ളവരുടെ എണ്ണം വളരെ വദ്ധിക്കുന്നതാണ്. ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിന്ന് അതിൻെറ ഉൽകൃഷ്ടലക്ഷ്യങ്ങൾ അചിരേണ നിറവേററാൻ കഴിയുമെന്നു ഞാൻ ആശിക്കുന്നു.

**ഡോ: ഏ. എൽ. മുതലിയാർ**

വൈസ് ചാൻസലർ,
മദിരാശി സവ്വകലാശാല.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| 1. | മതവും മതസാരവും | 1—66 |
| 2. | മതവും സന്മാർഗ്ഗവും | 67—102 |
| 3. | മതവും ബുദ്ധിയും | 103—110 |

# മതവും മതസാരവും

ചില കാലഘട്ടങ്ങളിൽ എല്ലാ സമുദായത്തിലും മതം അതിന്റെ മൂലലക്ഷ്യത്തിൽനിന്നും വ്യതിചലിക്കാറുണ്ടു്. ക്രമേണ കൂടുതൽ കൂടുതൽ അകലുകയും, ഒടുവിൽ ആ ലക്ഷ്യത്തെക്കൂടി വിസ്മരിച്ചു്, ജീവിതത്തിൽ മതത്തിന്റെ പ്രാഭവം നശിക്കത്തക്ക വിധം ചില പ്രത്യേകരൂപങ്ങളായി മരവിച്ചുപോകയും ചെയ്യുന്നു.

ആ ഘട്ടങ്ങളിൽ അഭ്യസ്തവിദ്യരായ ന്യൂനപക്ഷം വ്യവസ്ഥാപിതമതത്തിൽ വിശ്വസിക്കുന്നില്ലെങ്കിലും, അവർ ഭൂരിപക്ഷം സാമാന്യജനതയെ, സ്ഥാപിതമായ ജീവിതരീതിയിൽ നിലനിത്താൻ അതാവശ്യമാണെന്നതുകൊണ്ടു മതത്തിൽ വിശ്വസിക്കുന്നതായി നടിക്കുന്നു. സാമാന്യജനങ്ങൾ ജാഡ്യംമൂലം ആ മതത്തിന്റെ ബാഹ്യാചാരങ്ങൾ അനുസരിക്കുന്നുണ്ടെങ്കിലും അവരുടെ ജീവിതത്തെ നിയന്ത്രിക്കുന്നതു മതമല്ല, കീഴ്നടപ്പും രാഷ്ട്രനിയമങ്ങളുമാണു്.

ഈ അവസ്ഥ പല മനുഷ്യവർഗ്ഗത്തിലും തുടരെത്തുടരെ സംഭവിച്ചിട്ടുണ്ടു്. എന്നാൽ ഇപ്പോൾ നമ്മുടെ ക്രൈസ്തവസമുദായത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാവട്ടെ മുമ്പൊരിക്കലും ഉണ്ടായിട്ടുള്ളതല്ല. സാമാന്യജനങ്ങളുടെ മേൽ ഏററവും പ്രാഭവമുള്ള ധനവാന്മാരും ഭരണാധികാരികളും അഭ്യസ്തവിദ്യരും ഉൾപ്പെട്ട ന്യൂനപക്ഷം നിലവിലിരിക്കുന്ന മതത്തെ അവിശ്വസിക്കുന്നു എന്നുമാത്രമല്ല, ഇനിമേൽ മതമേ ആവശ്യമില്ലെന്നു് ഉറപ്പുകകൂടി ചെയ്തിരിക്കുന്നു. നടപ്പിലിരിക്കുന്ന മതത്തിന്റെ സത്യത്തിൽ സംശയിക്കുന്നവരെ, കൂടുതൽ യുക്തിയുക്തവും വിശദവുമായ മതോപദേശം സ്വീകരിപ്പിക്കാൻ പ്രേരിപ്പിക്കുന്നതിനു

പകരം മതത്തിൻെറ കാലം കഴിഞ്ഞിരിക്കുന്നുവെന്നും, ഇപ്പോൾ മതം സമുദായത്തിനു് ഉപയോഗശൂന്യമെന്നുതന്നെയല്ല ഉപദ്രവകരംകൂടിയാണെന്നും ഗണിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.

ആന്തരമായ അനുഭൂതികൊണ്ടു നമുക്കു് അറിയാൻ സാധിക്കുന്ന ഒന്നായിട്ടല്ല, ചിലരെ ബാധിക്കുന്നതും ബാഹ്യലക്ഷണങ്ങൾകൊണ്ടു കണ്ടുപിടിക്കാവുന്നതും ആയ ഒരു രോഗവിശേഷമായിട്ടാണു് അവർ മതത്തെ ഗണിക്കുന്നതു്.

അവരിൽ ചിലർ പ്രകൃതിയിലെ വിവിധദൃശ്യങ്ങളിൽ ഒരു ആത്മാവു് ഉണ്ടെന്നുള്ള സങ്കല്പത്തിൽനിന്നാണു് മതം ഉത്ഭവിച്ചതെന്നു പറയുന്നു. മരിച്ചുപോയ പൂർവ്വികന്മാരുമായി നമുക്കു ബന്ധം പുലർത്താമെന്ന സങ്കല്പത്തിൽനിന്നും വിശ്വാസത്തിൽനിന്നുമാണു് മതം ഉളവായതെന്നു വേറെ ചിലർ അഭിപ്രായപ്പെടുന്നു. പ്രകൃതിശക്തികളെക്കുറിച്ചുള്ള ഭയത്തിൽനിന്നും സംജാതമായതാണു് മതമെന്നു മററുചിലർ പറയുന്നു. വൃക്ഷങ്ങളിലും ശിലകളിലും ജീവാത്മാവില്ലെന്നും, പ്രകൃതിയുടെ ഓരോ ഭാവങ്ങളും പ്രകൃതിസംബന്ധമായ കാരണങ്ങൾകൊണ്ടു സംഭവിക്കുന്നതാണെന്നും, മൃതിയടഞ്ഞ പൂർവ്വികന്മാക്കു ജീവിച്ചിരിക്കുന്ന പിൻഗാമികൾ ചെയ്യുന്നതറിയാൻ കഴിയുകയില്ലെന്നും, ശാസ്ത്രം ഇപ്പോൾ തെളിയിച്ചുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു മതമോ, മതവിശ്വാസങ്ങൾമൂലം ഇതുവരെ മനുഷ്യനെ തടസ്സപ്പെടുത്തിയിരുന്ന നിബന്ധനകളോ ആവശ്യമില്ലെന്നാണു് ഈ വാദഗതിക്കാരുടെ അഭിപ്രായം. പൂർവ്വയുഗത്തിൻെറ സൂചന ഇടയ്ക്കിടയ്ക്കു് ഇപ്പോഴും കാണുന്നുണ്ടെങ്കിലും മനുഷ്യസമുദായം ഏറ്റവുംകാലംകൊണ്ടു് ആ മതയുഗത്തെ അതിജീവിച്ചുകഴിഞ്ഞിരിക്കുന്നു. ദാശ്നികയുഗമാണു് പിന്നെയാരംഭിച്ചതു്. ആ കാലഘട്ടവും ഇപ്പോൾ കടന്നിരിക്കുന്നു. സംസ്കാരസമ്പന്നരായ നാം ജീവിക്കുന്നതു ശാസ്ത്രയുഗത്തിലാണു്. മതത്തിൻെറ അന്ധവിശ്വാസമൂലകങ്ങളായ ഉപദേശങ്ങളിൽ അടിപെട്ടിരുന്നാൽ ഒരിക്കലും എത്തിച്ചേരാൻ സാധി

ക്കാത്ത മഹനീയമായ അഭിവൃദ്ധിയിലേക്കു്, വസ്തുനിഷ്ഠമായ ശാസ്ത്രം മതത്തെ അകററി മനുഷ്യവർഗ്ഗത്തെ ഉയർത്തുന്നതാണു്.

ക്രിസ്ത്വാബ്ദം 1901 ആരംഭത്തിൽ ഫ്രഞ്ചുകാരനും വിഖ്യാതശാസ്ത്രജ്ഞനുമായ ബർത്തലോ, മതയുഗം കഴിഞ്ഞുപോയിരിക്കുന്നതിനാൽ അതിൻെറ സ്ഥാനം ശാസ്ത്രം കൈക്കൊള്ളേണ്ടതാണെന്നു പ്രസംഗിക്കയുണ്ടായി. ലോകസമ്മതനായ ഒരു ശാസ്ത്രജ്ഞൻ അഭ്യസ്തലോകത്തിൻെറ കേന്ദ്രത്തിൽവെച്ചു് അടുത്ത കാലത്തു ചെയ്ത ഒരു പ്രസംഗമായതുകൊണ്ടാണു് അതിനെ ഞാൻ എടുത്തു പറഞ്ഞതു്. എന്നാൽ തത്വജ്ഞാനഗ്രന്ഥങ്ങൾതുടങ്ങി വർത്തമാനപത്രപംക്തികൾവരെ എല്ലാ സാഹിത്യരൂപങ്ങളിലും ഈ ആശയം ആവർത്തിച്ചുകാണുന്നു.

മുൻകാലത്തു മനുഷ്യസമുദായത്തെ നയിച്ചിരുന്ന രണ്ടു ശക്തികൾ കവ്യുക്കും മതവുമായിരുന്നു. എന്നാൽ ഇപ്പോൾ അവയുടെ സ്ഥാനം ശാസ്ത്രം അപഹരിച്ചിരിക്കുന്നതിനാൽ അവയുടെ ആവശ്യമേ ഇല്ലാതായിരിക്കുന്നുവെന്നു ബർത്തലോ തൻെറ പ്രസംഗത്തിൽ പറകയുണ്ടായി. മററെല്ലാ ശാസ്ത്രഭക്തന്മാരെയും പോലെ അദ്ദേഹവും ശാസ്ത്രം എന്ന ശബ്ദത്താൽ വിവക്ഷിക്കുന്നതു മനുഷ്യൻെറ അറിവിൽ പെട്ട സകലതും ക്രമീകരിച്ചു സമന്വയപ്പെടുത്തിയ ഒന്നിനെയാകുന്നു. ശാസ്ത്രം കൈക്കൊള്ളുന്ന മാർഗ്ഗങ്ങളിൽക്കൂടി കിട്ടുന്ന തത്വങ്ങൾ അനപലപനീയങ്ങളായ സത്യങ്ങളാണെന്നു് അദ്ദേഹം വിചാരിക്കുന്നു. എന്നാൽ അത്തരം ഒരു ശാസ്ത്രം വാസ്തവത്തിൽ ഇല്ലതന്നെ. ശാസ്ത്രം എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്നതു പരസ്പരബന്ധമില്ലാത്ത ഏതാനും ജ്ഞാനശകലങ്ങളുടെ സമാഹാരമത്രേ. അവയിൽ, മിക്കപ്പോഴും അനിഷേധ്യമായ സത്യങ്ങളല്ല, ഭ്രാന്തികളാണു് കാണുന്നതു്. ഇന്നു സത്യമെന്നു പ്രചരിപ്പിച്ചതു നാളെ അസത്യമെന്നു നിരാകരിക്കപ്പെടുന്നു; ഉപയോഗശൂന്യമായ വിഭ്രമങ്ങളായി അവശേഷിക്കുന്നു. അതിനാൽ, മതത്തിൻെറ സ്ഥാനത്തിനു യോഗ്യമെന്നു

ബത്തലോ പറയുന്ന വസ്തു ഇപ്പോഴില്ല. മതത്തിൻെറ സ്ഥാനം ശാസ്ത്രം കൈക്കൊള്ളുന്നുവെന്നു് അദ്ദേഹവും അനുയായികളും പറയുന്നതു് അവരുടെ അഭിപ്രായംമാത്രമാകുന്നു. ഒരു മതസമ്പ്രദായത്തിനു പ്രമാദം വരികയില്ലെന്നു ചിലക്കുള്ള വിശ്വാസംപോലെ, ശാസ്ത്രത്തിനു തെററു പററുകയില്ല എന്നുള്ള അബദ്ധമായ വിശ്വാസത്തിലാണു് ഇവരുടെ സിദ്ധാന്തം നിലകൊള്ളുന്നതു്.

എങ്കിലും അഭ്യസ്തവിദ്യർ എന്നു ഗണിക്കപ്പെട്ടു് അപ്രകാരം സ്വയം അഭിമാനിക്കുന്നവർ ദൃഢമായി വിശ്വസിക്കുന്നതു മതത്തിൻെറ സ്ഥാനം കൈക്കൊള്ളുന്നതും കൈക്കൊള്ളേണ്ടതുമായ ശാസ്ത്രം ഇപ്പോൾത്തന്നെ ഉണ്ടെന്നും അതു് ആ സ്ഥാനം ഗ്രഹിച്ചുകഴിഞ്ഞുവെന്നും ആണു്.

"മതം അസ്തമിച്ചുകഴിഞ്ഞു; ശാസ്ത്രമൊഴിച്ചു മറെറന്തും വിശ്വസിക്കുന്നതു മൗഢ്യമാകുന്നു. ആവശ്യമുള്ളതൊക്കെ ശാസ്ത്രം വ്യവസ്ഥപ്പെടുത്തിത്തരും. ശാസ്ത്രത്തെ അനുസരിച്ചുമാത്രമേ ജീവിതം നയിക്കാവൂ." ഇങ്ങനെയെല്ലാമാണു് ശാസ്ത്രജ്ഞന്മാർ വിചാരിക്കുന്നതും പറയുന്നതും. ശാസ്ത്രജ്ഞരല്ലാത്ത സാമാന്യജനങ്ങളിൽ ചിലരും അതു വിശ്വസിക്കുന്നു. മതം അസ്തമിച്ചുപോയ അന്ധവിശ്വാസമാണെന്നും, ശാസ്ത്രംമാത്രംകൊണ്ടു നമ്മുടെ ജീവിതം നയിക്കേണ്ടതാണെന്നും അവർ കരുതുന്നു. എന്നാൽ ഈ അഭിപ്രായം തീരെ നിരർത്ഥകമാണു്. എന്തെന്നാൽ, നിലവിലുള്ളതിൻെറ പഠനമാണു് ശാസ്ത്രത്തിൻെറ ലക്ഷ്യം. അതിൽനിന്നും മനുഷ്യജീവിതം നയിക്കുന്നതിനുതകുന്ന ഉപദേശം ലഭിക്കുക സാദ്ധ്യമല്ലല്ലോ.

## II

ഇക്കാലത്തെ പണ്ഡിതന്മാരുടെ അഭിപ്രായം, മതം ആവശ്യമില്ലെന്നും അതിൻെറ സ്ഥാനം ശാസ്ത്രം കൈവശപ്പെടുത്തിയിട്ടില്ലെങ്കിൽത്തന്നെ ഉടൻ കൈവശപ്പെടുത്തിക്കൊള്ളുമെന്നുമാ

ണ്. എന്നാൽ മുമ്പെന്നപോലെ ഇന്നും മനുഷ്യസമുദായത്തിനും വിവേകിയായ ഒരു മനുഷ്യനും മതം കൂടാതെ ജീവിച്ചിരിക്കാൻ സാദ്ധ്യമല്ല. വിവേകിയായ മനുഷ്യൻ എന്നു ഞാൻ പ്രത്യേകം പറഞ്ഞതെന്തെന്നാൽ, വിവേകമില്ലാത്തവക്കു മൃഗങ്ങളെപ്പോലെ മതമില്ലാതെ ജീവിക്കാവുന്നതാണ്. എന്നാൽ വിവേകിയായ മനുഷ്യനു മതംകൂടാതെ ജീവിക്കാൻ സാധിക്കയില്ല. കാരണം, വിവേകിക്കാവശ്യമുള്ള നിർദ്ദേശങ്ങൾ നല്കുന്നതു മതമാണ്. അവ ൻെറ കർത്തവ്യങ്ങളും അവ നിർവ്വഹിക്കേണ്ട ക്രമവും മതം ഉപദേശിക്കുന്നു. വിവേകിക്കു മതം വേണം. അതിനു കാരണം അവ ൻെറ സ്വാഭാവവൈശിഷ്ട്യംതന്നെ. സ്വാഭാവികമായ പ്രേരണമൂലമുള്ളവയൊഴികെ മററെല്ലാ പ്രവൃത്തികളും പെട്ടെന്നുള്ള ഫലത്തെക്കരുതിയാണ് മൃഗങ്ങൾ ചെയ്യുന്നതു്. അവയുടെ ധാരണാശക്തിക്കനുസരണമായി ഫലത്തെ ഊഹിച്ചുംകൊണ്ടു് അതിനനുരൂപമായി മൃഗങ്ങൾ പ്രവർത്തിക്കുന്നു. ആ ധാരണതന്നെയാണ് എപ്പോഴും അതിനെ സംശയംകൂടാതെ പ്രവർത്തിപ്പിക്കുന്നതു്. ശീതകാലത്തു തനിക്കും സന്താനങ്ങൾക്കും ആഹാരം വേണമല്ലോ എന്നു കരുതി തേനീച്ച ഒരു കൂടു കെട്ടി തേൻ ശേഖരിക്കുന്നു. ഇതല്ലാതെ മററൊന്നും അതിനറിഞ്ഞുകൂടാ. അറിയാൻ സാധിക്കയുമില്ല. പക്ഷികൾ കൂടു കെട്ടുമ്പോഴും വടക്കുനിന്നു തെക്കോട്ടു പറന്നു താമസം മാററുമ്പോഴും, തിരിച്ചുപോകുമ്പോഴുമൊക്കെ ഇത്തരം ആലോചനകൾതന്നെയാണ് അവയെ അതിന്നു പ്രേരിപ്പിക്കുന്നതു്. സ്വാഭാവികമായ പ്രവൃത്തികളൊഴിച്ചു മററെല്ലാററിലും ഫലം പ്രതീക്ഷിച്ചുകൊണ്ടാണ് എല്ലാ ജന്തുക്കളും പ്രയത്നിക്കുന്നതു്. എന്നാൽ മനുഷ്യനെ സംബന്ധിച്ചിങ്ങനെയല്ല. മൃഗത്തിൻെറ കഴിവു സ്വാഭാവികപ്രേരണയിൽ സീമാബദ്ധവും, മനുഷ്യൻേറതു വിവേകത്താൽ വികസിതവും ആണെന്ന വസ്തുതയാണ് മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസം. തേൻ ശേഖരിക്കുന്ന തേനീച്ചയ്ക്കു് അതു ചെയ്യുമ്പോൾ നല്ലതോ ചീത്തയോ

എന്ന വിചാരമേയില്ല. എന്നാൽ മനുഷ്യൻ ധാന്യം കൊയ്യു മ്പോൾ അടുത്ത കൊയ്ത്തു് എങ്ങനെ വരും, ഈ കൊയ്ത്തു് ആ തുടെയെങ്കിലും ആഹാരം മുട്ടിക്കുമോ എന്നും മററും ആലോചി ക്കുന്നു. താൻ ഇപ്പോൾ പോററിവളർത്തുന്ന സന്താനങ്ങൾ ഭാവി യിൽ എങ്ങനെയായിത്തീരും എന്നും മററുമുള്ള ചിന്തയും മനു ഷ്യനു് ഒഴിച്ചുകൂടാൻ വയ്യ. ജീവിതം എങ്ങനെ നയിക്കണമെ ന്നുള്ള അതിപ്രധാനമായ പ്രശ്നത്തിനു ഖണ്ഡിതമായി സമാധാ നം കാണാൻ മനുഷ്യനു സാധിക്കയില്ല. എന്തെന്നാൽ, പലപ്ര കാരത്തിലുള്ള ഫലസാദ്ധ്യതകൾ ഉണ്ടെന്നു് അവനു് അറിയാം. അപ്പപ്പോൾ ഉണ്ടാവുന്ന പ്രേരണകൾ അനുസരിച്ചോ പ്രവൃത്തി യുടെ താല്ക്കാലികഫലത്തെപ്പററി ചിന്തിച്ചോ ജീവിതത്തിലെ സുപ്രധാനങ്ങളായ പ്രശ്നങ്ങൾക്കു സമാധാനം കണ്ടു ജീവിക്കാൻ സാദ്ധ്യമല്ലെന്നു വിവേകിയായ മനുഷ്യൻ അറിയുന്നു. എന്തെ ന്നാൽ, താൻ മുൻകൂട്ടിക്കാണുന്ന ഭാവിഫലങ്ങൾ അസംഖ്യവും വിവിധവും തനിക്കും അന്യർക്കും ഗുണകരം എന്നപോലെ ദോ ഷകരവും ആയി പരിണമിക്കാവുന്നതുകൊണ്ടു പരസ്പരവിരുദ്ധവു മാണു്. ഒരു പഴംകഥയുണ്ടു്: ഒരിക്കൽ ഒരു ദേവദൂതൻ ഭൂതല ത്തിൽ ഒരു ഭക്തന്റെ ഗൃഹത്തിൽ പ്രവേശിച്ചു തൊട്ടിലിൽ കിട ന്ന ഒരു ശിശുവിനെ കൊന്നു; കാരണം ചോദിച്ചപ്പോൾ, ആ ശി ശു ഭാവിയിൽ അത്യന്തം ദുഷ്ടനായിത്തീരുമെന്നും കുടുംബത്തിന്റെ സൗഖ്യം നശിപ്പിക്കുമെന്നും സമാധാനം പറഞ്ഞുവത്രെ. എതു ജീവിതമാണു് സഫലമോ, നിഷ്ഫലമോ, ഹാനികരമോ ആയി പ്പരിണമിക്കുന്നതു് എന്ന വിഷയത്തിൽ മാത്രമല്ല ഈ സ്ഥിതി കാണുന്നതു്. പ്രത്യക്ഷമായ ഫലങ്ങളും പരിണാമങ്ങളും ആലോ ചിച്ചു ജീവിതത്തിലെ ഗുരുതരമായ പ്രശ്നങ്ങളെ തീരുമാനിക്കാൻ ഏതൊരു ബുദ്ധിമാനായ മനുഷ്യനും സാധിക്കുകയില്ല. ഒരു മൃഗ ത്തിന്റെ പ്രവൃത്തികൾക്കു പ്രേരകമായി ഭവിക്കുന്നതെന്തോ അ തുകൊണ്ടു ബുദ്ധിയുള്ള മനുഷ്യൻ തൃപ്തിപ്പെടുന്നതല്ല. അല്പകാലം

മാത്രം ജീവിക്കുന്ന ജന്തുവെന്നോ, അനേകം ശതകങ്ങൾ ജീവിക്കുന്ന ഒരു കുടുംബത്തിൻെറയോ രാഷ്ട്രത്തിൻെറയോ സമുദായത്തിൻെറയോ അംഗമെന്നോ, ബുദ്ധിശക്തിയുടെ അനിരോദ്ധ്യമായ പ്രചോദനത്താൽ അനന്തമായ വിശ്വത്തിൻെറ അംശമെന്നോ മനുഷ്യൻ തന്നെപ്പററി വിചാരിക്കാവുന്നതാണു്. അതുകൊണ്ടു സ്വപ്രവൃത്തികളെ സംബന്ധിക്കുന്ന ജീവിതത്തിലെ നിസ്സാരകാര്യങ്ങളിലും ബുദ്ധിശക്തിയുള്ള മനുഷ്യൻ അനന്തവിശ്വവുമായുള്ള തൻെറ ബന്ധത്തെപ്പററി ആലോചിക്കേണ്ടതാണു്. തല്ക്കാലജീവിതവസ്തുതകളുമായുള്ള ബന്ധംമാത്രമല്ല അവനു ദേശകാലങ്ങളാൽ സീമാബദ്ധമല്ലാത്ത അനന്തതയുമായുള്ള ബന്ധംകൂടി സ്ഥാപിക്കണം. ആ അനന്തതയുടെ അംശമാണു് മനുഷ്യൻ; ആ അനന്തതയിൽനിന്നാണു് അവൻെറ പ്രവൃത്തികൾക്കു നിർദ്ദേശം കിട്ടുന്നതു്; ആ അനന്തതയുമായി മനുഷ്യൻ ബന്ധം സ്ഥാപിക്കുന്നതത്രേ മതം. അതുകൊണ്ടു വിവേകിയായ മനുഷ്യൻെറയും മനുഷ്യവർഗ്ഗത്തിൻെറയും ജീവിതത്തിൽ മതം അത്യാവശ്യവും അനുപേക്ഷണീയവുമാണു്.

## III

മനുഷ്യനെ മൃഗത്തിൽനിന്നും വേർതിരിക്കുന്ന അത്യുച്ചമായ ബോധം—മതബോധം—ഉള്ളവർ ഇപ്രകാരമാണു് മതത്തെപ്പററി ധരിച്ചിട്ടുള്ളതു്. Religion (മതം എന്നതിൻെറ ഇംഗ്ലീഷ് പദം) ഈശ്വരാരാധന എന്നർത്ഥമുള്ള Relegere എന്ന ധാതുവിൽനിന്നു വന്നതായിരിക്കാം. അല്ലെങ്കിൽ സാധാരണമായി ധരിക്കുംപോലെ, ബന്ധിക്കപ്പെടുക (ഉച്ചശക്തികൾക്കു വഴിപ്പെട്ടിരിക്കുക) എന്നർത്ഥമുള്ള Religare എന്ന ധാതുവിൽനിന്നു വന്നതായും ഗണിക്കാം. മതത്തെപ്പററിയുള്ള സർവ്വപ്രാചീനവും സർവ്വസാധാരണവുമായ നിർവ്വചനം അതു മനുഷ്യനും ഈശ്വ

രനും തമ്മിലുള്ള ബന്ധമാകുന്നു എന്നതാണു്. ഗ്രന്ഥകാരനായ വോവെനാഗ്ഗ് പറയുന്നു: "മതമെന്നതു മനുഷ്യനു് ഈശ്വരനോടുള്ള കടപ്പാടുകളാകുന്നു." "ഈശ്വരാധീനത്തിൽ താനിരിക്കുന്നു എന്നു മനുഷ്യനുള്ള ബോധമാണു് മതത്തിൻെറ അടിസ്ഥാനം" എന്നു സമ്മതിക്കുന്ന ഷ്ളിയർമാക്കറും ഫുയർബാക്കും മുമ്പു പറഞ്ഞതുപോലുള്ള അർത്ഥമാണു് മതത്തിനു കൊടുത്തിരിക്കുന്നതു്. "ഈശ്വരനേയും മനുഷ്യനേയും സംബന്ധിക്കുന്ന ഒരു കാര്യമാണു് മതം" എന്നു ബായിൽ പറയുന്നു. "ആത്മാവിൻെറ ആവശ്യങ്ങളിൽനിന്നു് ഉളവാകുന്നതും ബുദ്ധിശക്തിയുടെ ഫലവും ആണു് മതം" എന്നാണു് കാൺസ്റ്റൻറ് പറയുന്നതു്. ആൽവീയെല്ല പ്രഭുവായ ഗോബ്ലെ അഭിപ്രായപ്പെടുന്നു: "വിസ്മയകരവും അതിമാനുഷവുമായ ഏതൊരു ശക്തിക്കു താൻ അധീനനായിരിക്കുന്നോ, ആ ശക്തിയുമായുള്ള തൻെറ ബന്ധത്തെ അനുഭവപ്പെടുത്തുന്ന ഒരു വിശിഷ്ടമായ മാർഗ്ഗമാകുന്നു മതം." റവില്ലെ പറയുന്നു—"മനുഷ്യനേയും ലോകത്തേയും നിയന്ത്രിക്കുന്നതും മനുഷ്യാത്മാവോടു യോജിച്ചിരിക്കുന്നതായി അനുഭവപ്പെടുന്നതും ആയ അത്ഭുതചൈതന്യവും മനുഷ്യാത്മാവും തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയുള്ള ജീവിതനിർവ്വചനമാണു് മതം."

താനും തന്നെ നിയന്ത്രിക്കുന്നതായി തോന്നുന്ന അനന്തതയും തമ്മിൽ ബന്ധം സ്ഥാപിക്കുക എന്നതാണു് മതത്തിൻെറ സാരം. ഇങ്ങനെയാണു് മനുഷ്യർ എപ്പോഴും ധരിച്ചിട്ടുള്ളതു്. ശ്രേഷ്ഠതമമായ മനുഷ്യവൈശിഷ്ട്യം നഷ്ടപ്പെടാത്ത ജനങ്ങൾ ഇപ്പോഴും ഇങ്ങനെതന്നെ ധരിക്കുന്നുമുണ്ടു്. ഓരോ ജാതിയിൽ ഓരോ കാലത്തു വ്യത്യസ്തമായി പ്രകാശിച്ചാലും, ഈ ബന്ധം എപ്പോഴും മനുഷ്യനു ലോകത്തിലുള്ള സ്ഥാനത്തെ നിർവ്വചിക്കുന്നു. ആ നിർവ്വചനത്തിൽനിന്നും താൻ എങ്ങനെ നടക്കണമെന്നു മനുഷ്യൻ സ്വാഭാവികമായി മനസ്സിലാക്കുന്നു. ഈശ്വരനാൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഒരു വിശിഷ്ടജാതിയുടെ അംഗമാണു്

താനെന്നും, അനന്തതയുമായുള്ള തൻെറ ബന്ധം ഇതാണെന്നും ഒരു യഹൂദൻ മനസ്സിലാക്കുന്നു. അതുകൊണ്ടു ദൈവം തൻെറ പൂർവ്വന്മാരോടു നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നടക്കണമെന്നു് അവൻ ഗ്രഹിക്കുന്നു. നിത്യതയുടെ പ്രതിനിധികളായ ദേവന്മാക്കു് അധീനനായതുകൊണ്ടു് അവക്കു് അഭീഷ്ടമായിട്ടുള്ളതുപോലെ അവരെ പ്രസാദിപ്പിക്കുന്നതു തൻെറ കർത്തവ്യമാണെന്നു് ഒരു യവനനു ബോദ്ധ്യമുണ്ടായിരുന്നു. അനന്തമായ ബ്രഹ്മത്തിൻെറ പ്രകാശമാണു് താനെന്നു മനസ്സിലാക്കി, സ്വാത്മത്യാഗം കൊണ്ടു ബ്രഹ്മസായൂജ്യം പ്രാപിക്കാൻ യത്നിക്കേണ്ടതാണെന്നു് ഒരു ഹിന്ദു ഗണിക്കുന്നു. ഒരു ജീവിതരൂപത്തിൽനിന്നും മറെറാരു രൂപം എടുക്കുന്നതുകൊണ്ടു ദുഃഖം ഒഴിയുകയില്ലെന്നും, ദുഃഖത്തിന്നു കാരണം കാമവും തൃഷ്ണയുമാണെന്നും അതിനാൽ അവയെ നശിപ്പിച്ചു നിർവ്വാണം പ്രാപിക്കണമെന്നും ഒരു ബുദ്ധമതാനുയായി കരുതുന്നു. ഇതാണു് അനന്തതയുമായിട്ടുള്ള തൻെറ ബന്ധം എന്നു് അയാൾ ഗണിക്കുന്നു. ഇങ്ങനെ ഏതെങ്കിലും വിധത്തിൽ അനന്തതയുമായി ബന്ധം സ്ഥാപിക്കലാണു് മതം. ആ ബന്ധം അനുസരിച്ചു ജീവിതം നയിക്കാൻ വേണ്ട നിർദ്ദേശം ലഭിക്കുന്നു. മനുഷ്യനും അനന്തതയുംതമ്മിൽ ഇങ്ങനെയൊരു ബന്ധം സ്ഥാപിക്കുന്നില്ലെങ്കിൽ അതു യഥാർത്ഥമതമല്ല, മതാഭാസമത്രേ. വിഗ്രഹാരാധനയും ഇന്ദ്രജാലവും മററും ഇതിനുദാഹരണങ്ങളാകുന്നു. മനുഷ്യനും ഈശ്വരനും തമ്മിൽ എന്തെങ്കിലും ബന്ധം സ്ഥാപിക്കുന്നുവെങ്കിലും യുക്തിക്കും ജ്ഞാനത്തിനും യോജിക്കാത്തതും അതിനാൽത്തന്നെ അവിശ്വസനീയവും ആയ പ്രമേയങ്ങളിൽനിന്നും ഉൽഭൂതമാകുന്നതും മതമല്ല, മതാഭാസംമാത്രമാകുന്നു. മനുഷ്യജീവിതത്തെ അനന്തതയുമായി പൊരുത്തപ്പെടുത്താത്ത മതവും യഥാർത്ഥമതമല്ല. മനുഷ്യൻെറ കർത്തവ്യത്തെപ്പററി സ്പഷ്ടമായ നിർദ്ദേശം നല്കാത്ത ചില പ്രമേയങ്ങളിൽ വിശ്വസിക്കുന്നതും മതമല്ല.

യുക്തിക്കും ജ്ഞാനത്തിനും യോജിച്ചവണ്ണം അനന്തതയുമായി മനുഷ്യൻ സ്ഥാപിക്കുന്ന ബന്ധമാകുന്നു മതം. സ്വജീവിതത്തെ ആ അനന്തതയുമായി ബന്ധിപ്പിച്ചു തന്റെ പ്രവൃത്തിയെ നിയന്ത്രിക്കാനുള്ള നിർദ്ദേശവും മതം നല്കുന്നുണ്ട്.

## IV

മതം ഇല്ലാതെ മനുഷ്യർ ജീവിച്ചിരുന്ന ഒരു കാലമോ ദേശമോ ഇല്ല. എന്നാൽ ഇന്നത്തെ പണ്ഡിതന്മാർ പറയുന്നതു് അതെല്ലാം അവർ മാററിക്കഴിഞ്ഞുവെന്നാണ്. മതം ഇല്ലാതെ നമുക്കു ജീവിക്കാമെന്നും, അങ്ങനെ ജീവിക്കണമെന്നും അവർ പറയുന്നു. എങ്കിലും മുമ്പിലത്തെപ്പോലെത്തന്നെ ഇന്നും മതം മനുഷ്യവർഗ്ഗത്തിന്റെ ഹൃദയവും പ്രചോദനകേന്ദ്രവുമായി നിലനില്ക്കുന്നു. ഹൃദയമില്ലെങ്കിലെന്നപോലെമതമില്ലെങ്കിലുംമനുഷ്യനു ജീവിക്കാൻ സാദ്ധ്യമല്ല. വിവിധമതങ്ങൾ ഉണ്ടായിട്ടുണ്ടു്; നിലവിലിരിക്കുകയും ചെയ്യുന്നു. എന്തെന്നാൽ ഓരോ ജാതിയുടേയും സംസ്കാരപുരോഗതിയനുസരിച്ചു് അനന്തതയോടോ ദേവന്മാരോടോ മനുഷ്യനുള്ള ബന്ധത്തിന്റെ ആവിഷ്കരണം ദേശകാലഭേദങ്ങൾ അനുസരിച്ചു മാറുന്നതാണ്. എങ്കിലും മനുഷ്യക്കു വിവേകബുദ്ധി ഉദിച്ച കാലംതൊട്ടു് അവർ മതം കൂടാതെ ജീവിച്ചിട്ടില്ല. ജീവിക്കാൻ സാധിക്കയുമില്ല. മതം, നിലവിലിരുന്ന ജീവിതത്തിൽനിന്നും പിന്നോക്കമായിത്തീർന്നിട്ടുള്ള ഘട്ടങ്ങളുണ്ടു്; അപ്പോഴെല്ലാം ജീവിതത്തെ നിയന്ത്രിക്കാൻ സാധിക്കാത്തവണ്ണം അതു് അധഃപതിച്ചിട്ടുമുണ്ടു്. എന്നാൽ ഈ സ്ഥിതി അല്പകാലത്തേയ്ക്കേ നിലനിന്നിട്ടുള്ളു. സജീവങ്ങളായ സകലതിനേയുംപോലെതന്നെ മതവും ജനിക്കുന്നു, വളരുന്നു, ക്ഷയിക്കുന്നു, മരിക്കുന്നു; വീണ്ടും പുനർരൂപത്തിൽ ഉടലെടുക്കുന്നു. അഭിവൃദ്ധി പ്രാപിച്ച കാലം കഴിഞ്ഞാൽ പിന്നെ വാർദ്ധക്യവും ക്ഷയവും സംഭവിക്കുന്നു.

പിന്നീടും, പുനരുത്ഥാനത്തിൻെറയും കൂടുതൽ അഭിജ്ഞവും സ്പ ഷ്ടവുമായ തത്വസ്ഥാപനത്തിൻെറയും കാലഘട്ടം ആരംഭിക്കുന്നു. എല്ലാ മതങ്ങളിലും ഇപ്രകാരമുള്ള അഭിവൃദ്ധിയും ക്ഷയവും പുന രുത്ഥാനവും സംഭവിച്ചിട്ടുണ്ട്. അതിഗംഭീരമായ ഹിന്ദുമതവും വാർദ്ധക്യത്തെ പ്രാപിച്ച് മൂലതത്വത്തിനു യോജിക്കാത്ത സ്ഥൂല രൂപങ്ങളിലായി മരവിച്ചു കിടന്നപ്പോൾ, ഒരു വശത്ത് ആ മത ത്തിൻെറ നവീകരണവും മറെറാരു വശത്ത് അനന്തതയുമായി മനുഷ്യനുള്ള ബന്ധത്തിൻെറ ധാരണയെ പുരോഗമിപ്പിച്ച ബു ദ്ധമതത്തിൻെറ ഉന്നതോപദേശങ്ങളും ആവിർഭവിച്ചു. ഇപ്രകാ രമുള്ള അധഃപതനം ഗ്രീക്കുകാരുടേയും റോമാക്കാരുടേയും മതങ്ങ ളിലും സംഭവിച്ചിട്ടുണ്ട്. ആ ഗ്ലാനി ഗാഢതമമായപ്പോൾ ക്രിസ്തു മതം പ്രകാശിച്ചു. ബൈസാൻറിയത്തിൽ വിഗ്രഹാരാധനയും ബഹുദേവതാവിശ്വാസവും ആയി ദൂഷിച്ച പള്ളിമതത്തിനും ക്രമേ ണ അധഃപതനം വന്നുചേർന്നു. അധഃപതിച്ചുപോയ ഈ പള്ളി മതത്തെ എതിക്കാൻ ഒരു വശത്തു പാളിക്കിയാമതസമ്പ്രദായവും മറുവശത്തു ത്രിത്വവാദത്തിനും മേരീപൂജയ്ക്കും എതിരായി ഏകേ ശ്വരവാദം മൌലികതത്വമായി സ്വീകരിച്ച ശുദ്ധമഹമ്മദുമതവും ആവിർഭവിച്ചു. മദ്ധ്യയുഗത്തിലെ ക്രിസ്തുമതത്തിനും ഇതുപോലു ള്ള അധഃപതനം സംഭവിച്ചപ്പോൾ നവസംസ്കരണം സഞ്ജാത മായി. അതിനാൽ, ഏതു മതോപദേശത്തിൻേറയും ജീവിത ത്തിലും വികാസത്തിലും ഭൂരിപക്ഷം ജനങ്ങളുടെ മേലുള്ള പ്രഭാ വം ക്ഷയിക്കുന്ന കാലഘട്ടങ്ങൾ നവോത്ഥാനത്തിനു ആവശ്യ മാണ്. ഇതിനു കാരണം, എത്ര സ്ഥൂലമായിരുന്നാലും യഥാർത്ഥ മായ ഏതു മതോപദേശവും എപ്പോഴും മനുഷ്യനും അനന്തതയു മായി ഒരു ബന്ധം സ്ഥാപിക്കുന്നു എന്നതാണ്. ആ ബന്ധം എ ല്ലാ മനുഷ്യർക്കും തുല്യവുമത്രേ. അനന്തതയുമായി സാമ്യപ്പെടുത്തു മ്പോൾ മനുഷ്യൻ നിസ്സാരനാണെന്നുള്ള വസ്തുത സകല മതങ്ങ ളും സ്വീകരിക്കുന്നു. അതുകൊണ്ടു് അവർ ആരാധിക്കുന്ന ഈ

ശ്വരൻെറ സമക്ഷം എല്ലാ മനുഷ്യരും തുല്യരാണെന്നുള്ള തത്വം എല്ലാ മതങ്ങളും വിശ്വസിക്കുന്നു. മിന്നൽ, കാററു്, വൃക്ഷം, മൃഗം, വീരൻ, നാടുനീങ്ങിയ രാജാവു്, റോമിലെപ്പോലെ ജീവിച്ചിരിക്കുന്ന രാജാവു്—ഇങ്ങനെ ഈശ്വരനെ പല പ്രകാരത്തിലും മനുഷ്യർ സങ്കല്പിച്ചിരുന്നുവെങ്കിലും അവയെല്ലാം മനുഷ്യസമത്വത്തിൽ വിശ്വസിച്ചിരുന്നു. ഇപ്രകാരം എല്ലാ മനുഷ്യരും തുല്യരാണെന്നു ഗണിക്കുന്നതു് എല്ലാ മതങ്ങളുടേയും മൂലതത്വമാകുന്നു. എന്നാൽ ഈ മനുഷ്യസമത്വം വാസ്തവികജീവിതത്തിൽ ഒരിക്കലും നിലവിലിരുന്നിട്ടില്ല. ഇപ്പോൾ നിലനില്ക്കുന്നുമില്ല. അതുകൊണ്ടു മനുഷ്യസമത്വം ഉൾക്കൊള്ളുന്ന ഒരു പുതിയ മതം ആവിർഭവിക്കുമ്പോൾ അസമത്വംകൊണ്ടു പ്രയോജനമുള്ളവർ ആ ഉപദേശത്തെത്തന്നെ ദൂഷിപ്പിച്ചു സാരമായ സമത്വതത്വത്തെ മറച്ചുവെയ്ക്കാൻ ശ്രമിക്കുന്നു. ഒരു പുതിയ മതോപദേശം ഉത്ഭവിച്ചിട്ടുള്ള സ്ഥലത്തെല്ലാം ഇപ്രകാരം സംഭവിച്ചിട്ടുണ്ടു്. മിക്കപ്പോഴും മനഃപൂർവ്വമായിട്ടല്ല ഇങ്ങനെ നടന്നിരിക്കുന്നതു്. അസമത്വംകൊണ്ടു പ്രയോജനമുള്ള ഭരണാധികാരികളും ഭരണകർത്താക്കളും ധനവാന്മാരും തങ്ങളുടെ ആഭിജാത്യം നഷ്ടപ്പെടാതിരിക്കാനും നവീനമതത്താൽ അതു സമർത്ഥിക്കപ്പെടാനുംവേണ്ടി അസമത്വം അനുവദിക്കുന്ന ഒരു വ്യാഖ്യാനം ആ ഉപദേശത്തിനു നല്കാൻ സർവ്വപ്രകാരേണയും പ്രയത്നിക്കും. അന്യരുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നതിനെ സാധൂകരിക്കുന്നവിധം, ദൂഷിച്ചുകഴിഞ്ഞ ഒരു മതം സാമാന്യജനങ്ങൾക്കു പകർന്നുകിട്ടുമ്പോൾ തങ്ങളുടെ മേൽ ആധിപത്യം ചെലുത്തുന്ന പ്രാമാണികരെ അനുസരിക്കാനാണു് മതം ആജ്ഞാപിക്കുന്നതെന്നു് അവരും വിചാരിച്ചുപോകുന്നു.

## V

മനുഷ്യപ്രവൃത്തിയെ സൃഷ്ടിക്കുന്നതു മൂന്നു ശക്തികളാണു്—വികാരം, വിവേകം, പ്രേരണ. ഒടുവിലത്തേതിനെ ഭിഷഗ്വരന്മാർ മാസ്മരശക്തിയെന്നു വിളിക്കുന്നു. ചിലപ്പോൾ വികാരത്ത

നധീനനായിട്ടു് മനുഷ്യൻ ആഗ്രഹിക്കുന്നതു ലഭിക്കാൻ യത്നിക്കുന്നു. ചിലപ്പോൾ കൎത്തവ്യം നിൎദ്ദേശിക്കുന്ന വിവേകത്തിന്റെ പ്രചോദനംകൊണ്ടുമാത്രം മനുഷ്യൻ പ്രവൎത്തിക്കുന്നുണ്ടു്. ചിലപ്പോൾ എന്നല്ല, മിക്കപ്പോഴും താനോ മററുള്ളവരോ ഒരു പ്രവൃത്തിചെയ്യാൻ പ്രേരണ നല്കുന്നതുകൊണ്ടു് മനുഷ്യൻ അതു ചെയ്യുന്നു. അറിയാതെതന്നെ പ്രേരണയ്ക്കു കീഴ്പ്പെടുന്നു. സാമാന്യജീവിതത്തിൽ ഈ മൂന്നും മനുഷ്യപ്രവൎത്തനത്തെ ഉണൎത്താൻ പങ്കെടുക്കുന്നു. വികാരം ഒരു പ്രത്യേകപ്രവൃത്തിയിലേയ്ക്കു് അവനെ ആകൎഷിക്കുന്നു. തല്ക്കാലത്തെ സ്ഥിതിഗതികൾ, പൂൎവ്വാനുഭവം, ഭാവിപ്രതീക്ഷ—ഇവയുടെ വെളിച്ചത്തിൽ വിവേകം അതിനെ അനുകൂലിക്കുന്നു. വികാരപ്രബുദ്ധവും വിവേകസമ്മതവുമായ ആ പ്രവൎത്തനം നടത്താൻ 'പ്രേരണ' സഹായിക്കുന്നു. വികാരം ഇല്ലെങ്കിൽ മനുഷ്യൻ യാതൊന്നും പ്രവൎത്തിക്കയില്ല. വിവേകമില്ലെങ്കിൽ തനിക്കും അന്യൎക്കും ഉപദ്രവകരമായ പല പരസ്പരവിരുദ്ധവികാരങ്ങൾക്കും അവൻ കീഴ്പെടും. തന്റെയോ അന്യന്റെയോ പ്രേരണയുടെ അഭാവത്തിൽ ഒരു പ്രവൃത്തി തുടന്നു ചെയ്യാൻ, അതിനു കാരണമായ ആദ്യത്തെ വികാരം തുടൎച്ചയായി അനുഭവിക്കേണ്ടിവരും. ആ വികാരം പ്രയോജനകരമോ എന്നു നോക്കാൻ വിവേകം എപ്പോഴും ജാഗരൂകമായിരിക്കുകയും വേണം. അതുകൊണ്ടു് ഏററവും ലഘുവായ മനുഷ്യപ്രവൎത്തനത്തിനും ഈ മൂന്നു ശക്തികളും അനിവാൎയ്യങ്ങളാണു്. ഒരുവൻ ഒരു സ്ഥലത്തുനിന്നും മറെറാരിടത്തേയ്ക്കു നടക്കുകയാണെങ്കിൽ വികാരം അപ്രകാരം പ്രേരിപ്പിക്കയും, വിവേകം ആ ഉദ്ദേശത്തെ സമൎത്ഥിക്കയും, അതു നിറവേററാൻ മാൎഗ്ഗങ്ങൾ നിൎദ്ദേശിക്കയും ചെയ്തിരിക്കണം. അവന്റെ മാംസപേശികൾ വഴങ്ങുന്നു. നിൎദ്ദേശിച്ച മാൎഗ്ഗത്തിൽക്കൂടി അവൻ പോകയും ചെയ്യുന്നു. അവൻ നടക്കുമ്പോൾ അവന്റെ വികാരത്തിനും വിവേകത്തിനും മററു ജോലി ചെയ്യാൻ അവസരം കിട്ടുന്നു. പ്രേരണയ്ക്കു വശംവദനാകാനുള്ള കഴിവില്ലെ

ങ്കിൽ ഇപ്രകാരം സംഭവിക്കുന്നതല്ല. എല്ലാ മനുഷ്യപ്രവൎത്തനങ്ങളിലും വിശേഷിച്ച സൎവ്വപ്രധാനമായ മതകാര്യത്തിലും ഇപ്രകാരംതന്നെയാണു് നടക്കുന്നതു്. ഈശ്വരനുമായുള്ള ബന്ധം സ്ഥാപിക്കാൻ വികാരം ഉദ്ബോധിപ്പിക്കുന്നു. വിവേകം ആ ബന്ധത്തെ നിൎവ്വചിക്കുന്നു. ആ ബന്ധത്തിൽനിന്നും ഉളവാകുന്ന പ്രവൎത്തനം നടത്താൻ പ്രേരണ സഹായിക്കുന്നു. എന്നാൽ ഇപ്രകാരമെല്ലാം നടക്കുന്നതു മതം ദൂഷിക്കാതിരിക്കുന്നതുവരെയാണു്. ദൂഷിക്കാൻ ആരംഭിച്ചുപോയാൽ പ്രേരണയുടെ പങ്കു കൂടുതൽ പ്രബലമാകയും, വികാരത്തിൻെറയും വിവേകത്തിൻെറയും ശക്തി കുറയുകയും ചെയ്യുന്നു. പ്രേരണയുടെ രീതികൾ എവിടെയും എപ്പോഴും ഒരുപോലെയാണു്. ആദ്യമായി പ്രേരണക്കു മനുഷ്യൻ അത്യധികം വശംവദനാകുന്ന ജനനം, മരണം, വിവാഹം മുതലായ അവസരങ്ങൾ നോക്കി പ്രയോജനപ്പെടുത്തുക; കൊത്തുപണി, ചിത്രമെഴുത്തു്, സംഗീതം, നാടകാഭിനയം മുതലായ കലകൾകൊണ്ടു് ആകൎഷിക്കുക; ഇങ്ങനെ വശംവദനായി സ്വീകരിക്കാൻ തയ്യാറാകുമ്പോൾ പ്രേരിപ്പിക്കാൻ ഉദ്ദേശിക്കുന്നതു മനസ്സിൽ പ്രവേശിപ്പിക്കുക, ഈ അവസ്ഥ മാസ്മരാവസ്ഥയിലിരിക്കുന്നതിനു തുല്യമാണു്.

പ്രാചീനമതങ്ങളിലെല്ലാം ഈ അധഃപതനക്രമം കാണുന്നുണ്ടു്. ഉൽകൃഷ്ടമായ ഹിന്ദുമതം, സംഗീതം ധൂപം മുതലായവയോടുകൂടി ക്ഷേത്രങ്ങളിലെ സ്ഥൂലമായ വിഗ്രഹാരാധനയായി ദൂഷിച്ചു. പ്രവാചകന്മാർ പ്രചരിപ്പിച്ച പ്രാചീനഹീബ്രൂമതം ആഡംബരപൂൎണ്ണമായ ഗാനങ്ങൾ, ഘോഷയാത്രകൾ മുതലായവയോടുകൂടി മഹാക്ഷേത്രത്തിലെ ദേവാരാധനയായി മാറി. ശ്രേഷ്ഠമായ ബുദ്ധമതം, വിഹാരങ്ങളുടെയും വിഗ്രഹങ്ങളുടെയും അസംഖ്യം ആഡംബരകൎമ്മങ്ങളുടെയും രംഗമായ ശുദ്ധലാമാമതമായി പരിണമിച്ചു. വിശുദ്ധമായ ടയോമതം ഇന്ദ്രജാലവും മന്ത്രതന്ത്രങ്ങളുമായി കലാശിച്ചു.

മതാധികാരികൾ സ്വന്തം പ്രേരണകൾ സാമാന്യജനങ്ങളിൽ അടിച്ചുകയററാൻ തുടങ്ങുമ്പോഴാണ് ഏതു മതവും ദുഷിക്കുന്നതു്. അവരുടെ വിവേകം ദുർബ്ബലമായി പ്രവൎത്തിക്കുന്ന സ്ഥിതി വരുത്തിയാൽ, പിന്നെ അവരെക്കൊണ്ടു വിശ്വസിപ്പിക്കുവാനാഗ്രഹിക്കുന്നതെല്ലാം അടിച്ചുകയററാൻ മതാദ്ധ്യക്ഷന്മാർ ശ്രമിക്കുകയായി. ഇങ്ങനെ അധഃപതനത്തിൻെറ കാരണങ്ങൾ പുരോഗമിക്കുന്നു. ഒന്നാമതായി, മനുഷ്യനും ദേവനും ഇടക്കു ചില വിശിഷ്ടന്മാരുണ്ടു്. ആ മദ്ധ്യസ്ഥന്മാർമുഖേന വേണം ദേവനുമായി ഇടപെടാൻ. രണ്ടാമതു്, ഈ മദ്ധ്യസ്ഥന്മാർ പറയുന്നതിൻെറ സത്യം തെളിയിക്കാനും ഉറപ്പിക്കാനും നടക്കുന്നതും നടന്നിട്ടുള്ളതുമായ അത്ഭുതകൃത്യങ്ങൾ. മൂന്നാമതു്, ദേവൻെറ അലംഘ്യവും പരിശുദ്ധവും പ്രമാദരഹിതവും ആയ ഇച്ഛയെ പ്രകാശിപ്പിക്കുന്ന വചനങ്ങൾ. ഇവ ഐതിഹ്യാസ്പദങ്ങളോ ഗ്രന്ഥരൂപങ്ങളോ ആയിരിക്കാം. പ്രേരണക്കു വിധേയനായ മനുഷ്യൻ ഈ പ്രമേയങ്ങൾ സ്വീകരിക്കുന്നതോടുകൂടി പ്രസ്തുതമദ്ധ്യസ്ഥന്മാർ പറയുന്നതെല്ലാം പരിശുദ്ധസത്യമായി സ്വീകരിച്ചുതുടങ്ങും. അങ്ങനെ മതം ദുഷിപ്പിക്കുന്നവരുടെ മുഖ്യോദ്ദേശങ്ങൾ—മനുഷ്യസമത്വം ഇല്ലാതാക്കുകയും, അസമത്വം വലുതാക്കുകയും ചെയ്യുക, വൎണ്ണവിഭാഗം സൃഷ്ടിക്കുക, ശ്രേഷ്ഠരും ഇതരരും, മതസ്ഥരും മതബാഹ്യരും, പുണ്യവാന്മാരും, പാപികളും എന്നിങ്ങനെ വിഭജനം നടത്തുക തുടങ്ങിയവ സഫലമാകും. ഇതെല്ലാമാണ് ക്രിസ്തുമതത്തിൽ സംഭവിച്ചിട്ടുള്ളതും സംഭവിക്കുന്നതും. മനുഷ്യർതമ്മിൽ പൂൎണ്ണമായ അസമത്വം സമ്മതിക്കപ്പെട്ടിരിക്കുന്നു. ജനങ്ങൾ, ഉപദേശഗ്രഹണത്തിൻെറ തോതനുസരിച്ചു വൈദികരും ലൗകികരും എന്നുമാത്രമല്ല, സമുദായസ്ഥിതിയനുസരിച്ച് ആധിപത്യമുള്ളവരും ആധിപത്യത്തിനു വഴങ്ങേണ്ടവരും എന്നും വിഭജിക്കപ്പെട്ടിരിക്കുന്നു. രണ്ടാമതു പറഞ്ഞതു പാളിൻെറ ഉപദേശമനുസരിച്ചു ദൈവകല്പനയായും ഗണിക്കപ്പെടുന്നു.

## VI

മററു മതങ്ങളെപ്പോലെ വൈദികരുമവൈദികരും എന്നുമാത്രമല്ല, ധനവാന്മാരും ദരിദ്രരും യജമാനന്മാരും ദാസന്മാരും എന്ന അസമത്വവും സ്പഷ്ടമായും നിശ്ചിതമായും പള്ളിമതം സ്ഥാപിക്കുന്നുണ്ടു്. എന്നാൽ മററുമതങ്ങൾ ദൂഷിക്കാൻ കാരണമാകുന്ന മുഖ്യമാർഗ്ഗങ്ങൾ മുൻകൂട്ടിക്കണ്ടു് അപ്രകാരം വരാതിരിക്കാൻ, സുവിശേഷങ്ങളിൽനിന്നും കിട്ടുന്ന ക്രിസ്തുമതോപദേശം വേണ്ട താക്കീതു നല്കിക്കാണുന്നു. പുരോഹിതവർഗ്ഗം ഉണ്ടാകാതിരിക്കാനായി ഇങ്ങനെ സ്പഷ്ടമായി പറഞ്ഞിരിക്കുന്നു: "ഒരു മനുഷ്യനേയും നിങ്ങളുടെ പിതാവെന്നു വിളിക്കരുതു്. ഗുരുക്കന്മാരെന്നു നിങ്ങൾ സ്വയം അഭിമാനിക്കയുമരുതു്." ഗ്രന്ഥങ്ങൾക്കു പരിശുദ്ധി കല്പിക്കുന്നതിന്നെതിരായി ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: "ആന്തരാർത്ഥമാണു് പ്രധാനം, ശബ്ദാർത്ഥമല്ല. പരമ്പരാഗതമായ ഐതിഹ്യങ്ങളിൽ വിശ്വസിക്കാൻ പാടില്ല. നിയമങ്ങളും പ്രവാചകന്മാരും ഉപദേശിച്ചിട്ടുള്ളതിൻെറ, അതായതു് എല്ലാ മതഗ്രന്ഥങ്ങളുടേയും സാരം—അന്യർ നമ്മോടു ചെയ്യണമെന്നു നാം ആഗ്രഹിക്കുന്നതുപോലെ നാം അന്യരോടു വർത്തിക്കണം എന്നതാണു്." അത്ഭുതസംഭവങ്ങൾക്കെതിരായി യാതൊന്നും പറഞ്ഞിട്ടില്ലെന്നും, ക്രിസ്തു ആശ്ചര്യങ്ങൾ നടത്തിയതായി സുവിശേഷങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടെന്നും ഉള്ളതു വാസ്തവംതന്നെ. എങ്കിലും ക്രിസ്തു പ്രഖ്യാപിച്ച മതത്തിൻെറ പരമാർത്ഥം ആശ്ചര്യകൃത്യങ്ങൾ നടത്തിയതിലല്ല നിലനില്ക്കുന്നതു്; അവയുടെ യഥാർത്ഥമായ മേന്മയിലാണു്. "ദൈവേച്ഛ നിർവ്വഹിക്കാൻ നിശ്ചയിക്കുന്നവനു്, എൻെറ ഉപദേശം ഞാൻ സ്വമേധയാ പറയുന്നതാണോ അഥവാ എന്നിൽക്കൂടി ദൈവം അരുളിച്ചെയ്യുന്നതാണോ എന്നു് അറിയാൻ സാധിക്കും" എന്നു ക്രിസ്തു പറഞ്ഞിട്ടുണ്ടു്. സർവ്വോപരി, മനുഷ്യസമത്വമാണു് ക്രിസ്തുമതം പ്രഖ്യാപിക്കുന്നതു്. ഈ സമത്വം അനന്തതയുമായി മനുഷ്യനുള്ള ബന്ധത്തിൽനിന്നും ഉളവാകുന്ന അനുമാനംമാത്രമല്ല, സകലരും ദൈവപുത്രന്മാരായതുകൊ

ണ്ടു മനുഷ്യരെല്ലാം സഹോദരന്മാരാണെന്നുള്ള മൗലികതത്വത്തിന്റെ സമത്ഥനവും ആണു്.

അതിനാൽ മനുഷ്യസമത്വബോധം നശിപ്പിക്കത്തക്കവിധം ക്രിസ്തുമതത്തെ ദൂഷിപ്പിക്കാൻ സാദ്ധ്യമല്ലെന്നു തോന്നാം. എന്നാൽ കൗശലപ്രവണമായ മനുഷ്യമനസ്സു് അറിയാതെയോ അല്ലം അറിഞ്ഞോ സുവിശേഷങ്ങളിൽ നല്കിയിരിക്കുന്ന താക്കീതുകളേയും, സ്പഷ്ടമായി പ്രഖ്യാപിച്ചിട്ടുള്ള മനുഷ്യസമത്വത്തേയും കാര്യക്ഷമമാക്കാതിരിക്കാൻ ഒരു പുതിയ സൂത്രം കണ്ടുപിടിച്ചു. ചില ഗ്രന്ഥങ്ങൾക്കുമാത്രമല്ല, ഏതാനും ആളുകൾ ചേൎന്നുള്ള പള്ളിയെന്നു വിളിക്കുന്ന സ്ഥാപനത്തിനു പ്രാമാണ്യം കല്പിക്കുക എന്നതായിരുന്നു ഈ സൂത്രം. പള്ളിയിൽനിന്നും നിശ്ചയിക്കുന്നവൎക്കു് ഈ പ്രാമാണ്യം കൈമാററംചെയ്യാൻ അധികാരവും ലഭിച്ചു. സുവിശേഷങ്ങളിൽ ഒരു ഭാഗം പ്രക്ഷിപ്തമായി ചേൎക്കപ്പെട്ടു. ക്രിസ്തു ആകാശത്തേയ്ക്കു് ഉയരാൻ ഭാവിച്ചപ്പോൾ ഏതാനും പേൎക്കു് ഒരു കുത്തക നല്കി. ദിവ്യസത്യം ഉപദേശിക്കാൻമാത്രമല്ല, [സുവിശേഷത്തിലെ പാഠമനുസരിച്ചു്, സുവിശേഷം പ്രചരിപ്പിക്കാനും സൎപ്പം, വിഷം ഇവകൊണ്ടു് ഉപദ്രവിക്കപ്പെടാതിരിക്കാനും ഉള്ള ശക്തിയും നല്കി. "നിങ്ങൾ ലോകത്തു് എവിടെയും പോയി സുവിശേഷം പ്രചരിപ്പിക്കുക. വിശ്വാസികൾക്കു് ഈ സിദ്ധി ലഭിക്കുന്നതാണു്. എന്റെ പേർ പറഞ്ഞു സൎപ്പങ്ങളെ എടുത്താലും, വിഷം കുടിച്ചാലും ഉപദ്രവം ഉണ്ടാകയില്ല"—മാൎക്കിന്റെ സുവിശേഷം 16. 15-18] ആൎക്കെല്ലാം രക്ഷ കിട്ടുമെന്നും ആൎക്കെല്ലാം രക്ഷ കിട്ടുകില്ലെന്നും നിശ്ചയിക്കുന്നതിനുള്ള അധികാരവും ക്രിസ്തു അവൎക്കു കൊടുത്തു. തൽഫലമായി പള്ളി എന്നുള്ള സ്ഥാപനം ഉറച്ചപ്പോൾ, ക്രിസ്തുവിന്റെ ഉപദേശങ്ങളെ ദൂഷിപ്പിക്കാതിരിക്കാൻ സുവിശേഷങ്ങളിൽ കൊടുത്തിരുന്ന താക്കീതുകളെല്ലാം വ്യത്ഥമായി. എന്തെന്നാൽ, യുക്തിക്കും പരിശുദ്ധമെന്നു ഗണിക്കപ്പെടുന്ന ഗ്രന്ഥങ്ങൾക്കും മേലെ

യായിത്തീൻ പള്ളി. യുക്തി എല്ലാ പ്രമാദങ്ങൾക്കും മൂലകാരണമായി ഗണിക്കപ്പെട്ടു. സാമാന്യബുദ്ധി നിർദ്ദേശിച്ചതുപോലല്ല, പള്ളിയിലെ പ്രമാണികൾക്കു യുക്തമെന്നു തോന്നുന്നതുപോലെ സുവിശേഷങ്ങൾ വ്യാഖ്യാനിക്കപ്പെടുകയും ചെയ്തു.

മതം ദൂഷിപ്പിക്കാൻ പണ്ടുതന്നെ പ്രയോഗിച്ചിരുന്ന മൂന്നു മാൎഗ്ഗങ്ങളും—പുരോഹിതവൎഗ്ഗം, അത്ഭുതകൃത്യങ്ങൾ, മതഗ്രന്ഥങ്ങളുടെ അപ്രമാദിത്വം—ക്രിസ്തുമതത്തിൽ ഇങ്ങനെ പൂൎണ്ണപ്രഭാവത്തോടുകൂടി പ്രയോഗിക്കപ്പെട്ടു. ദൈവത്തിനും മനുഷ്യനും ഇടയ്ക്കു മദ്ധ്യസ്ഥന്മാരുണ്ടെന്നു വിശ്വസിക്കപ്പെട്ടു. എന്തെന്നാൽ അപ്രകാരമുള്ള മദ്ധ്യസ്ഥന്മാരുടെ ആവശ്യവും പ്രയോജനവും പള്ളി സമ്മതിച്ചുകൊടുത്തിരുന്നു. ആശ്ചൎയ്യകൃത്യങ്ങൾ സാധുവാണെന്നും സമ്മതിക്കപ്പെട്ടു. എന്തെന്നാൽ ഒരിക്കലും തെററു പററാത്ത പള്ളി അവയ്ക്കു സാക്ഷ്യം വഹിച്ചു. ബൈബിളിൻെറ പ്രാധാന്യം പള്ളി സ്വീകരിച്ചതിനാൽ ആ വിശ്വാസവും സ്വീകൃതമായി.

ഇങ്ങനെ മററു മതങ്ങളെപ്പോലെ ക്രിസ്തുമതവും ദൂഷിച്ചു. ഒരു വ്യത്യാസമേയുള്ളു: ദൈവപുത്രന്മാരായതുകൊണ്ട് എല്ലാ മനുഷ്യരും തുല്യരാണെന്ന മുഖ്യതത്വം സുസ്പഷ്ടമായി ക്രിസ്തുമതം പ്രഖ്യാപിച്ചിരുന്നതിനാൽ, ആ തത്വത്തെ മറയ്ക്കുന്നതിനായി ക്രിസ്തുവിൻെറ ഉപദേശമെല്ലാം വളരെ ശക്തിയായി തകിടംമറിക്കേണ്ടിവന്നു. ക്രിസ്തുമതം പള്ളി എന്ന സ്ഥാപനത്തിൻെറ പേരിൽ ഇതരമതങ്ങളേക്കാൾ കൂടുതലായി ഈ കാൎയ്യം നിറവേററി. ഇങ്ങനെ ദുൎമ്മാൎഗ്ഗപരവും യുക്തിവിരുദ്ധവും ആയി മറെറാരു മതവും ഉപദേശിച്ചിട്ടില്ല എന്ന സ്ഥിതി വന്നു. പഴയ നിയമത്തിൽ പല അസംബന്ധങ്ങളും കാണുന്നു. ഉദാഹരണമായി സൂൎയ്യനു മുമ്പു പ്രകാശം സൃഷ്ടിച്ചതു്, ആറായിരം വൎഷം മുമ്പു ലോകം സൃഷ്ടിക്കപ്പെട്ടതു്, നോഹയുടെ നൗകയിൽ സകലജന്തുക്കളെയും പാൎപ്പിച്ചതു മുതലായവ. ദൈവാജ്ഞയെന്നു പറ

ഞ്ഞു ശിശുക്കളേയും മനുഷ്യജാതിയേയും ആകമാനം കൊന്നൊടുക്കാനുള്ള ശാസനങ്ങൾ തുടങ്ങിയവയും അതിലുണ്ടു്. ശ്രുദ്ധികമ്മത്തെപ്പററി പ്രസ്താവിക്കുമ്പോൾ വോൾട്ടയർ ഇങ്ങനെ പറയുന്നു: "അസംബന്ധങ്ങളായ പല മതവിശ്വാസങ്ങളുമുണ്ടെങ്കിലും, സ്വന്തം ദൈവത്തെ തിന്നുക എന്നതു മതത്തിൻെറ മുഖ്യകമ്മമാണു് എന്നുള്ളതിനേക്കാൾ അസംബന്ധമായിട്ടുള്ള വിശ്വാസം ഇല്ല." അതൊന്നും പ്രത്യേകം പറയേണ്ടതായിട്ടില്ല. എന്നാൽ ദൈവത്തിൻെറ മാതാവു ജനനിയും കുമാരിയുമായിരുന്നുവെന്നും, ആകാശം തുറന്നു് അവിടെനിന്നും ഒരു അശരീരിയുണ്ടായെന്നും ക്രിസ്തു ആകാശത്തിൽ പറന്നുചെന്നു സ്വപിതാവിൻെറ വലതുവശത്തു് എവിടെയോ ചെന്നിരിക്കുന്നുവെന്നും, ദൈവം ഏകവും ത്രികവും ആണെന്നും (ബ്രഹ്മാവു്, വിഷ്ണു, ശിവൻ എന്ന ത്രിമൂത്തികളെപ്പോലെ മൂന്നല്ല, എന്നാൽ ഏകവും ത്രികവും ആണു്) പറയുന്നതിനെക്കാൾ അസംബന്ധമായി എന്താണുള്ളതു്? ആദം ചെയ്ത പാപത്തിന്നു കുപിതനും പ്രതികാരതൽപരനും ആയ ദൈവം എല്ലാ മനുഷ്യരേയും ശിക്ഷിച്ചിരിക്കുന്നുവെന്നും, മനുഷ്യർ ദൈവപുത്രനെ കൊന്നു പാപികളായിത്തീരുമെന്നു മുൻകൂട്ടി അറിഞ്ഞിട്ടു്, അവരെ രക്ഷിക്കാൻ ദൈവം സ്വപുത്രനെ അയച്ചുവെന്നും, പാപവിമോചനത്തിനായി ജ്ഞാനസ്നാനം ചെയ്യണമെന്നും, ഇതെല്ലാം യഥാത്ഥത്തിൽ നടന്നതായി വിശ്വസിക്കണമെന്നും, മനുഷ്യർ രക്ഷപ്പെടുന്നതിനായി ദൈവപുത്രൻ അവരാൽ കൊല്ലപ്പെട്ടുവെന്നും, ഇതൊന്നും വിശ്വസിക്കാത്തവരെ ദൈവം നിത്യനരകയാതന അനുഭവിപ്പിച്ചു ശിക്ഷിക്കുമെന്നും മററുമുള്ള ഭയങ്കരവിശ്വാസങ്ങളേക്കാൾ ദുർമാഗ്ഗപരമായി മററു വല്ലതുമുണ്ടോ?

ഈ മതത്തിൻെറ മുഖ്യസിദ്ധാന്തങ്ങൾക്കു് അനുബന്ധമായി ചിലർ കരുതുന്ന സ്മാരകങ്ങൾ, ദേവമാതാവിൻെറ വിഗ്രഹങ്ങൾ, (ആശ്ചയ്യകൃത്യങ്ങൾ നടത്തുന്നതായി വിചാരിക്കപ്പെടുന്ന

മാതൃവിഗ്രഹങ്ങളെല്ലാം ക്രിസ്തുവിൻെറ ജനനിയായ മേരിയുടെ രൂപങ്ങളാകുന്നു. റഷ്യയിൽ അവയ്ക്കു പലതരം ആശ്ചര്യശക്തികളും ആരോപിക്കപ്പെട്ടിരിക്കുന്നു ) ഓരോരോ ആനുകൂല്യങ്ങൾക്കായി പുണ്യവാളനോടുള്ള പ്രാർത്ഥനകൾ, വരാൻപോകുന്നതെല്ലാം ദൈവം മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ട് എന്നുള്ള പ്രോട്ടസ്റ്റൻറ് മതവിശ്വാസം, ഇവയെ കണക്കാക്കിയില്ലെങ്കിലും എല്ലാവരും സമ്മതിക്കുന്നതും നിസേനയിലെ വിശ്വാസവാചകങ്ങളിൽ രൂപവൽകരിച്ചിട്ടുള്ളതും ആയ ഈ മതത്തിൻെറ മൂലതത്വങ്ങൾ അസംബന്ധവും ദുർമാർഗ്ഗപരവും സദ്വികാരത്തിനും സാമാന്യയുക്തിക്കും വിരുദ്ധവും ആയതുകൊണ്ടു മനുഷ്യക്ക് അവ വിശ്വസിക്കാൻ നിവൃത്തിയില്ല. "ലോകം ആറായിരം വർഷം മുമ്പാണ് സൃഷ്ടിക്കപ്പെട്ടതെന്നു ഞാൻ വിശ്വസിക്കുന്നു," എന്നോ, "ക്രിസ്തു ആകാശത്തിലേയ്ക്കു പറന്നുചെന്നു പിതാവിൻെറ സമീപം ഇരുന്നതായി ഞാൻ വിശ്വസിക്കുന്നു" എന്നോ, "ദൈവം ഒന്നും അതോടൊപ്പം മൂന്നും ആണ്" എന്നോ ചുണ്ടുകൊണ്ട് ഉച്ചരിക്കാമെങ്കിലും ഈ വാക്യങ്ങൾ അർത്ഥശൂന്യമായതുകൊണ്ട് ആക്കും വിശ്വസിക്കാൻ വയ്യ. അതുകൊണ്ട് ഇന്നത്തെ ജനങ്ങൾ ക്രിസ്തുമതത്തിൻെറ ഈ ദുഷിച്ച രൂപം വിശ്വസിക്കുന്നതായി നടിച്ചാലും അവർ വാസ്തവത്തിൽ യാതൊന്നും വിശ്വസിക്കുന്നില്ല. ഇതാണ് ഈ കാലത്തിൻെറ ഒരു പ്രത്യേകത.

## VII

ആധുനികമനുഷ്യർ യാതൊന്നിലും വിശ്വസിക്കുന്നില്ല. എങ്കിലും പാൾ എഴുതിയയച്ചതെന്നു തെററായി വിശ്വസിക്കപ്പെടുന്ന ഹീബ്രുവർഗ്ഗക്കാർക്കായുള്ള എഴുത്തിൽനിന്നും വിശ്വാസത്തെപ്പററി അബദ്ധമായ ഒരു നിർവ്വചനം നല്കി, തങ്ങൾക്കു വിശ്വാസമുള്ളതായി സങ്കല്പിക്കുന്നു. ആ നിർവ്വചനപ്രകാരം വിശ്വാസം "ആശിക്കുന്ന വസ്തുക്കളുടെ ഘടകദ്രവ്യം, കാണാത്ത വ

സ്തുക്കളുടെ തെളിവാകുന്നു.'' (ഹീബ്രൂ 11. 1) വിശ്വാസം ഒരു ഘടകദ്രവ്യമാകയില്ല. എന്തെന്നാൽ അതു് ഒരു മാനസികഭാവമെന്നല്ലാതെ ബാഹ്യപദാർത്ഥമല്ലല്ലോ. വിശ്വാസം, കാണാത്ത വസ്തുക്കളുടെ തെളിവുമല്ല. എന്തെന്നാൽ ആ കത്തിലെ സന്ദർഭമനുസരിച്ചു് അതിൽ സൂചിപ്പിച്ചിരിക്കുന്ന തെളിവു് അന്ധമായി സ്വീകരിക്കുന്ന മനോഭാവമാണു്. ആ ഭാവവും വിശ്വാസവും വ്യത്യസ്തമത്രേ.

വിശ്വാസമെന്നതു് ആശയോ അന്ധമായ സ്വീകരണമോ അല്ല, മനസ്സിൻെറ ഒരു വിശിഷ്ടസ്ഥിതിയത്രേ. ലോകത്തു് ഓരോ മനുഷ്യൻെറയും സ്ഥാനമനുസരിച്ചു് ഇന്നതെല്ലാം ചെയ്യേണ്ടതാണെന്നുള്ള ബോധമാണു് യഥാർത്ഥവിശ്വാസം. റഷ്യൻ പാഠമാലയിൽ പറഞ്ഞിട്ടുള്ളപ്രകാരം ദൃശ്യത്തിലെന്നപോലെ അദൃശ്യത്തിൽ വിശ്വസിച്ചോ പ്രതീക്ഷിച്ചതു കിട്ടുമെന്നാശിച്ചോ അല്ല മനുഷ്യൻ മതവിശ്വാസപ്രകാരം പ്രവർത്തിക്കുന്നതു്. ലോകത്തിൽ തനിക്കുള്ള സ്ഥാനം മതമനുസരിച്ചു നിർണ്ണയിച്ചാണു് അവൻ അപ്രകാരം ചെയ്യുന്നതു്. കൃഷിക്കാരൻ കൃഷിചെയ്യുന്നതും നാവികൻ കടൽയാത്ര ചെയ്യുന്നതും അദൃശ്യത്തിൽ വിശ്വസിച്ചോ തങ്ങളുടെ പ്രവർത്തനത്തിനു പ്രതിഫലം കിട്ടുമെന്നാശിച്ചോ അല്ല, (ആ ആശ ഉണ്ടെങ്കിലും അതല്ല അവനെ പ്രവർത്തിപ്പിക്കുന്നതു്.) അതു തങ്ങളുടെ കർത്തവ്യമെന്നു് അവർ കരുതുന്നതുകൊണ്ടത്രേ. ഒരു മതവിശ്വാസി പ്രത്യേകതരത്തിൽ പ്രവർത്തിക്കുന്നതും അദൃശ്യത്തിൽ വിശ്വസിച്ചോ തൻെറ പ്രവർത്തനത്തിനു പ്രതിഫലം കിട്ടുമെന്നു പ്രതീക്ഷിച്ചോ അല്ല; ലോകത്തിൽ തൻെറ സ്ഥാനം എന്തെന്നു ധരിക്കുന്നതുകൊണ്ടാണു് ആ സ്ഥാനം അനുസരിച്ചു സ്വാഭാവികമായി പ്രവർത്തിക്കുന്നതു്. സമുദായത്തിൽ തൻെറ സ്ഥാനം തൊഴിലാളി, ഉദ്യോഗസ്ഥൻ, കച്ചവടക്കാരൻ എന്നിങ്ങനെ ഏതെങ്കിലും ഒന്നാണെന്നു നിശ്ചയിച്ചാൽ അതിനനുരൂപമായി പ്രവർത്തിക്കേണ്ടതാണെന്നു് അ

വൻ വിചാരിക്കും. അതനുസരിച്ച് പ്രവത്തിക്കയും ചെയ്യും. അതുപോലെ ഏതെങ്കിലും ഒരു വിധത്തിൽ ലോകത്തുള്ള തങ്ങളുടെ സ്ഥാനം നിശ്ചയിച്ചിട്ടുള്ളവർ അതിന്നനുരൂപമായി സ്വാഭാവികമായിത്തന്നെ പണിയെടുക്കുന്നു. (ആ നിശ്ചയം ചിലപ്പോൾ മങ്ങിയ ഒരു ബോധം ആയിരിക്കാം) ഉദാഹരണമായി ദൈവത്തിൻെറ രക്ഷ കിട്ടാൻ അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ളതുപോലെ പ്രവത്തിക്കേണ്ട വിശിഷ്ടജാതിയിലെ അംഗമാണ് താനെന്നു കരുതി, ലോകത്തിൽ സ്വസ്ഥാനം നിശ്ചയിച്ചിട്ടുള്ള ഒരു മനുഷ്യൻ ആ ദൈവാജ്ഞയനുസരിച്ച് പ്രവത്തിക്കുന്നതാണ്. പലേ ജന്മങ്ങളിലായി പലേ രൂപങ്ങളും താൻ ധരിച്ചുകഴിഞ്ഞിട്ടുണ്ടെന്നും, ഇപ്പോഴും ധരിക്കുന്നുവെന്നും, പ്രവൃത്തികളെ അനുസരിച്ചായിരിക്കും നല്ലതോ ചീത്തയോ ആയ തൻെറ ഭാവിയെന്നും നിണ്ണയിച്ചു ജീവിക്കുന്നവൻ അതനുസരിച്ച് ജീവിതം നയിക്കും. അണുക്കളുടെ യാദൃച്ഛികമായ യോഗത്തിൽ ഉളവാകുന്ന ഒരു താൽകാലികബോധംമാത്രമാണ് താനെന്നും ആ ബോധം എന്നെന്നേയ്ക്കുമായി നശിപ്പിക്കപ്പെടേണ്ടതാണെന്നും നിണ്ണയിക്കുന്നവൻെറ ചയ്യയാകട്ടെ, മുൻപറഞ്ഞ രണ്ടു തരത്തിൽനിന്നും ഭിന്നമായിരിക്കും.

ഇവരുടെ ചയ്യ വ്യത്യസ്തമാകുന്നതിനു കാരണം—അവരുടെ സ്ഥാനങ്ങൾ ഭിന്നമായി നിണ്ണയിച്ചതുതന്നെ. ചുരുക്കിപ്പറഞ്ഞാൽ, അവരുടെ വിശ്വാസങ്ങൾ വ്യത്യസ്തങ്ങളാണ്. വിശ്വാസവും മതവും പ്രായേണ ഒന്നുതന്നെ. എന്നാൽ നമ്മിൽനിന്നും ബാഹ്യമായി പ്രദശിപ്പിക്കപ്പെടുന്നതിനെയാണ് മതം എന്നു പറയുന്നത്. വിശ്വാസവും അതുതന്നെയെങ്കിലും മനുഷ്യൻ അത് ഉള്ളിൽ അനുഭവിക്കുന്നതേയുള്ളു. അനന്തമായ ലോകവുമായി തനിക്ക് അനുഭവപ്പെടുന്ന ബന്ധമാകുന്നു വിശ്വാസം. ആ ബന്ധത്തിൽനിന്നും തൻെറ പ്രവൃത്തികളുടെ പ്രവണത സഞ്ജാതമാകുന്നു. അതുകൊണ്ടു യഥാത്ഥമായ വിശ്വാസം യുക്തിവിരുദ്ധമോ

ആധുനികജ്ഞാനവുമായി പൊരുത്തമില്ലാത്തതോ അല്ല. ജനങ്ങൾ സങ്കല്പിക്കുന്നതുപോലെ, അതിൻെറ ലക്ഷണം അതിപ്രാകൃതമോ അപ്രാകൃതമോ അസംബന്ധമോ അല്ല. പള്ളിയിലെ ഒരു അദ്ധ്യക്ഷൻ, "യുക്തിനിബദ്ധമല്ലാത്തതുകൊണ്ടു് അതിൽ ഞാൻ വിശ്വസിക്കുന്നു" എന്നു പറഞ്ഞതു യുക്തമല്ല. യഥാർത്ഥ വിശ്വാസത്തിൻെറ പ്രമേയങ്ങൾ തെളിയിക്കാനാവില്ലെങ്കിൽക്കൂടി യുക്തിവിരുദ്ധമോ വിവേകത്തിനു യോജിക്കാത്തതോ ആയിരിക്കയില്ല. പരസ്പരവിരുദ്ധമെന്നും, യുക്തിശൂന്യമെന്നും തോന്നുന്ന ജീവിതാംശങ്ങൾ അപ്രകാരമൊന്നുമല്ല എന്നു് ആ പ്രമേയങ്ങൾ ധരിപ്പിക്കയും ചെയ്യുന്നു.

ഉദാഹരണമായി ലോകം, മൃഗങ്ങൾ, മനുഷ്യർ തുടങ്ങി എല്ലാത്തിൻെറയും സൃഷ്ടികർത്താവും തൻെറ നിയമങ്ങൾ പരിപാലിക്കുമെങ്കിൽ സ്വജനങ്ങളെ രക്ഷിക്കാമെന്നു് ഏററിട്ടുള്ളവനും നിത്യനും സർവ്വശക്തനുമായ പരമപിതാവിൽ വിശ്വസിച്ചിരുന്ന ഒരു പ്രാചീനഹീബ്രു, യുക്തിവിരുദ്ധമോ ജ്ഞാനവിരുദ്ധമോ ആയ യാതൊന്നും വിശ്വസിച്ചില്ല. നേരേമറിച്ചു് അയാളുടെ വിശ്വാസം, അതിൻെറ അഭാവത്തിൽ പരിഹരിക്കാൻ പാടില്ലാത്ത പല ജീവിതപ്രശ്നങ്ങൾക്കും സമാധാനം നല്കിയിരുന്നു.

തങ്ങളുടെ ആത്മാവു ജന്തുക്കളിൽ കുടികൊണ്ടിരുന്നുവെന്നും, തങ്ങൾ ചെയ്യുന്ന നന്മതിന്മകൾക്കനുസരിച്ചു് ഉച്ചമോ നീചമോ ആയ ജന്മം കിട്ടുമെന്നും വിശ്വസിക്കുന്ന ഹിന്ദുക്കൾക്കു് ആ വിശ്വാസമില്ലാതെ മനസ്സിലാകാത്ത പലതും ആ വിശ്വാസത്തിൻെറ വെളിച്ചത്തിൽ ഗ്രഹിക്കാൻ സാധിക്കുന്നു.

ജീവിതം ദുഃഖകരമെന്നും, ജീവിതോദ്ദേശം തൃഷ്ണാക്ഷയത്താൽ ലഭിക്കുന്ന ശാന്തിയെന്നും വിശ്വസിക്കുന്നവൻെറ സ്ഥിതിയും ഇതുപോലെതന്നെ. യുക്തിവിരുദ്ധമായ യാതൊന്നും അവൻ വിശ്വസിക്കുന്നില്ല. നേരെമറിച്ചു് ആ വിശ്വാസത്തിൻെറ അഭാവത്തിൽ ഉണ്ടാകുന്നതിനെക്കാൾ യുക്തിയുക്തമായ ജീവിതവീക്ഷണം അവനു കിട്ടുന്നു.

ദൈവം സകലമനുഷ്യരുടെയും ആദ്ധ്യാത്മികപിതാവാണെന്നും, ദൈവത്തിന്റെ പുത്രത്വവും മനുഷ്യവർഗ്ഗത്തിന്റെ ഭ്രാതൃത്വവും സ്വീകരിക്കുമ്പോൾ അത്യുച്ചമായ കൃതാർത്ഥത മനുഷ്യനു കിട്ടുമെന്നും വിശ്വസിക്കുന്ന യഥാർത്ഥക്രിസ്ത്യാനിയുടെയും സ്ഥിതി ഇതുപോലെതന്നെയാകുന്നു.

തെളിയിക്കാൻ സാധിക്കയില്ലെങ്കിലും ഈ വിശ്വാസങ്ങളൊന്നും സ്വതേ യുക്തിവിരുദ്ധങ്ങളല്ല. പ്രത്യുത അവകൂടാതെ യുക്തിവിരുദ്ധമെന്നും പരസ്പരവിരുദ്ധമെന്നും തോന്നുന്ന ജീവിതസംഭവങ്ങൾക്കു യുക്തിയുക്തമായ അർത്ഥം നല്കുയും ചെയ്യുന്നു. മാത്രമല്ല, ഈ വിശ്വാസങ്ങൾ ലോകത്തിൽ മനുഷ്യന്റെ സ്ഥാനം നിർദ്ദേശിക്കുന്നതുകൊണ്ടു് അതനുസരിച്ചു പെരുമാറാനും മനുഷ്യനോടു് അവശ്യം ആവശ്യപ്പെടുന്നു. ഒന്നിനും ശരിയായ സമാധാനം നല്കാതെ ജീവിതധാരണയെ കുഴപ്പത്തിലാക്കാൻ സഹായിക്കുന്ന യുക്തിവിരുദ്ധങ്ങളായ പ്രമേയങ്ങളെ അവതരിപ്പിക്കുന്ന മതോപദേശം വിശ്വാസമല്ല; യഥാർത്ഥവിശ്വാസത്തിന്റെ മുഖ്യലക്ഷണമില്ലാത്ത വിശ്വാസാഭാസംമാത്രമാണു്. മനുഷ്യരോടു യാതൊന്നും നിർദ്ദേശിക്കാതെ അവർക്കു വഴങ്ങുന്ന യന്ത്രമായിത്തീർന്നിരിക്കയാണതു്. യഥാർത്ഥവിശ്വാസവും വിശ്വാസാഭാസവും തമ്മിലുള്ള മുഖ്യവ്യത്യാസം ഇതത്രേ. താൻ നല്കുന്ന പ്രാർത്ഥനകൾക്കും, ബലികൾക്കും പകരം, ദൈവം തന്റെ ആഗ്രഹം സഫലമാക്കണമെന്നു വിശ്വാസാഭാസം ദൈവത്തോടു് ആവശ്യപ്പെടുന്നു. യഥാർത്ഥവിശ്വാസത്തിലാകട്ടെ, ദൈവേച്ഛ സഫലമാക്കാൻ, ദൈവത്തെ സേവിക്കാൻ ദൈവം മനുഷ്യനോടു് ആവശ്യപ്പെടുന്നതായി മനുഷ്യനു ബോദ്ധ്യമാകുന്നു.

ഇക്കാലത്തുള്ള ജനങ്ങളിൽ ഈ വിശ്വാസം ഇല്ലാതായിരിക്കുന്നു. ഈ വിശ്വാസം എന്താണെന്നുപോലും അവർ ധരിക്കുന്നില്ല. വിശ്വാസസാരമെന്നു നിർദ്ദേശിക്കപ്പെട്ടതിനെ ചുണ്ടുകൾകൊണ്ടു് ഉരുവിടുന്നതോ പള്ളിമതം പഠിപ്പിക്കുന്നതുപോലെ തങ്ങളു

ടെ ആഗ്രഹങ്ങൾ സഫലമാകാൻ ഉതകുന്ന ചില കമ്മങ്ങൾ നടത്തുന്നതോ ആണ് വിശ്വാസം എന്നു് അവർ ധരിച്ചിരിക്കുന്നു.

## VIII

ഇന്നത്തെ ജനങ്ങൾ യഥാൎത്ഥമതവിശ്വാസം കൂടാതെയാണ് ജീവിക്കുന്നതു്. വിദ്യാസമ്പന്നരും ധനവാന്മാരും ഉൾപ്പെട്ട ന്യൂനപക്ഷം ജനങ്ങൾ പള്ളിമതത്തിൻെറ വ്യാമോഹത്തിൽനിന്നും വിമുക്തരായി ഒന്നിലും വിശ്വസിക്കുന്നില്ല. എല്ലാ മതങ്ങളും, അസംബന്ധങ്ങളെന്നോ, സാമാന്യജനങ്ങളെ അധീനമാക്കാൻ പ്രയോജനപ്പെടുത്താവുന്ന ഉപകരണങ്ങളെന്നോ കരുതുന്നു. അപൂർവ്വം ചിലരൊഴിച്ച ദരിദ്രരും അശിക്ഷിതരും ആയ ഭൂരിപക്ഷം ജനങ്ങൾ ആത്മാൎത്ഥതയുള്ളവരത്രേ. പള്ളിയുടെ മാസ്മരവിദ്യയ്ക്കധീനപ്പെട്ടിരിക്കുന്നതിനാൽ, മതമെന്നു പറഞ്ഞു സമ്മോഹിപ്പിച്ചിരിക്കുന്നതിൽ അവർ വിശ്വസിക്കുന്നു. എന്നാൽ യഥാൎത്ഥത്തിൽ അവൎക്കു നല്കപ്പെടുന്നതു വിശ്വാസമല്ല, ലോകത്തിലുള്ള സ്ഥാനം മനുഷ്യനു സ്പഷ്ടമാക്കിക്കൊടുക്കുന്നതിനു പകരം, കൂടുതൽ അന്ധകാരമയമാക്കുന്ന വിശ്വാസാഭാസമാണ്.

ഈ അവസ്ഥയിൽ, വിശ്വാസവും ആത്മാൎത്ഥതയും ഇല്ലാത്ത ന്യൂനപക്ഷവും മോഹാധീനമായ ഭൂരിപക്ഷവും തമ്മിലുള്ള ബന്ധമാണ് ക്രൈസ്തവം എന്നു വിളിക്കപ്പെടുന്ന നമ്മുടെ ലോകത്തിൻെറ ജീവിതത്തെ രൂപവൽകരിക്കുന്ന ഘടകം. മോഹകാരണങ്ങളായ ഉപകരണങ്ങൾ സ്വാധീനമുള്ള ന്യൂനപക്ഷത്തിൻെറയും, മോഹത്തിനധീനരായിരിക്കുന്ന ഭൂരിപക്ഷത്തിൻെറയും ജീവിതവും ഭരണകൎത്താക്കളുടെ ക്രൂരതയും ദുർമ്മാൎഗ്ഗവും, തൊഴിലാളികളും അമൎത്തപ്പെട്ടവരുമായ മോഹാധീനരുടെ സ്ഥിതിയും ആലോചിക്കുന്തോറും ഭയങ്കരമത്രേ. മതത്തിൻെറ അധഃപതനകാ

ലത്തു് എല്ലാ മതങ്ങളുടെയും പ്രത്യേകിച്ച് ക്രിസ്തുമതത്തിന്റെയും മുഖ്യവൈശിഷ്ട്യമായ മനുഷ്യസമത്വം ഇപ്പോഴത്തെപ്പോലെ മുമ്പൊരിക്കലും അധഃപതിച്ചു് അവഗണിക്കപ്പെട്ടിട്ടില്ല.

മതത്തിന്റെ പൂർണ്ണമായ അഭാവംമാത്രമല്ല, തങ്ങളുടെ പ്രവൃത്തികളുടെ ഫലങ്ങളെ മറയ്ക്കുന്ന ജീവിതത്തിലെ പരിഷ്കൃതമായ കൃത്രിമത്വവും ഇക്കാലത്തു മനുഷ്യർ അന്യോന്യം കാണിക്കുന്ന ക്രൂരതയ്ക്കു് ഒരു മുഖ്യകാരണമാണു്. ആററില്ലാ, ചെങ്കിസ്ഖാൻ തുടങ്ങിയ പ്രസിദ്ധരായ ലോകകണ്ടകന്മാരും അനുയായികളും എത്രതന്നെ ക്രൂരന്മാരായിരുന്നാലും, നേരിട്ടു ജനങ്ങളെ വധിക്കുന്നതിൽ അവർക്കും മടുപ്പു തോന്നിയിരുന്നിരിക്കണം. അത്തരം വികാരങ്ങൾ അവരുടെ ക്രൂരതയെ കുറയ്ക്കാൻ ഇടയാക്കിയിരുന്നു. എന്നാൽ ഇപ്പോൾ നമ്മൾ ജനങ്ങളെ കൊല്ലുന്നതു നേരിട്ടല്ല. നമ്മുടെ ക്രൂരതയുടെ ഫലങ്ങൾ നമ്മിൽനിന്നും അകന്നു മറഞ്ഞു കിടക്കയും ചെയ്യുന്നു. അതിനാൽ നമ്മുടെ ക്രൂരതയെ തടുക്കാൻ യാതൊന്നുമില്ലതന്നെ. ഒരു കൂട്ടം ജനങ്ങൾ മറെറാരു കൂട്ടത്തോടു ചെയ്യുന്ന ക്രൂരത, എപ്പോഴും വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ ഇന്നതു പണ്ടത്തെക്കാൾ എത്രയോ വലിയ തോതിൽ എത്തിയിരിക്കുന്നു.

ധനവാന്മാരായ രോഗികൾ മനുഷ്യരുടെ രക്തത്തിലാണു് കുളിക്കേണ്ടതെന്നു് ഒരു പണ്ഡിതനായ ഡാക്ടർ നിർദ്ദേശിക്കുകയും, ഇക്കാലത്തെ ഒരു വ്യവസായതൽപരൻ ഒരു രക്തക്കുളം നിർമ്മിക്കാൻ നടപടികൾ ആരംഭിക്കുകയും ചെയ്യുന്നെങ്കിൽത്തന്നെ അതിനൊരു തടസ്സവും ആരും ചെയ്കയില്ലെന്നു് എനിക്കു തോന്നുന്നു. ആളുകൾ രക്തം വീഴ്ത്താൻവേണ്ടി, ബലം പ്രയോഗിക്കാതെതന്നെ അപ്രകാരം ചെയ്യാതെ ജീവിച്ചിരിക്കാൻ സാദ്ധ്യമല്ലെന്നുള്ള നില വരുത്തുക; പുരോഹിതന്മാരേയും ശാസ്ത്രജ്ഞരേയും ആ കാര്യനിർവ്വഹണത്തിനായി വിനിയോഗിക്കുക; തോക്കു്, യുദ്ധക്കപ്പൽ, കാരാഗൃഹം, തൂക്കുമരം ഇവയെ ശുദ്ധീകരിക്കുന്നതുപോ

ലെ ഈ കുളവും പുരോഹിതന്മാരെക്കൊണ്ടു ശുദ്ധമാക്കുക; യുദ്ധവും വേശ്യാഗ്രഹവും ആവശ്യമാണെന്നതിനു തെളിവു കണ്ടുപിടിച്ചിട്ടുള്ളതുപോലെ, ഈ കുളത്തിന്റെ ആവശ്യവും സമർത്ഥിക്കുന്നതിനു ശാസ്ത്രജ്ഞന്മാർമുഖേന തെളിവുകൾ കണ്ടുപിടിക്കുക തുടങ്ങിയ നടപടികൾ അവലംബിക്കണമെന്നേയുള്ളൂ.

എല്ലാ മതങ്ങളുടേയും മൂലതത്വം മനുഷ്യസമത്വമത്രേ. അതു് ഇപ്പോൾ, മതത്തിലെ അബദ്ധസിദ്ധാന്തങ്ങളിൽ മറഞ്ഞുകിടക്കുന്നു. ശാസ്ത്രത്തിൽ, ജീവിതമത്സരവും ബലവാന്റെ വിജയവും എന്ന വാദംമുഖേന ജീവിതവ്യവസ്ഥിതിക്കു് അസമത്വം സ്വീകരിക്കപ്പെട്ടിരിക്കുന്നതിനാൽ, ഭരിക്കുന്ന ന്യൂനപക്ഷത്തിന്റെ സൗകര്യത്തിനുവേണ്ടി അസംഖ്യം മനുഷ്യരെ നശിപ്പിക്കുന്നതു് ഏത്രയും സ്വാഭാവികവും ആവശ്യകവുമായ സംഭവമായി ഗണിക്കപ്പെടുന്നു. അങ്ങനെ ജീവനാശം തുടർച്ചയായി നടന്നുകൊണ്ടിരിക്കയാണു്.

പത്തൊൻപതാംശതകത്തിൽ ശാസ്ത്രത്തിനു് ഉണ്ടായിട്ടുള്ള അഭൂതപൂർവ്വവും അത്ഭുതകരവും മഹത്തുമായ അഭിവൃദ്ധിയിൽ വേണ്ടപോലെ അഭിനന്ദിക്കാതെ ഇക്കാലത്തെ ജനങ്ങൾ അമ്പരക്കുകയാണു്. ശാസ്ത്രത്തിനു പ്രകൃതിശക്തികളെ ഇത്രത്തോളം നിയന്ത്രിക്കാൻ മറ്റൊരു ചരിത്രകാലത്തിലും സാധിച്ചിട്ടില്ലെന്നതു നിസ്തർക്കമാണു്. എന്നാൽ മൃഗീയവാസനകളെ നിയന്ത്രിക്കാൻ യാതൊരു കഴിവുമില്ലാതെ, ദുർമ്മാർഗ്ഗജീവിതം നയിച്ചിട്ടുള്ള മറ്റൊരു ജനത ഇന്നത്തെ ലോകത്തിലെപ്പോലെ ഉണ്ടായിരുന്നതായി ചരിത്രത്തിലൊരു ദൃഷ്ടാന്തവുമില്ല. അചേതനവസ്തുക്കളെസ്സംബന്ധിച്ചുള്ള പഠനത്തിന്റെ അഭിവൃദ്ധി പത്തൊമ്പതാംശതകത്തിൽ വളരെമഹത്താണു്. പക്ഷേ, ചെങ്കിസ്ഖാൻ, ആററില്ലാ, നീറോ മുതലായവരുടെ കാലത്തുപോലും ഉണ്ടാകാത്ത സന്മാർഗ്ഗച്യുതിയിലൂടെയാണീ അഭിവൃദ്ധി ഉണ്ടായിട്ടുള്ളതും ഉണ്ടാകുന്നതും.

അയോനിർമ്മിതങ്ങളായ യുദ്ധക്കപ്പലുകൾ, റയിൽപാത, അച്ചടിയന്ത്രം, തുരപ്പുകൾ, സ്വനഗ്രാഹിയന്ത്രങ്ങൾ, റോണ്ട്ജൻ രശ്മികൾ മുതലായവ വളരെ നല്ലതുതന്നെ. എന്നാൽ, റസ്കിൻ പറയുന്നതുപോലെ, സർവ്വോപരി സാമ്യപ്പെടുത്താൻ സാധിക്കാത്തവിധം ഏറ്റവും നല്ലതു മനുഷ്യജീവിതമത്രേ. കപ്പൽ, റയിൽ, തുരപ്പ് മുതലായവയ്ക്കുവേണ്ടി അസംഖ്യം മനുഷ്യർ നിത്യം ബലികഴിക്കപ്പെടുന്നു. ഈ പരിഷ്കാരങ്ങൾ ജീവിതത്തെ സുന്ദരമാക്കുന്നതിനു പകരം വിരൂപപ്പെടുത്തുകയാണ് ചെയ്യുന്നതു്. ഇതിനു സാധാരണയായി പറയുന്ന സമാധാനം ഇപ്പോൾ നടക്കുന്നതുപോലെയുള്ള ജീവഹാനിയെ തടയാൻ യന്ത്രങ്ങൾ കണ്ടുപിടിക്കുന്നുവെന്നും ഇനിയും ക്രമേണ കണ്ടുപിടിക്കപ്പെടുമെന്നുമാണ്. ഈ സമാധാനം ശരിയല്ല. മനുഷ്യരെല്ലാം സഹോദരന്മാരാണെന്നും ഒരുവിധത്തിലും ബലികഴിക്കാനുള്ളതല്ല മനുഷ്യജീവിതം എന്നും (എന്തെന്നാൽ ആ ജീവിതത്തെ പോററുകയാണ് പ്രഥമവും പ്രധാനവുമായ കർത്തവ്യം) ഉള്ളതിനാൽ, മനുഷ്യജീവിതം പരിപാവനമെന്നു കരുതുന്നതുവരെ—അതായതു്, മതപരമായി പരസ്പരം പെരുമാറുന്നതുവരെ—സ്വാർത്ഥത്തിനുവേണ്ടി എപ്പോഴും അന്യജീവികളെ നശിപ്പിച്ചുകൊണ്ടിരിക്കും. ഒരു നൂറു പവൻ ചെലവാക്കിയിട്ടു സ്വാധീനത്തിലുള്ള ചിലരെ ബലികഴിച്ചു നേടാവുന്ന കാര്യത്തിനു് ആയിരം പവൻ ചെലവാക്കാൻ തുനിയുന്ന ബുദ്ധിശൂന്യന്മാർ കാണുകയില്ല. ചിക്കാഗോവിലുള്ള റയിൽപാതയിൽ ജനങ്ങൾ വർഷംതോറും ഏകദേശം ഒരേ തോതിൽ മുതിയടയുന്നുണ്ടു്. ഇപ്രകാരം ജീവഹാനി സംഭവിക്കാതിരിക്കാൻ സഹായിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കാതിരിക്കുന്നതു സ്വഭാവികംതന്നെ. എന്തെന്നാൽ അപ്രകാരമുള്ള യന്ത്രങ്ങളുടെ മുടക്കുമുതലിനു കിട്ടുന്ന പലിശയേക്കാൾ കുറവാണ് അപായപ്പെടുന്നവരുടെ കുടുംബത്തിനു നല്കേണ്ടിവരുന്ന നഷ്ടപരിഹാരം എന്നു് ഉടമസ്ഥന്മാർ തിട്ടപ്പെടുത്തിയിരിക്കുന്നു.

ഇങ്ങനെ തങ്ങളുടെ ലാഭത്തിനുവേണ്ടി മനുഷ്യജീവിതം അപായപ്പെടുത്തുന്നവരെ പൊതുജനാഭിപ്രായംകൊണ്ടു ലജ്ജിപ്പിക്കയോ വേണ്ട യന്ത്രങ്ങൾ ഉണ്ടാക്കാൻ നിർബ്ബന്ധിപ്പിക്കയോ ചെയ്യാവുന്നതാണ്. എന്നാൽ, ജനങ്ങൾ മതവിശ്വാസികളാകാതെയും മനുഷ്യസമക്ഷമല്ലാതെ ഈശ്വരസമക്ഷം കർത്തവ്യം നിർവ്വഹിക്കാതെയും ഇരിക്കുന്നിടത്തോളം കാലം ജനങ്ങളുടെ ജീവിതരക്ഷയ്ക്കായി ഈ യന്ത്രങ്ങൾ ഏർപ്പെടുത്തിയാലും മററു വഴിയിൽക്കൂടി മനുഷ്യരെ ബലികഴിച്ചു ലാഭം നേടാൻ ശ്രമിക്കുന്നതാണ്.

മനുഷ്യരെ ബലികഴിച്ചു പ്രകൃതിയെ ജയിക്കാനും കപ്പലും കാഴ്ചബംഗ്ലാവും മററും നിർമ്മിക്കാനും സുസാദ്ധ്യമാണ്. സ്മാരകങ്ങളായി ഉയർന്നുനില്ക്കുന്ന പിറമിഡുകളെപ്പററി ഈജിപ്തിലെ ഫെറോരാജവംശക്കാർ അഭിമാനിച്ചിരുന്നു. അവയുടെ നിർമ്മാണത്തിൽ കോടിക്കണക്കിനു് അടിമകൾ ബലികഴിക്കപ്പെട്ടു എന്നതിനെ വിസ്മരിച്ചു നാമും ഇന്നു് ആ കാഴ്ച കണ്ടു് ആഹ്ലാദിക്കുന്നു. അതുപോലെ, അവയ്ക്കു വേണ്ടിവരുന്ന ജീവഹാനിയെപ്പററിയറിയാതെ പ്രദർശനശാലകളേയും സമുദ്രാന്തർഭാഗത്തുകൂടിയുള്ള കേബിൾമാർഗ്ഗത്തേയുംകുറിച്ചു നാം അഭിമാനിക്കുന്നു. എന്നാൽ അവയെപ്പററി നാം അഭിമാനിക്കണമെങ്കിൽ അടിമകളെ ഉപയോഗിക്കാതെ സ്വതന്ത്രന്മാരെക്കൊണ്ടു് അവ നടത്തിക്കണം.

ക്രിസ്ത്യൻവർഗ്ഗങ്ങൾ അമേരിക്കയിലെ ആദിമനിവാസികളേയും ഹിന്ദുക്കളേയും ആഫ്രിക്കക്കാരേയും തോല്പിച്ചു കീഴടക്കുകയും ഇപ്പോൾ ചൈനക്കാരേയും അപ്രകാരം കീഴടക്കാൻ ശ്രമിക്കുകയും അതിൽ സ്വയം അഭിമാനിക്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ തോല്പിച്ചു കീഴടക്കിയ വർഗ്ഗങ്ങളെക്കാൾ മതപരമായി മേന്മയുള്ളതുകൊണ്ടല്ല, നേരെമറിച്ചു താഴ്ചയുള്ളതുകൊണ്ടാണ് ക്രിസ്ത്യൻവർഗ്ഗങ്ങൾക്കു് അവരെ കീഴ്പ്പെടുത്താൻ സാധിച്ചതു്. ഹിന്ദുക്കളേയും ചൈനക്കാരേയുംപററി പരിഗണിക്കാതെ, ആഫ്രി

ക്കയിലെ അപരിഷ്കൃതരായ സുളുജാതിക്കാരെപ്പററി ചിന്തിച്ചാൽ പോലും അവരുടെയിടയിലും ചില കമ്മങ്ങളെ വിധിച്ചും മററു ചിലതിനെ നിഷേധിച്ചും ഒരുതരം നിർബ്ബന്ധിതമായ മതനിയമങ്ങൾ ഉണ്ടായിരുന്നു എന്നു കാണാം. എന്നാൽ നമ്മുടെ ക്രൈസ്തവവർഗ്ഗക്കാരുടെ ഇടയിൽ അങ്ങനെയൊന്നുമില്ല. മതത്തിൽ നിന്നും വേർപെട്ടപ്പോഴാണ് റോമക്കാർ ലോകജേതാക്കളായതു്. ക്രൈസ്തവജാതികളുടെ കാര്യത്തിലും കൂടുതൽ തോതിൽ ഇതു തന്നെയാണ് കഥ. മതത്തെ ഉപേക്ഷിച്ച ഒരേ അവസ്ഥതന്നെയാണ് അവർക്കെല്ലാം. അതുകൊണ്ടു് അവരുടെയിടയിൽ പരസ്പരമത്സരം ഉണ്ടെങ്കിലും അവരെല്ലാം യോജിച്ചു് ഒത്തുകൂടി കവച്ചക്കാരുടെ സംഘമായിത്തീർന്നിരിക്കുന്നു. മനസ്സാക്ഷിയെ അല്പവും പീഡിപ്പിക്കാതെ എന്നല്ല സന്തോഷിപ്പിച്ചുപോലും, മോഷണവും കവച്ചയും വ്യക്തിപരമായും കൂട്ടായും നടക്കുന്നു. ഇതൊന്നും അവരുടെ മനസ്സാക്ഷിയെ പീഡിപ്പിക്കുന്നില്ലെന്നു മാത്രമല്ല, ചൈനയിൽ അടുത്തകാലത്തു നടന്നതുപോലെ, വലുതായ സന്തോഷത്തെ ഉളവാക്കുകയും ചെയ്യുന്നുണ്ടു്. ചിലർ യാതൊന്നിലും വിശ്വസിക്കുന്നില്ല; അങ്ങനെ വിശ്വസിക്കാത്തതിൽ അഹങ്കരിക്കുകയും ചെയ്യുന്നു. മററുചിലരാകട്ടെ, ഒരു മതം സാമാന്യജനങ്ങളെ വിശ്വസിപ്പിക്കുന്നതു തങ്ങൾക്കുതന്നെ പ്രയോജനകരമെന്നു കരുതി അങ്ങനെ ചെയ്യിക്കയും മതത്തെ വിശ്വസിക്കുന്നതായി നടിക്കുകയും ചെയ്യുന്നു. മോഹിപ്പിച്ചു തങ്ങളെ വിധേയരാക്കുന്ന പ്രമേയങ്ങളെ ഭൂരിപക്ഷം ജനങ്ങളും മതമെന്നു വിശ്വസിക്കുന്നു. അവിശ്വാസികളായ പ്രഭുക്കന്മാരുടെ മോഹനജാലത്തിൽ പെട്ടു് അവർ ആവശ്യപ്പെടുന്നതെല്ലാം ആലോചനകൂടാതെ സമ്മതിച്ചുകൊടുക്കയും ചെയ്യുന്നു.

ആ പ്രഭുക്കന്മാർ ആവശ്യപ്പെടുന്നതു നീറോ തുടങ്ങിയ ദുർവൃത്തന്മാർ തങ്ങളുടെ ജീവിതത്തിലെ ശൂന്യതയെ എങ്ങനെയെങ്കിലും പരിഹരിക്കാൻ എപ്പോഴും ആവശ്യപ്പെട്ടതുപോലെത

ന്നയാണ്. അതായതു്, അവരുടെ ഭ്രാന്തവും അനാവശ്യകവും ആയ അമിതഭോഗവാസനയെ തൃപ്തിപ്പെടുത്തുക. മനുഷ്യരെ ദാസരാക്കാതെ അമിതഭോഗം അനുഭവിക്കാൻ സാദ്ധ്യമല്ല. അപ്രകാരം ദാസ്യപ്പെടുത്തിയാൽ, അമിതഭോഗവും വദ്ധിക്കും. അമിതഭോഗവദ്ധന ദാസ്യത്തേയും വദ്ധിപ്പിക്കും. ദാരിദ്ര്യവും തണുപ്പും വിശപ്പുംകൊണ്ടു വലയുന്നവർമാത്രമേ ജീവിതം മുഴുവനും യജമാനന്മാക്കു് ആവശ്യമുള്ളതും തങ്ങൾക്കാവശ്യമില്ലാത്തതുമായ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കയുള്ളു.

## IX

ബൈബിളിലെ സൃഷ്ടിപ്രകരണം ആറാമദ്ധ്യായത്തിൽ ഗംഭീരമായ ഒരു ഭാഗമുണ്ടു്. മനുഷ്യക്കു കൊടുത്തിട്ടുള്ള ആത്മാവു തന്നെ സേവിക്കുന്നതിനുപകരം അവരുടെ ആഗ്രഹങ്ങൾ സാധിക്കാൻ പ്രയോഗിക്കുന്നതായി ദൈവം മനസ്സിലാക്കി അത്യന്തം കുപിതനായി, താൻ അവരെ സൃഷ്ടിച്ചതിനെപ്പററി പശ്ചാത്തപിക്കുകയും അവരുടെ പൂണ്ണായുസ്സു നൂററിരുപതു വഷമായി കുറയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു. ബൈബിൾ അനുസരിച്ചു മനുഷ്യായുസ്സിൻെറ കുറച്ചലിനും ദൈവകോപത്തിനും കാരണമായ പ്രവൃത്തികൾതന്നെയാണു് ജനങ്ങൾ ഇപ്പോൾ ചെയ്യുന്നതു്.

വിവേകംതന്നെയാണു് ലോകവുമായി മനുഷ്യനുള്ള ബന്ധത്തെ നിശ്ചയിക്കുന്ന ശക്തി. എല്ലാ മനുഷ്യരും ലോകവുമായി ഒരേ തരത്തിൽ ബന്ധപ്പെട്ടിരിക്കുന്നതിനാൽ ആ ബന്ധത്തെ സ്പഷ്ടമാക്കുന്ന മതം മനുഷ്യരെ യോജിപ്പിക്കേണ്ടതാണു്. അങ്ങനെ മനുഷ്യരെല്ലാം യോജിച്ചിരുന്നാൽ ഭൗതികവും ആദ്ധ്യാത്മികവുമായ പരമശ്രേയസ്സു കൈവരും.

ഏററവും ഉച്ചവും പരിപൂണ്ണവുമായ വിവേകവുമായി സവ്വദാ യോജിക്കുന്ന പരമശ്രേയസ്സിനെ ലക്ഷ്യമാക്കിയാണു് മനുഷ്യ

വൎഗ്ഗം പ്രയത്നിക്കുന്നതു്. ലോകവും, ലോകവാസികളും എന്തെന്നുള്ള ചോദ്യത്തിനു് ഏതു സമുദായത്തിലുൾപ്പെട്ടവരും ഒരേ ഉത്തരം നല്കുന്നതുകൊണ്ടു് എല്ലാ മതങ്ങളും ജനങ്ങളെ യോജിപ്പിക്കയാണു് ചെയ്യുന്നതു്. അങ്ങനെ യോജിപ്പിക്കുന്നതുകൊണ്ടു ശ്രേയഃപ്രാപ്തിയിലേക്കു മനുഷ്യരെ പുരോഗമിപ്പിക്കുന്നു. വിവേകത്തിന്റെ സ്വാഭാവികമായ പ്രവൃത്തി ഈശ്വരനുമായി മനുഷ്യനുള്ള ബന്ധം എന്തെന്നും ആ ബന്ധത്തിനനുരൂപമായി അവൻ പ്രവൎത്തിക്കേണ്ടതു് എങ്ങനെയെന്നും നിൎണ്ണയിക്കയാണു്. അതിനുപകരം വിവേകത്തെ, ദേഹപ്രയോജനം സാധിപ്പിക്കാനും മററു മനുഷ്യരോടും സഹജീവികളോടും കലഹിക്കാനും, ജീവിതോദ്ദേശത്തിനു നേരെ വിപരീതമായി അസാന്മാൎഗ്ഗികജീവിതത്തെ സമൎത്ഥിക്കാനുംവേണ്ടി ഉപയോഗിക്കയാണെങ്കിൽ അനേകം ഭീകരവിപത്തുകൾ നേരിടും; ഭൂരിപക്ഷം ജനങ്ങളും ഇപ്പോൾ ആ വിപത്തുകളിൽ കഷ്ടപ്പെടുകയാണല്ലോ. ആ ഘട്ടം എത്തിയാൽ വിവേകപൂൎവ്വമായ സന്മാൎഗ്ഗജീവിതത്തിലേക്കു തിരിച്ചുപോകാൻ സാധിക്കുന്നതല്ല.

മതമില്ലാതെ ജീവിക്കുന്നവരാണു് ഇക്കാലത്തെ കപടക്രൂസ്ത്യൻജാതികൾ. അവരിൽ പ്രമാണികൾ മതം ആവശ്യമില്ലെന്നും മതമില്ലാതെ ജീവിക്കയാണു് നല്ലതെന്നും അന്യരെ വിശ്വസിപ്പിക്കുന്നു. അങ്ങനെയുള്ളവരെക്കാൾ, സ്ഥൂലമായ മതോപദേശത്താൽ യോജിച്ചിരിക്കുന്ന ക്രൈസ്തവേതരർ സത്യത്തെ കൂടുതൽ ഗ്രഹിച്ചിട്ടുള്ളവരാണു്.

അഭിവൃദ്ധമായ ജ്ഞാനത്തിനും വിവേകത്തിനും വിരുദ്ധമാണു് തങ്ങളുടെ വിശ്വാസം എന്നു മനസ്സിലാക്കുന്നവർ ക്രൈസ്തവേതരരിലുണ്ടു്. അത്തരക്കാരിൽ ചിലർ അവരുടെ ജാതിക്കു കൂടുതൽ യോജിക്കുന്നതും സ്വജനങ്ങൾക്കും സ്വമതസ്ഥൎക്കും സ്വീകാൎയ്യവും ആയ ഒരു പുതിയ മതം നിൎമ്മിക്കയോ അവലംബിക്കയോ ചെയ്യുന്നു. എന്നാൽ നമ്മുടെ ആളുകളിൽ ചിലർ

വിചാരിക്കുന്നതു സാമാന്യജനങ്ങളെ സ്വാധീനമാക്കാൻ ഉതകുന്ന ഒരുപകരണമാണു് മതം എന്നാകുന്നു. മററുചിലർ മതം വെറും അസംബന്ധമെന്നു കരുതുന്നു. ഭൂരിപക്ഷം ജനങ്ങളും മോഹാധീനരായി തങ്ങൾക്കു സ്വന്തവും സത്യവുമായ മതമുണ്ടെന്നു വിശ്വസിക്കുന്നു. ഇവർക്കെല്ലാം പുരോഗമിച്ച സത്യത്തെ സമീപിക്കാൻ സാദ്ധ്യമല്ല.

ഇവർ, ശാരീരികജീവിതത്തെ സംബന്ധിച്ച വിഷയങ്ങളിൽ അഭിവൃദ്ധി പ്രാപിച്ചിരിക്കുന്നതായി അഭിമാനിച്ച തങ്ങളുടെ ജീവിതത്തെ സാധൂകരിക്കുന്നതിനും ചരിത്രകാലത്തെ ഏതു ജനതയെക്കാളും പുരോഗമിച്ചിരിക്കുന്നതായി തെളിയിക്കുന്നതിനും വൃഥാ യുക്തിവാദം നടത്തി അഹങ്കരിക്കുന്നു. മനുഷ്യസമുദായം ഇതുവരെ എത്താത്ത ഒരു ഔന്നത്യത്തിൽ എത്തിയിരിക്കുന്നതായി അഭിമാനിച്ചു് അജ്ഞാനത്തിലും ദുർമ്മാർഗ്ഗത്തിലും ഓരോ അടി പുരോഗമിക്കുന്നതു പരിഷ്കാരപുരോഗതിയായി കണക്കാക്കണമെന്നു് ഇവർ ദൃഢമായി വിശ്വസിക്കുന്നെങ്കിലും, വാസ്തവത്തിൽ അവർ അജ്ഞാനത്തിലും ദുർമ്മാർഗ്ഗത്തിലും മരവിച്ചു കിടക്കുകയാണു്.

## X

കായികവും ആദ്ധ്യാത്മികവുമായ പ്രവർത്തനങ്ങളെ യോജിപ്പിക്കാൻ മനുഷ്യൻ സ്വതേ ആഗ്രഹിക്കുന്നുണ്ടു്. ഏതെങ്കിലും ഒരുവിധത്തിൽ ആ യോജിപ്പിലെത്താതെ അവനു ശാന്തി കൈവരികയില്ല. രണ്ടു ഭിന്നമാർഗ്ഗങ്ങളിൽക്കൂടി ആ യോജിപ്പു വരുത്താവുന്നതാണു്. ഒന്നോ അധികമോ കാര്യങ്ങളുടെ ആവശ്യവും പ്രയോജനവും ഉണ്ടെന്നു വിവേകംകൊണ്ടു നിശ്ചയിച്ചു് അതനുസരിച്ച പ്രവർത്തിക്കുകയാണു് ഒരു മാർഗ്ഗം. വികാരങ്ങളുടെ പ്രേരണയാൽ ചില പ്രവൃത്തികൾ ചെയ്തതിൽപ്പിന്നെ അവയെ സമർത്ഥി

ക്കാൻ യുക്തികളും സമാധാനങ്ങളും കണ്ടുപിടിക്കയാണ് മററൊരു മാൎഗ്ഗം.

ഏതെങ്കിലും ഒരു മതം സ്വീകരിച്ച് അതിന്റെ ശാസനപ്രകാരം കാൎയ്യാകാൎയ്യങ്ങൾ നിൎണ്ണയിക്കുന്നവരാണ്, വിവേകത്തിനു യോജിച്ചവണ്ണം പ്രവൎത്തിക്കുന്ന ആദ്യത്തെ മാൎഗ്ഗം സ്വതേ സ്വീകരിക്കുന്നവർ. രണ്ടാമത്തെ മാൎഗ്ഗം അവലംബിക്കുന്നവൎക്കു സാധാരണയായി മതമോ കൎത്തവ്യനിഷ്ഠയോ പൊതുവായ തോതോ ഇല്ല. അതുകൊണ്ടു വിവേകമനുസരിച്ചല്ല അവർ പ്രവൎത്തിക്കുന്നതു്. വികാരാധീനരായി ചെയ്യുന്ന പ്രവൃത്തികളെ സാധൂകരിപ്പാനാണ് അവരുടെ ശ്രമം.

മതമുള്ള മനുഷ്യൻ തന്റെയും അന്യരുടെയും പ്രവൃത്തികളിലുള്ള ഗുണമോ ദോഷമോ അറിയുന്നു, നന്മയും തിന്മയും വിവേചിക്കുന്നതു് എങ്ങനെയെന്നും ധരിക്കുന്നു. തന്റെയും അന്യരുടെയും പ്രവൃത്തികളിൽ വിവേകവിരുദ്ധമായി വല്ലതും കാണുമ്പോൾ ആ വൈരുദ്ധ്യത്തെ ഇല്ലാതാക്കുന്നതിന്നാവശ്യമായ മാൎഗ്ഗങ്ങൾ കണ്ടുപിടിക്കാൻ തന്റെ ബുദ്ധിയെ പൂൎണ്ണമായും അവൻ ഉപയോഗിക്കുന്നു. മതമില്ലാത്തവനു പ്രവൃത്തിയിൽനിന്നു ലഭിക്കുന്ന സുഖമല്ലാതെ കാൎയ്യാകാൎയ്യവിവേചനത്തിനു യാതൊരു മാനദണ്ഡവുമില്ല. അതുകൊണ്ടു് അത്യന്തം വിഭിന്നങ്ങളും പരസ്പരവിരുദ്ധങ്ങളുമായ വികാരങ്ങൾക്കു് അധീനരായി വൈരുദ്ധ്യങ്ങളിൽ അറിയാതെ ചാടി ഏറെക്കുറെ ദീൎഘവും കുടിലവും അസത്യവുമായ യുക്തിവാദംകൊണ്ടു് ആ വൈരുദ്ധ്യങ്ങളെ പരിഹരിക്കാനോ മറയ്ക്കാനോ ശ്രമിക്കും. അതിനാലാണ് എപ്പോഴും യഥാൎത്ഥമതവിശ്വാസികൾ അവലംബിക്കുന്ന യുക്തി സരളവും അകൃത്രിമവും സത്യവും ആയിരിക്കുന്നതു്. മതമില്ലാത്തവരുടെ മാനസികപ്രവൎത്തനം പ്രത്യേകിച്ചു വക്രവും കുടിലവും കൃത്രിമവും ആയിരിക്കും.

ഏററവും സാമാന്യമായ ഒരു ദൃഷ്ടാന്തം ആലോചിക്കാം. ഒരു ദുർവൃത്തൻ വിവാഹിതനാണെങ്കിൽ ഭാൎയ്യയോടു വിശ്വാസ

പൂൎവ്വം വൎത്തിക്കാതിരിക്കുന്നു; അവിവാഹിതനാണെങ്കിൽ ബ്രഹ്മചൎയ്യത്തെ ലംഘിക്കുന്നു. അവൻ മതവിശ്വാസിയാണെങ്കിൽ, സ്വപ്രവൃത്തി തെററെന്നു മനസ്സിലാക്കി അതിൽനിന്നും രക്ഷപ്പെടുവാൻ വേണ്ട മാൎഗ്ഗം കണ്ടുപിടിക്കുന്നതിനു മുഴുവൻ ബുദ്ധിയും വിനിയോഗിക്കും. ദുർവൃത്തന്മാരുമായുള്ള സംഗം ഉപേക്ഷിക്കാനും തന്റെ കൎത്തവ്യങ്ങൾ വൎദ്ധിപ്പിക്കാനും നിയന്ത്രിതമായ ഒരു ജീവിതം നയിക്കാനും കാമദൃഷ്ടിയോടുകൂടി ഒരു സ്ത്രീയേയും നോക്കാതിരിക്കാനും മററും അവൻ ശ്രമിക്കും. ഇതെല്ലാം ലളിതവും സുബോദ്ധ്യവുമാണ്. എന്നാൽ ഈ ദുർവൃത്തനു മതവിശ്വാസമില്ലെങ്കിൽ, തന്റെ കാമാചരണങ്ങളെ സാധൂകരിക്കാൻ വേണ്ട യുക്തികളെ അവൻ കണ്ടെത്താൻ ശ്രമിക്കും. അപ്പോഴാണ് ആത്മാക്കൾതമ്മിലുള്ള പൊരുത്തം, സൗന്ദൎയ്യം, പ്രേമസ്വാതന്ത്ര്യം തുടങ്ങി അതികുടിലങ്ങളും കൃത്രിമങ്ങളും കൗശലപൂൎണ്ണങ്ങളുമായ വ്യാഖ്യാനങ്ങൾ പുറപ്പെടുന്നതു്. ഇവ കൂടുന്തോറും ആ പ്രശ്നം അന്ധകാരാവൃതമാകയും മൂലസത്യം മറഞ്ഞുപോകയും ചെയ്യുന്നു.

മതമില്ലാത്തവൎക്കു മററു പ്രവൎത്തനരംഗങ്ങളിലും ചിന്താരംഗങ്ങളിലും ഈ അവസ്ഥതന്നെ സംഭവിക്കുന്നു. മൗലികങ്ങളായ വൈരുദ്ധ്യങ്ങളെ മറയ്ക്കുന്നതിനുവേണ്ടി കൃത്രിമവും കുടിലവും ആയ വിപുലഗ്രന്ഥങ്ങൾ കുമ്പാരംകൂട്ടും. അതിനാൽ മനസ്സ് അനാവശ്യമായ നിസ്സാരതകൾകൊണ്ടു നിറയും. പ്രധാനവും സാരവുമായതിൽനിന്നും മനുഷ്യന്റെ ശ്രദ്ധ അകന്ന് അറിയാതെ, നമ്മുടെ ഇന്നത്തെ ലോകം ആണ്ടുപോയ വഞ്ചനയിൽ അകപ്പെട്ടു കിടക്കുകയും ചെയ്യും.

സുവിശേഷം ഘോഷിക്കുന്നു—“മനുഷ്യർ ദുർവൃത്തന്മാരായിരുന്നതിനാൽ വെളിച്ചത്തെക്കാൾ ഇരുട്ടിനെയാണ് സ്നേഹിച്ചതു്. ദുർവൃത്തൻ സ്വദോഷങ്ങളെ പഴിക്കാതിരിക്കാൻ പ്രകാശത്തെ ഇഷ്ടപ്പെടാതിരിക്കുന്നു; വെളിച്ചത്തിങ്കൽ അവൻ വരുകില്ല.”

അതുകൊണ്ടു് ഇന്നത്തെ ജനങ്ങൾ മതാഭാവത്താൽ മൃഗീയവും ദുർമ്മാർഗ്ഗപരവുമായ ജീവിതം വ്യവസ്ഥാപിക്കയും ആ ജീവിതത്തിലെ ദോഷം മറച്ചു് അവരുടെ മനസ്സിൻെറ കുടിലവും വ്യത്ഥവുമായ പ്രവത്തനംകൊണ്ടു്, അനാവശ്യമായ കുഴപ്പത്തിൽ അകപ്പെടുകയും ചെയ്തിരിക്കുന്നു. തന്മൂലം ഭൂരിപക്ഷം ജനങ്ങൾക്കും നന്മതിന്മകളേയും സത്യാസത്യങ്ങളേയും വേർതിരിക്കാനുള്ള കഴിവില്ലാതായിരിക്കുന്നു.

നേരേ സരളമായി ഒരു ചോദ്യത്തേയും അഭിമുഖീകരിക്കാൻ ഇക്കാലത്തെ ജനങ്ങൾക്കു സാദ്ധ്യമല്ല. ധനപരമോ, രാഷ്ട്രപരമോ, സ്വദേശീയമോ, വൈദേശികമോ, ശാസ്ത്രീയമോ, മതപരമോ, ദശ്നാത്മകമോ ആയ ഏതു പ്രശ്നത്തേയും തെററായും കൃത്രിമമായും ഉന്നയിക്കുന്നു. ശബ്ദവും അത്ഥവും തിരിച്ചും മറിച്ചും വാദകോലാഹലങ്ങളിൽ മറച്ചുവെയ്ക്കുന്നു. അതുകൊണ്ടു് ആ ചോദ്യങ്ങളെപ്പററിയുള്ള വാദങ്ങളെല്ലാം ബന്ധമില്ലാതെ ചുററിക്കറങ്ങുകയാണു്. ബന്ധിക്കപ്പെടാത്ത ചക്രങ്ങൾപോലെ അവ നിർമ്മിക്കപ്പെട്ടതിൻെറ ഏകോദ്ദേശത്തെമാത്രം സഫലമാക്കുന്നു. അതായതു്, മനുഷ്യർ ഏതു തിന്മയിൽ ജീവിക്കുന്നുവോ, ഏതു തിന്മ ചെയ്യുന്നുവോ, അതെല്ലാം തന്നിലും അന്യനിലുംനിന്നു മറയ്ക്കാൻ മാത്രം അതു് ഉപകരിക്കുന്നു.

## XI

ശാസ്ത്രീയം എന്നിപ്പോൾ വിളിക്കപ്പെടുന്ന വിവിധജ്ഞാനമണ്ഡലങ്ങളിലെ ഗവേഷണങ്ങളിൽ, മനുഷ്യർ ചെയ്യുന്ന മാനസികപരിശ്രമങ്ങളെ പരാജയപ്പെടുത്തുന്ന ഒരു പ്രവണത കാണുന്നു. സമാധാനം പറയേണ്ട സാരമായ പ്രശ്നത്തെ ഈ ശാസ്ത്രീയഗവേഷണം പുറംതള്ളുന്നു. ക്ലുപ്തമായ ഒരു ഫലവും വരുത്താതെ, പുരോഗമിക്കുന്തോറും, കൂടുതൽ കുഴപ്പം സൃഷ്ടിക്കുന്ന അവാ

ന്തരകാര്യങ്ങളിലാണ് ഈ ഗവേഷണങ്ങൾ ഏപ്പെടുന്നതു്. മതപരമായ ധാരണയനുസരിച്ചു്, ഏതെല്ലാം അഭ്യസിക്കണം, എന്തിനാണതു് അഭ്യസിക്കുന്നതു്, ഏതാദ്യം അഭ്യസിക്കണം, ഏതു പിന്നെ പഠിക്കണം എന്നിങ്ങനെ ഒരു ഉദ്ദേശവുംകൂടാതെ ഗവേഷണവിഷയങ്ങൾ തിരഞ്ഞെടുക്കുന്ന ശാസ്ത്രത്തിന്റെ ഗതി ഇപ്രകാരമേ ആയിരിക്കയുള്ളു. ഉദാഹരണമായി ഇപ്പോൾ പ്രചാരത്തിൽ വന്നിരിക്കുന്ന സമുദായശാസ്ത്രത്തിലും ധനതത്വശാസ്ത്രത്തിലും വാസ്തവത്തിൽ ഒരു പ്രശ്നംമാത്രമേയുള്ളു: "ചിലർ ഒന്നും ചെയ്യുന്നില്ല, മററു ചിലർ അവക്കുവേണ്ടി വേല ചെയ്യുന്നു. ഇതു് എങ്ങിനെ വന്നുചേന്നു? ഇതിനു കാരണം എന്തു്?" (ഒന്നിച്ചു വേലചെയ്യുക എന്നുള്ള ഏററവും ലാഭകരമായ രീതിയെ അനുവത്തിക്കാതെ പരസ്പരം തടസ്സപ്പെടുത്തിക്കൊണ്ടു ജനങ്ങൾ പ്രത്യേകം പ്രവത്തിക്കുന്നതു് എന്തുകൊണ്ടു്? എന്ന ചോദ്യം ആദ്യത്തെ ചോദ്യത്തിൽ ഉൾപ്പെടുന്നതാണു്. എന്തെന്നാൽ അസമത്വമില്ലെങ്കിൽ കലഹവുമില്ല.) ഈ ഒരു പ്രശ്നത്തിനുമാത്രമേ യഥാത്ഥത്തിൽ അവകാശമുള്ളു. എങ്കിലും ശാസ്ത്രം ഈ ചോദ്യം ഉന്നയിച്ചു സമാധാനം പറയാൻ ആലോചിക്കുകപോലും ചെയ്യുന്നില്ല. അതിൽനിന്നും വളരെ അകന്നിരുന്നാണു് ശാസ്ത്രം ചച്ചകൾ ആരംഭിക്കുന്നതു്. ആ മൗലികപ്രശ്നത്തിനു സമാധാനം പറയാനോ, സമാധാനം പറയാൻ ഉതകാനോ വേണ്ട രീതിയിലല്ല ശാസ്ത്രമാഗ്ഗം പ്രവത്തിക്കുന്നതു്. പണ്ടുണ്ടായിരുന്നതോ ഇപ്പോൾ ഉള്ളതോ ആയതിനെക്കുറിച്ചാണു് ശാസ്ത്രചച്ച നടക്കുന്നതു്. ആകാശത്തിലെ നക്ഷത്രഗതിപോലെ കഴിഞ്ഞതും കഴിയുന്നതും, സ്ഥിരവും അപരിവത്തനീയവുമായിട്ടാണു് ഗണിക്കപ്പെടുന്നതു്. മൂല്യം, മൂലധനം, ലാഭം എന്നിത്യാദിസാങ്കേതികപദങ്ങൾ നിമ്മിക്കപ്പെട്ടു് അവയെപ്പററി ഒരു നൂറുവഷമായി പരസ്പരം വാദകോലാഹലങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വാസ്തവത്തിൽ മൗലികപ്രശ്നത്തിനു വളരെ വേഗം ലളിതമായി പരിഹാരം കണ്ടെത്താവുന്നതാണു്. എല്ലാ മനുഷ്യരും, സഹോദരന്മാരും സമന്മാരും ആ

യതുകൊണ്ടു് അന്യർ തന്നോടു് എങ്ങനെ പെരുമാറണമെന്നു താൻ ആഗ്രഹിക്കുന്നുവോ അതുപോലെ അന്യരോടും താൻ പെരുമാറണം. ഇതാണു് പരിഹാരം. തെററായ മതനിയമം മാററി യഥാൎത്ഥമതനിയമം സ്ഥാപിക്കണം. എന്നാൽ പരിഷ്കൃതമായ ക്രൈസ്തവലോകം ഈ പരിഹാരമാൎഗ്ഗത്തെ സമ്മതിക്കാൻ തയ്യാറല്ല എന്നുമാത്രമല്ല, അങ്ങനെയുള്ള പരിഹാരം സാദ്ധ്യമാണെന്ന കാര്യം ജനങ്ങളിൽനിന്നും മറയ്ക്കാൻ ശ്രമിക്കയും ചെയ്യുന്നു. അതിനാൽ ശാസ്ത്രം എന്നു് അവർ വിളിക്കുന്ന അലസവ്യവസായത്തിൽ അവർ ഏൎപ്പെടുന്നു. നിയമശാസ്ത്രവിഷയത്തിലും ഇതേ അവസ്ഥയാണു് കാണുന്നതു്. അതിൽ സാരമായ ഒരു ചോദ്യത്തിനേ അവകാശമുള്ളു. "അന്യരെ ആക്രമിക്കയും അപഹരിക്കയും ബന്ധിക്കയും വധിക്കയും യുദ്ധത്തിനയയ്ക്കുകയും മററും ചെയ്യാൻ ചിലർ സ്വയം അവകാശപ്പെടുന്നതു് എന്തുകൊണ്ടു്?" ആ വിഷയത്തിനു് അനുരൂപമായി മതത്തിൻെറ ദൃഷ്ടിയിലൂടെ പരിഹാരം കാണാൻ എളുപ്പമാണു്. മതപരമായ ദൃഷ്ടിയനുസരിച്ചു്, മനുഷ്യൻ അയൽവാസിയെ ഉപദ്രവിക്കുന്നതു ന്യായമല്ല. അതിനാൽ ഈ ചോദ്യത്തിനും ശരിയായ പരിഹാരം ഒന്നേയുള്ളു. ഉപദ്രവത്തെ അനുവദിക്കുന്ന എല്ലാ അന്ധവിശ്വാസങ്ങളും യുക്ത്യാഭാസങ്ങളും നശിപ്പിക്കയും അങ്ങനെ ഉപദ്രവിക്കാൻ ഇടവരുത്തുന്നവയെ സ്പഷ്ടമായി നിരാകരിക്കുന്ന മതതത്വങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുക എന്നതത്രേ ആ പരിഹാരം.

എന്നാൽ പ്രമാണികൾ ഇങ്ങനെയൊന്നും ചെയ്യാറില്ലെന്നതന്നെയല്ല, അങ്ങനെയുള്ള പരിഹാരത്തിൻെറ സാദ്ധ്യതയും ആവശ്യവും അന്യരിൽനിന്നു മറച്ചുവെയ്ക്കാൻ അവരുടെ ബുദ്ധിശക്തിയെല്ലാം വിനിയോഗിക്കുകകൂടിച്ചെയ്യുന്നു. സിവിൽ, ക്രിമിനൽ, പള്ളി, പോലീസ്, കച്ചവടം മുതലായ പലതിനേയുംപററി അവർ കുന്നുകുന്നായി പുസ്തകങ്ങൾ നിൎമ്മിക്കുന്നു; അവയെ വ്യാഖ്യാനിക്കുന്നു; അവയെപ്പററി വാദപ്രതിവാദങ്ങൾ നടത്തു

ന്നു. പ്രയോജനകരം എന്നു മാത്രമല്ല, അതിപ്രധാനവും ആയ എന്തോ ഒന്നു ചെയ്യുന്നതായി അവർ നിശ്ചയിച്ച കൃതാൎത്ഥത നേടുന്നു. "സ്വതേ സമന്മാരായിട്ടുള്ള മനുഷ്യരുടെയിടയിൽ ചിലർ മററുള്ളവരെ ഉപദ്രവിക്കയും വധിക്കയും മററും ചെയ്യുന്നതു് എന്തുകൊണ്ടാണു്?" എന്ന ചോദ്യത്തിനു് അവർ സമാധാനം പറയുന്നില്ല. അങ്ങനെയൊരു പ്രശ്നം ഉണ്ടെന്നുപോലും അവർ സമ്മതിക്കുന്നില്ല. അവരുടെ അഭിപ്രായപ്രകാരം മനുഷ്യരല്ല, രാഷ്ട്രം എന്നോ മറേറാ പറയുന്ന ഒന്നാണീ ഉപദ്രവങ്ങൾ ചെയ്യുന്നതു്. ഇതുപോലെ ഏതു ശാസ്ത്രത്തിലും ഇന്നത്തെ പണ്ഡിതന്മാർ സാരമായ പ്രശ്നങ്ങളെ പുറന്തള്ളി മൌനം ദീക്ഷിക്കയും മൌലികങ്ങളായ വൈരുദ്ധ്യങ്ങളെ മറയ്ക്കാൻ ശ്രമിക്കയുമാണു് ചെയ്യുന്നതു്.

ചരിത്രത്തിൽ സാരമായ ഒരു ചോദ്യമേയുള്ളു. "മനുഷ്യസമുദായത്തിൽ ഭൂരിപക്ഷവും ജീവിച്ചിരുന്നതു് എങ്ങനെ?" ഇതിനു ശരിയായ സമാധാനം ആ ശാസ്ത്രത്തിൽനിന്നും കിട്ടുകില്ല. ഈ ചോദ്യത്തെ അവഗണിച്ച ലൂയി പതിന്നാലാമന്റെ വയററുവേദനകൾ, ഇംഗ്ലണ്ടിലെ പണ്ടത്തെ രാജ്ഞിയുടേയോ റഷ്യയിലെ ഭയങ്കരനായ ഐവാൻചക്രവത്തിയുടേയോ കൊട്ടംപ്രവൃത്തികൾ, രാജാക്കന്മാരേയും അവരുടെ പ്രേയസികളേയും മന്ത്രിമാരേയും രസിപ്പിക്കാൻ കവികൾ രചിച്ച പദ്യങ്ങൾ, നാടകങ്ങൾ മുതലായവയെപ്പററി ഒരുതരം ചരിത്രകാരന്മാർ പുസ്തകപൎവ്വതങ്ങൾ സൃഷ്ടിക്കുന്നു. മറെറാരുതരം ചരിത്രകാരന്മാർ ജനങ്ങൾ താമസിച്ച സ്ഥലത്തിന്റെ സ്ഥൂലരൂപം, അവരുടെ ജീവിതരീതി, വസ്ത്രധാരണം, കച്ചവടം തുടങ്ങി യഥാൎത്ഥജീവിതവുമായി ബന്ധപ്പെടാത്ത പലതും പറയുന്നുണ്ടു്. എന്നാൽ ഇവയെല്ലാം മതത്തിന്റെ ഫലങ്ങളാണെങ്കിലും ഈ ചരിത്രകാരന്മാർ വിചാരിക്കുന്നതു ജനങ്ങൾ കഴിക്കുന്ന ആഹാരത്തിന്റെയും ധരിക്കുന്ന വസ്ത്രത്തിന്റെയും ഫലമാണു് മതം എന്നത്രേ.

"തൊഴിലാളികൾ എങ്ങനെയാണ് ജീവിച്ചിരുന്നതു്?" എന്ന ചോദ്യത്തിനു് ഒരു ജനതയുടെ ജീവിതത്തിൽ സാരമായിട്ടുള്ളതു മതമാണ് എന്ന വസ്തുത അംഗീകരിക്കാതെ ശരിയായ സമാധാനം കിട്ടുകയില്ല. ആ സമാധാനം ജനങ്ങൾ വിശ്വസിച്ചിരുന്ന മതങ്ങളുടെ പഠനംകൊണ്ടേ കിട്ടൂ. എന്തെന്നാൽ അവരെ ആ സ്ഥിതിയിലെത്തിച്ചതു മതമാണ്.

ജീവശാസ്ത്രപഠനത്തിൽ മനുഷ്യൻെറ സാമാന്യബുദ്ധിയെ അന്ധകാരമയമാക്കേണ്ട ആവശ്യമില്ലെന്നു തോന്നാം. എന്നാൽ സമകാലീനമായ ശാസ്ത്രത്തിൻെറ മനഃസ്ഥിതി അനുസരിച്ചു "ജീവലോകമെന്നാൽ എന്തു്, അതിലെ വകഭേദങ്ങൾ ഏവ?" എന്നും മററുമുള്ള ചോദ്യങ്ങൾക്കു സ്വാഭാവികമായ സമാധാനങ്ങൾ നല്കുന്നതിനുപകരം ജീവലോകം എങ്ങനെ ഉത്ഭവിച്ചു എന്നൊക്കെയുള്ള ഉപയോഗശൂന്യവും കുഴഞ്ഞിയതുമായ വാഗ്വാദജാലത്തിലേയ്ക്കാണ് യാത്ര. (ബൈബിളിൽ കൊടുത്തിരിക്കുന്ന ലോകോത്പത്തിവാദത്തിനു് എതിരായിട്ടാണവരുടെ വാദം.) ആ കാര്യം മനുഷ്യൻ അറിയേണ്ട ആവശ്യമില്ല; മനുഷ്യനു് അറിയാൻ സാദ്ധ്യവുമല്ല. എന്തെന്നാൽ ആ ഉത്ഭവത്തിൻെറ കാരണത്തെപ്പററി നാം എന്തു പറഞ്ഞാലും ആ രഹസ്യം അനന്തമായ ദേശകാലങ്ങളിൽ എന്നും മറഞ്ഞുകിടക്കുകയേ ഉള്ളൂ. എന്നാൽ ആ വിഷയത്തെപ്പററി വാദപ്രതിവാദങ്ങൾ തുടന്നുകൊണ്ടിരിക്കുന്നുണ്ടു്. അതിനെസ്സംബന്ധിച്ചു് അസംഖ്യം ഗ്രന്ഥങ്ങളും പ്രസിദ്ധീകൃതങ്ങളായിരിക്കുന്നു. അവയുടെ ആകെക്കൂടിയുള്ള ഫലം അപ്രതീക്ഷിതമായ ഒന്നാണ്. അതായതു മനുഷ്യൻ അനുസരിക്കേണ്ട ജീവിതനിയമം ജീവിതമത്സരംതന്നെ എന്നതാകുന്നു.

മാത്രമല്ല, മതതത്വോപദേശത്തിൻെറ നിയന്ത്രണമില്ലാത്തതിനാൽ സാങ്കേതികവിജ്ഞാനീയം, വൈദ്യം എന്നുതുടങ്ങിയ പ്രായോഗികശാസ്ത്രങ്ങൾ അവയുടെ ന്യായമായ ഉദ്ദേശത്തിൽനിന്നും മാറി തെററായ മാർഗ്ഗം അവലംബിച്ചിരിക്കുന്നു. അതുകൊണ്ടു

സാങ്കേതികവിജ്ഞാനീയം ജനങ്ങളുടെ പരിശ്രമത്തെ ലാഘവപ്പെടുത്തുന്നതിനുപകരം ധനവാന്മാക്കുമാത്രം ഉതകുന്നതും, അതിനാൽ ദരിദ്രരെ ധനവാന്മാരിൽനിന്നും അകററുന്നതിനു് ഉപകരിക്കുന്നതും ആയ പരിഷ്കാരങ്ങൾ സാധിക്കുന്നതിൽ വ്യാപൃതമായിരിക്കുന്നു. ഈ കണ്ടുപിടിത്തങ്ങളും പരിഷ്കാരങ്ങളുംകൊണ്ടു് അല്പം ചില ആനുകൂല്യങ്ങൾ തൊഴിലാളികൾക്കു ലഭിച്ചിട്ടുണ്ടെങ്കിൽ, അവക്കുവേണ്ടി പ്രവത്തിച്ചതിൻെറ ഫലമായിട്ടല്ല, അവയുടെ സ്വഭാവംകൊണ്ടു് അനിവാര്യമായതിനാൽമാത്രം വന്നുകൂടിയതാണു്.

വൈദ്യശാസ്ത്രത്തിലും ഇതുതന്നെയാണു് കഥ. തെററായ മാഗ്ഗത്തിൽക്കൂടി അത്യധികം പുരോഗമിച്ചതിനാൽ ധനവാന്മാക്കുമാത്രമേ അതു് ഉപകാരമാകു എന്ന ഘട്ടത്തിലെത്തിയിരിക്കുന്നു. വൈദ്യശാസ്ത്രം അതിൻെറ യഥാത്ഥമായ ഉദ്ദേശത്തിൽനിന്നും അകന്നിരിക്കുന്നു എന്നു സ്പഷ്ടമായി കാണിക്കുന്ന സംഗതി ഇതത്രേ. സാമാന്യജനങ്ങൾക്കു് അവരുടെ ജീവിതരീതിയും ദാരിദ്ര്യവുംകൊണ്ടു വൈദ്യശാസ്ത്രം നിർദ്ദേശിക്കുന്ന വ്യവസ്ഥകൾ അനുസരിക്കാൻ നിവൃത്തിയില്ല. അവരുടെ ജീവിതക്രമം നന്നാക്കാനുള്ള പ്രശ്നത്തെപ്പററി ആരും ഗണിക്കുകപോലും ചെയ്യുന്നില്ല.

ഇങ്ങനെ സാരമായ പ്രശ്നങ്ങളിൽനിന്നും ഒഴിയാനും, ആ പ്രശ്നങ്ങളെ തിരിച്ചുമറിക്കാനുമുള്ള ശ്രമം തത്വജ്ഞാനം എന്നു് ഇപ്പോൾ വിളിക്കപ്പെടുന്ന ശാസ്ത്രത്തിലാണു് ഏററവും സ്പഷ്ടമായിക്കാണുന്നതു്. തത്വജ്ഞാനം സമാധാനം പറയേണ്ടതു "ഞാൻ എന്താണു് ചെയ്യേണ്ടതു്?" എന്ന സാരമായ ഒരു പ്രശ്നത്തിനുമാത്രമാണു്. ക്രൈസ്തവജാതികളുടെ തത്വജ്ഞാനത്തിൽ ഈ ചോദ്യത്തിനു് ഉത്തരം നല്കിയിട്ടുണ്ടു്. (അനാവശ്യവും അസ്പഷ്ടവുമായ പലതും സ്പിനോസാ, കാൻറ്, ഷോപ്പൻഹവർ, വിശേഷിച്ചും റുസോ എന്നിവർ പറഞ്ഞിട്ടുള്ളതിൽ കലന്നിട്ടുണ്ടെങ്കിലും

സാരമായ പ്രശ്നത്തിനു സമാധാനവും അവയിൽ കാണുന്നുണ്ടു്.) പക്ഷേ, ഹെഗൽ ഇങ്ങനെ പഠിപ്പിക്കുന്നു:—"ഉള്ളതെല്ലാം യുക്തിയുക്തമാണു്." അതിനാൽ അദ്ദേഹത്തിനുശേഷം "ഞാൻ എന്താണു് ചെയ്യേണ്ടതു്?" എന്ന പ്രശ്നം പുറംതള്ളപ്പെട്ടിരിക്കുന്നു. നിലവിലിരിക്കുന്ന വസ്തുക്കളെപ്പററി അന്വേഷണം നടത്തി മുൻകൂട്ടി തീർച്ചപ്പെടുത്തിയിട്ടുള്ള ഒരു തത്വത്തിനു ചേർത്തക്കവണ്ണം ഘടിപ്പിക്കുന്നതിലാണു് തത്വജ്ഞാനത്തിൻെറ ശ്രദ്ധ പൂർണ്ണമായി പതിഞ്ഞുകാണുന്നതു്. അധഃപതനത്തിൻെറ ആദ്യത്തെ പടി അതായിരുന്നു. മനുഷ്യചിന്തയെ അതിനേക്കാൾ താഴ്ത്തിയ അടുത്ത പടി ജീവിതസമരനിയമം ചെടികളിലും ജന്തുക്കളിലും കാണുന്നതുകൊണ്ടു മനുഷ്യജീവിതത്തിലും അതിനെ മൗലികതത്വമായി സ്വീകരിച്ചതാണു്. ആ വാദത്തിൻെറ അടിസ്ഥാനത്തിൽ, ഏററവും ദുർബ്ബലന്മാരെ നശിപ്പിക്കുന്നതു തടുക്കാൻ പാടില്ലാത്ത നിയമമെന്നു സ്വീകരിക്കപ്പെട്ടു. അർദ്ധോന്മത്തനായ നിച്ചെയുടെ മൗലികതയ്ക്കുള്ള ബാലിശശ്രമങ്ങളിൽനിന്നും ഉളവായ അപൂർണ്ണവും അസംബന്ധവും അസാന്മാർഗ്ഗികവും അടിസ്ഥാനരഹിതവും ആയ ചിന്താശകലങ്ങളെ തത്വജ്ഞാനശാസ്ത്രത്തിൻെറ അന്ത്യവചനമായി പ്രമാണികൾ സ്വീകരിച്ചപ്പോൾ അധഃപതനത്തിൻെറ അവസാനത്തെ പടിയിലും എത്തിച്ചേർന്നു. "നാം എന്തു ചെയ്യണം?" എന്ന പ്രശ്നത്തിനു് ഇപ്പോൾ നല്കുന്ന സ്പഷ്ടമായ ഉപദേശം ഇതാകുന്നു: "മററുള്ളവരുടെ ജീവിതത്തെപ്പററി ലേശവും ഗണിക്കാതെ ഇഷ്ടാനുസരണം ജീവിച്ചുകൊള്ളുക."

നമ്മുടെ ക്രൈസ്തവജനത എത്തിച്ചേർന്നിരിക്കുന്ന മോഹാന്ധതയുടേയും മൃഗീയതയുടേയും ഭീഷണാവസ്ഥയ്ക്കു് അനിഷേധ്യമായ തെളിവു്, നിച്ചേയുടെ പുസ്തകങ്ങൾക്കു കിട്ടിയിരിക്കുന്ന അസാധാരണമായ വിജയംതന്നെയാണു്. (തെക്കേ ആഫ്രിക്കയിലും ചൈനയിലും അടുത്തകാലത്തു ചെയ്തിട്ടുള്ള ദ്രോഹങ്ങളെ

പുരോഹിതന്മാർ ന്യായീകരിച്ചു സമർത്ഥിക്കയും പ്രമാണികൾ നേട്ടങ്ങളായി സ്വീകരിക്കയും ചെയ്തു. അവയെപ്പററി ഞാനിവിടെ പ്രത്യേകിച്ചു പറയുന്നില്ല.) മഹാനാണെന്നു സ്വയം ഭ്രമിച്ചവനും ധീരനെങ്കിലും സീമാബദ്ധനും ആയ ഒരു ജർമ്മൻ എഴുതിയ അസംബന്ധപ്രലാപങ്ങൾമാത്രമാണ് ആ ലേഖനങ്ങൾ. പ്രാഭവം ചെലുത്തുകമാത്രമാണ് അവയിൽ പ്രകടമായിട്ടുള്ള ഉദ്ദേശം. പ്രതിഭാവിലാസംകൊണ്ടോ സത്യബോധംകൊണ്ടോ അവ പൊതുജനശ്രദ്ധയെ അർഹിക്കുന്നില്ല. കാൻറ്, ലബ്നിററ്സ്, ഹ്യൂം തുടങ്ങിയവരുടെ കാലത്തോ അൻപതു വർഷം മുമ്പുപോലുമോ അത്തരം ലേഖനങ്ങൾ ശ്രദ്ധിക്കപ്പെട്ടമായിരുന്നില്ല. എന്നുമാത്രമല്ല, പ്രസിദ്ധപ്പെടുത്തുകകൂടിയില്ലായിരുന്നു. എന്നാൽ നമ്മുടെ ആധുനികകാലത്തിൽ നിച്ചേയുടെ വിഭ്രാന്തമായ പ്രലപനങ്ങളെ ശിക്ഷിതന്മാരെന്നു പറയപ്പെടുന്നവരെല്ലാം അഭിനന്ദിക്കുന്നു. അദ്ദേഹത്തിൻെറ അഭിപ്രായത്തെപ്പററി ചർച്ചകൾ നടത്തുന്നു, വ്യാഖ്യാനങ്ങൾ സൃഷ്ടിക്കുന്നു. പല ഭാഷകളിലേക്കും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കയും ചെയ്തിരിക്കുന്നു. സത്യത്തെ തല കീഴായി പറയുക എന്നൊരുതരം പ്രയോഗം ഉണ്ടെന്നും പ്രതിഭയില്ലെങ്കിലും അന്യരുടെ ശ്രദ്ധയെ ആകർഷിക്കാൻ ഉദ്ദേശിക്കുന്നവർ അത്തരം പ്രയോഗങ്ങൾ കൂടെക്കൂടെ ഉപയോഗിക്കുമെന്നും മഹാസാഹിത്യകാരനായ തുർഗ്ഗനേവ് (Turgenev) സരസമായി പറയുന്നു. വെള്ളം നനവുള്ളതായി എവക്കുമറിയാം. എന്നാൽ വെള്ളം വരണ്ടതാണെന്ന് ഒരുവൻ സധൈര്യം പ്രഖ്യാപിച്ചാൽ അതു ശ്രോതാക്കളെ ആകർഷിക്കുകതന്നെ ചെയ്യും.

രാഗദ്വേഷാദികളെ അടക്കുന്നതും സ്വാർത്ഥത്യാഗം ചെയ്യുന്നതുമാണ് നന്മയെന്നു സകലർക്കും അറിയാം. താൻ ആരുമായി യുദ്ധം ചെയ്യുന്നുവെന്നു നിച്ചെ വിചാരിച്ചിരുന്നുവോ, ആ ക്രിസ്ത്യാനികൾ മാത്രമല്ല, മനുഷ്യസമുദായം ആകെത്തന്നെ സമ്മതിക്കു

ന്ന ശാശ്വതമായ പരമനിയമമാണിതു്. ഹിന്ദുമതം, ബുദ്ധമതം, കൺഫ്യൂഷ്യസ്മതം, പ്രാചീനപേഷ്യൻമതം ഇവയെല്ലാം ഇതു സ്വീകരിക്കുന്നുണ്ടു്. പെട്ടെന്നു് ഒരാൾ വന്നു മനുഷ്യവൎഗ്ഗത്തെ നശിപ്പിക്കുന്നതു സ്വാൎത്ഥത്യാഗവും സ്നേഹവും ക്ഷമയും സമാധാനവുമാണെന്ന തൻെറ കണ്ടുപിടിത്തം പ്രഖ്യാപിക്കുന്നു. (നിച്ചേ മററു മതങ്ങളുടെ കാൎയ്യം വിസ്മരിച്ചു ക്രിസ്തുമതത്തെ ഇങ്ങനെ എതിൎക്കയായിരുന്നു.) ആ പ്രഖ്യാപനം ആരംഭത്തിൽ ജനങ്ങളെ കുഴപ്പത്തിലാക്കിയെന്നതു മനസ്സിലാക്കാവുന്നതാണു്. എന്നാൽ അല്പം ആലോചിച്ചതിൽപ്പിന്നെ അബദ്ധമായ ആ അഭിപ്രായത്തെ അനുകൂലിക്കുന്ന തെളിവുകൾ അദ്ദേഹത്തിൻെറ ലേഖനങ്ങളിൽ കാണാത്തതുകൊണ്ടു്, വിവേകമുള്ള മനുഷ്യൻ അത്തരം പുസ്തകങ്ങളെ നിരാകരിക്കുകയും, ഏതു് അബദ്ധവും പ്രസിദ്ധപ്പെടുത്താൻ ആളുകൾ ഉണ്ടല്ലോ എന്നു് ആശ്ചൎയ്യപ്പെടുകയും ചെയ്യേണ്ടതാണു്. എന്നാൽ നിച്ചേയെ സംബന്ധിച്ചിങ്ങനെയല്ല ചെയ്തുകാണുന്നതു്. അദ്ദേഹത്തിൻെറ 'അതിമാനുഷ'വാദത്തെപ്പററി വിദ്വാന്മാരെന്നു ഗണിക്കപ്പെടുന്നവരിൽ ഏറിയപങ്കും ഗംഭീരമായ ചൎച്ചകൾ നടത്തുന്നു. ഡെക്കാൎട്ടേ, ലെബിനിററ്സ്, കാൻറ് തുടങ്ങിയ മഹാതത്വജ്ഞാനികളുടെ പിൻഗാമിയായി നിച്ചേയെ വാഴ്ത്തുകയും ചെയ്യുന്നു.

ഇക്കാലത്തെ വിദ്വാന്മാരിൽ ഭൂരിപക്ഷവും ഇപ്രകാരം ചെയ്യുന്നതു്, നന്മയേയും അതിൻെറ അടിസ്ഥാനമായ സ്വാൎത്ഥത്യാഗത്തേയും സ്മരിപ്പിക്കുന്നതുപോലും വെറുക്കുന്നതുകൊണ്ടാണു്. അവർ നയിക്കുന്ന മൃഗീയമായ ജീവിതത്തെ ആ സ്മരണ തടുക്കുകയും പഴിക്കയും ചെയ്യുമല്ലോ. എത്ര അബദ്ധവും അസ്പഷ്ടവും അസംബന്ധവുമായി പ്രകാശിപ്പിച്ചാൽപ്പോലും സ്വാൎത്ഥവും ക്രൂരതയും പഠിപ്പിക്കുന്ന മതത്തെ അവർ സ്വാഗതം ചെയ്യുന്നു. അന്യരുടെ ജീവിതത്തെ ബലികഴിച്ചു സ്വസുഖവും സ്വമഹിമയും നേടുന്നതിനെ സമൎത്ഥിക്കുന്ന മതത്തെ ആ വിധത്തിൽ ജീവിക്കുന്ന വിദ്വാന്മാർ അഭിനന്ദിക്കുന്നതു് ആശ്ചൎയ്യമല്ലല്ലോ.

## XII

സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ കൈക്കലാക്കിയെങ്കിലും സ്വയം സ്വർഗ്ഗത്തിൽ പ്രവേശിക്കുകയോ അന്യരെ പ്രവേശിപ്പിക്കുകയോ ചെയ്യാത്ത യഹൂദനിയമവ്യാഖ്യാതാക്കളേയും ബാഹ്യാചാരതൽപരന്മാരേയും ക്രിസ്തു കുററപ്പെടുത്തി.

ഇന്നത്തെ വിദ്വാന്മാരായ ലേഖകന്മാരും അപ്രകാരം തന്നെയാണു് ചെയ്യുന്നതു്. സ്വർഗ്ഗരാജ്യത്തിന്റേതല്ല ജ്ഞാനരാജ്യത്തിന്റെ താക്കോലാണു് അവർ വെച്ചുകൊണ്ടിരിക്കുന്നതെങ്കിലും അവിടെ സ്വയം പ്രവേശിക്കയോ അന്യരെ പ്രവേശിപ്പിക്കയോ ചെയ്യുന്നില്ല.

എല്ലാത്തരത്തിലുമുള്ള വഞ്ചനയും മാസ്മരശക്തിയും ഉപയോഗിച്ചു്, പുരോഹിതന്മാർ പറയുന്നതു മനുഷ്യസമത്വം പ്രഖ്യാപിച്ചു നിലവിലിരിക്കുന്ന ജീവിതവ്യവസ്ഥയെ നശിപ്പിക്കുന്ന ഉപദേശം ക്രിസ്തുമതം നല്കുന്നില്ലെന്നാകുന്നു. പ്രത്യുത, ആ വ്യവസ്ഥയെ അനുകൂലിച്ചു്, നക്ഷത്രങ്ങൾപോലെ മനുഷ്യരും പലതരത്തിൽപ്പെട്ടവരായതുകൊണ്ടു പ്രാമാണികത്വം ദൈവവിഹിതമാണെന്നു മനസ്സിലാക്കാൻ ക്രിസ്തുമതം അനുശാസിക്കുന്നതായും അവർ ജനങ്ങളെ ധരിപ്പിച്ചിരിക്കുന്നു. തൽഫലമായി പീഡിതന്മാർ അവരുടെ സ്ഥിതി ദൈവേച്ഛയെന്നറിഞ്ഞു വിനീതന്മാരായി സമാധാനപൂർവ്വം ഉപദ്രവങ്ങൾ സഹിക്കാൻ പഠിക്കണം. ഉപദ്രവിക്കുന്നവരോ വിനീതരും ശാന്തരുമായിത്തീരാതെ ചക്രവർത്തിത്വം, രാജത്വം, മതാദ്ധ്യക്ഷത്വം മുതലായ സ്ഥാനങ്ങൾ കൈക്കൊണ്ടു മററുള്ളവരെ ശാസിച്ചും ശിക്ഷിച്ചും നന്നാക്കണം. അമിതസുഖഭോഗങ്ങളെല്ലാം അവർക്കുമാത്രമുള്ളതാണു്. ആ സുഖഭോഗങ്ങൾ അവർക്കുണ്ടാക്കിക്കൊടുക്കാൻ മററുള്ളവർ കടപ്പെട്ടിരിക്കുന്നു. ഈ ദുരുപദേശത്തിന്റെ ഫലമായി അതിനെ ബലമായി അനുകൂലിക്കുന്ന ഭരണകർത്താക്കൾക്കു സാമാന്യജനങ്ങളെ ഭ

രിക്കാൻ സാധിക്കുന്നു. അവരുടെ ആലസ്യത്തിന്നും അമിതഭോഗത്തിനും ദുർമാർഗ്ഗചര്യയ്ക്കും വേണ്ടതെല്ലാം കൊടുക്കാൻ സാമാന്യജനങ്ങൾ നിർബ്ബന്ധിതരായുമിരിക്കുന്നു. ഈ മോഹാന്ധ്യത്തിൽനിന്നും സാമാന്യജനങ്ങളെ മോചിപ്പിക്കാൻ കഴിവുള്ളവർ ആ മോഹനിദ്രയിൽനിന്നും ഉണർന്നിട്ടുള്ള ശാസ്ത്രജ്ഞന്മാരത്രേ. എന്നാൽ അപ്രകാരം മോചിപ്പിക്കാൻ ഉദ്ദേശം ഉണ്ടെന്നു പറയുന്നുവെങ്കിലും അവർ അതനുസരിച്ചു പ്രവർത്തിക്കുന്നില്ല. ആ ഉദ്ദേശം സാധിക്കാൻ വേണ്ടതു നടത്തുന്നതിനു പകരം വിപരീതമായി പ്രവർത്തിക്കയും ചെയ്യുന്നു. എന്നാൽ സാമാന്യജനങ്ങളെ സഹായിക്കുന്നതായി അവർ അഭിമാനിക്കുന്നുമുണ്ടു്.

സാമാന്യജനങ്ങളെ അധീനപ്പെടുത്തിയിരിക്കുന്നവർ ഏററവും ഭയപ്പെടുന്നതു് എന്താണെന്നും സാമാന്യജനങ്ങളെ അവർ ഏതു പ്രേരണമൂലം അധീനത്തിൽവെച്ചിരിക്കുന്നുവെന്നും ശാസ്ത്രജ്ഞന്മാർക്കു വേഗം മനസ്സിലാക്കാൻ സാധിക്കും. ആ ശക്തികേന്ദ്രത്തെ നശിപ്പിക്കാൻ വേണ്ടതെല്ലാം ശാസ്ത്രജ്ഞന്മാർക്കു ചെയ്യാവുന്നതുമാണു്. എന്നാൽ അവർ അപ്രകാരം ചെയ്യുന്നില്ല. അങ്ങനെ ചെയ്യുന്നതു തീരെ ഉപയോഗശൂന്യമെന്നു് അവർ കരുതുകയും ചെയ്യുന്നു.

ഈ ശാസ്ത്രജ്ഞന്മാർ വസ്തുതകളെ നേരിടാൻ ആഗ്രഹിക്കുന്നില്ലെന്നു തോന്നുന്നു. ജനങ്ങൾക്കു വേണ്ടി പലതും ഉത്സാഹത്തോടെ ആത്മാർത്ഥമായി അവർ ചെയ്യുന്നുമുണ്ടു്. എന്നാൽ ആദ്യമായി ചെയ്യേണ്ടതു വിസ്മരിച്ചിരിക്കുന്നു. ഒരു റെയിൽവേ എൻജിൻ ഡ്രൈവർ ഉത്തോലകംകൊണ്ടു് അറകളിലേയ്ക്കു് ആവി പ്രവേശിപ്പിച്ചു് എൻജിൻ നടത്തുന്നതിനു പകരം തൻെറ മാംസപേശികൾ ശക്തിയായി പ്രവർത്തിപ്പിക്കുന്നതുപോലെയാണു് ഈ ശാസ്ത്രജ്ഞന്മാരുടേയും പ്രവൃത്തി. ജീവിതത്തെപ്പററി മനുഷ്യനുള്ള മതപരമായ ധാരണയാണു് സാരമായി പ്രവർത്തിക്കുന്ന ശക്തി. ആ ശക്തിയെ ഭരണാധികാരികൾ നിയന്ത്രിക്കു

ന്നു. അതുകൊണ്ടു് അവക്കു സാമാന്യജനങ്ങളെ അധീനപ്പെടു ത്താൻ സാധിക്കുന്നു. അതിനാൽ അവരെ ദാസ്യത്തിൽനിന്നും മോചിപ്പിക്കാൻ ആ ശക്തിയിലാണു് നിഷ്കഷിക്കേണ്ടതു്.

തുക്കിസുൽത്താന്മാർ കാത്തുരക്ഷിക്കുന്നതും ആശ്രയമായി അവലംബിക്കുന്നതും എന്തിനെയാണു്? റഷ്യൻചക്രവത്തി ഒരു നഗരത്തിൽ പ്രവേശിക്കുമ്പോൾ ആദ്യം പരിശുദ്ധന്മാരുടെ വി ഗ്രഹങ്ങളേയോ പുണ്യവാൻെറ സ്മാരകത്തേയോ ചുംബിക്കുന്ന തു് എന്തുകൊണ്ടു്? അത്യന്തം സംസ്കാരസമ്പന്നനെന്നഭിമാനി ക്കുന്ന ജമ്മൻചക്രവത്തി പ്രസംഗങ്ങളിലെല്ലാം സ്ഥാനത്തും അ സ്ഥാനത്തും ദൈവം, ക്രിസ്തു, മതത്തിൻെറ മഹിമ, മുതലായവ യെപ്പററി വാഴ്ത്തുന്നതു് എന്തുകൊണ്ടു്? ഇവരുടെയെല്ലാം ശക്തി സൈന്യബലത്തെ അശ്രയിച്ചിരിക്കുന്നു. സൈന്യം നിലനി ന്നാൽമാത്രമേ അവരുടെ ആധിപത്യം ഉറച്ചുനില്ക്കുകയുള്ളു. സൈന്യം നിലനില്ക്കുന്നതു മതത്തെ ആശ്രയിച്ചാണു്. ധന വാന്മാർ സാധാരണയായി ധാമ്മികരെന്നു നടിച്ചു പള്ളിയിൽ പോകയും ഞായറാഴ്ച ആചരിക്കയും ചെയ്യുന്നു. എന്തെന്നാൽ മതവിശ്വാസനാട്യമാണു് തങ്ങളുടെ പ്രാഭവത്തിനു കാരണം എ ന്നു്, ആത്മരക്ഷയ്ക്കുള്ള സ്വാതസ്സിദ്ധമായ വാസന അവക്കു് അ റിവു നല്കുന്നു.

മതപരമായ നാട്യത്തെ ആശ്രയിച്ചു തങ്ങളുടെ അധികാര ങ്ങൾ എങ്ങനെ പ്രതിഷ്ഠിതമാകുന്നു എന്നതു് അവക്കു പലപ്പോ ഴും അറിഞ്ഞുകൂടാ. എന്നാൽ അവരുടെ ശക്തി എതിനെയാ ണു് ആശ്രയിച്ചിരിക്കുന്നതു് എന്നു് ആത്മരക്ഷാവാസന അവ രെ പഠിപ്പിക്കുന്നു. അതിനെ അവർ ആദ്യമായി കാത്തുരക്ഷി ക്കുന്നു. ചില സീമകൾക്കുള്ളിൽ സമുദായീകരണമോ വിപ്ലവപ രമായ പ്രചരണംപോലുമോ അവർ അനുവദിക്കുന്നു. എന്നാൽ നിലവിലിരിക്കുന്ന മതത്തിൽ സ്പശിക്കാൻപോലും അവർ അനു വദിക്കുന്നില്ല.

ഇന്നത്തെ പ്രമുഖന്മാരേയും സ്വാതന്ത്ര്യവാദികളേയും, സമുദായപരിഷ്കർത്താക്കളേയും, വിപ്ലവകക്ഷിക്കാരേയും, അരാജകഭരണവാദികളേയും ജനങ്ങളുടെ മേൽ പ്രാഭവം ചെലുത്തുന്ന ശക്തിയെന്തെന്നു പഠിപ്പിക്കാൻ ചരിത്രമോ മനശ്ശാസ്ത്രമോ മതിയാകുന്നില്ലെങ്കിൽ മേൽ പ്രസ്താവിച്ച സ്പഷ്ടമായ വസ്തുത ലൗകികസ്ഥിതികളല്ല മതമാണു് ആ പ്രേരകശക്തിയെന്നു് അവരെ ധരിപ്പിക്കാൻ സമർത്ഥമാകുന്നതാണു്.

എന്നാൽ ഇത്രമാത്രം പ്രസ്പഷ്ടമായിരിക്കുന്ന വസ്തുത വിവിധജാതികളുടെ ജീവിതവ്യവസ്ഥകൾ വളരെ സൂക്ഷ്മമായി മനസ്സിലാക്കി ചർച്ചചെയ്യുന്ന ഇന്നത്തെ വിദ്വാന്മാർ കാണുന്നില്ല എന്നതു് ആശ്ചര്യംതന്നെ. ന്യൂനപക്ഷം ജനങ്ങളുടെ ഇടയിൽ തങ്ങളുടെ ആഭിജാത്യം നിലനിർത്താൻവേണ്ടി സാമാന്യജനങ്ങൾ മതപരമായ അജ്ഞാനത്തിൽ ആണ്ടുകിടക്കാൻ അവർ മനഃപൂർവ്വം ഇങ്ങനെ ചെയ്യുകയാണെങ്കിൽ അതു ഭയങ്കരവും ജുഗുപ്സാവഹവുമായ ഒരു വഞ്ചനയാകുന്നു. അത്തരക്കാരെയാണു് കാപട്യവാന്മാരെന്നു ക്രിസ്തു പഴിച്ചതു്. അവരെ മാത്രമേ അദ്ദേഹം പഴിച്ചിട്ടുള്ളു. എന്തെന്നാൽ അവർ മനുഷ്യജീവിതത്തിനു് ആകമാനം വരുത്തിക്കൂട്ടിയതുപോലെയുള്ള ദോഷം മറ്റേതു ദുഷ്ടന്മാരും വരുത്തിയിട്ടില്ല.

അവർ ആത്മാർത്ഥതയുള്ളവരാണെങ്കിൽ അവരുടെ ആശ്ചര്യകരമായ ബുദ്ധിമൗഢ്യത്തിനു കാരണം ഭൂരിപക്ഷം ജനങ്ങളും കപടമായ മതത്തിൽ മോഹാധീനരായി വർത്തിക്കുന്നതുപോലെ, അന്നും ഇന്നും മനുഷ്യരെ പ്രേരിപ്പിക്കുന്ന മഹാശക്തിയായ മതത്തെ ഉപയോഗശൂന്യമെന്നു ധരിച്ചു്, അതിൻെറ സ്ഥാനത്തു പ്രതിഷ്ഠിക്കാമെന്നു കരുതിയിട്ടുള്ള കപടശാസ്ത്രത്തിൻെറ വ്യാമോഹത്തിൽ ആ വിദ്വാന്മാർ ആണ്ടുകിടക്കുന്നതുതന്നെയാണു്.

## XIII

നമ്മുടെ പാശ്ചാത്യലോകത്തെ പണ്ഡിതന്മാരുടെ ഈ വ്യാമോഹമോ വഞ്ചനയോ ആണു് ഈ കാലത്തിന്റെ പ്രത്യേകത. ക്രൈസ്തവജനത സഹിക്കുന്ന ദയനീയമായ വിഷമജീവിതത്തിനും കൂടുതലായി അതിനെ ആമഗ്നമാക്കുന്ന മൃഗീയതയ്ക്കും കാരണം ഇതത്രേ.

സാമാന്യജനങ്ങൾ സ്വീകരിച്ചിരിക്കുന്ന കപടമതവിശ്വാസങ്ങൾ അത്ര പ്രാധാന്യം അർഹിക്കുന്നില്ലെന്നും, ഹ്യൂം, വാൾട്ടയർ, റൂസോ മുതലായവരെപ്പോലെ അവയെ നേരിട്ടു് എതിർക്കേണ്ട ആവശ്യമില്ലെന്നും നമ്മുടെ പാശ്ചാത്യലോകത്തെ പ്രമുഖപണ്ഡിതന്മാർ പറയുന്നുണ്ടു്. അവർ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്ന ശാസ്ത്രം ഒന്നുമാത്രംകൊണ്ടു്—അതായതു്, അസംബന്ധമായ യാദൃച്ഛികജ്ഞാനശകലങ്ങൾകൊണ്ടു്—ഉദ്ദേശം സിദ്ധിക്കുമെന്നും, ഭൂമിയിൽനിന്നും സൂര്യനിലേയ്ക്കു് എത്ര ലക്ഷം മൈൽ ദൂരമുണ്ടെന്നും സൂര്യനിലും നക്ഷത്രങ്ങളിലും എന്തെല്ലാം ലോഹങ്ങൾ ഉണ്ടെന്നും മററും ഗ്രഹിച്ചാൽ മനുഷ്യർ പള്ളിമതവിശ്വാസങ്ങൾ ഉപേക്ഷിക്കാനിടയാകുമെന്നും ഈ പണ്ഡിതന്മാർ വിചാരിക്കുന്നു.

ആത്മാർത്ഥമോ കപടമോ ആയ ഈ ധാരണയാകട്ടെ, യഥാർത്ഥത്തിൽ ഒരു വ്യാമോഹമോ ഭയങ്കരവഞ്ചനയോ ആകുന്നു. അന്യരുടെ കൗശലങ്ങൾക്കു് എളുപ്പത്തിൽ വശഗമാകുന്നതും, ഏററവും കരുതലോടുകൂടി കൈകാര്യം ചെയ്യേണ്ടതുമായ ബാല്യകാലത്തിന്റെ ആദ്യഘട്ടങ്ങളിൽ യുക്തിക്കു ചേരാത്തതും ക്രിസ്തുമതമെന്നു തെററായി വിളിക്കപ്പെടുന്നതുമായ, അബദ്ധങ്ങളും അസാന്മാർഗ്ഗികങ്ങളുമായ, വിശ്വാസങ്ങളാൽ അദ്ധ്യാപകന്മാർ ബാലന്മാരുടെ വിഭ്രാന്തിയുണ്ടാക്കുകയാണു് ചെയ്യുന്നതു്. യുക്തിയുക്തമായ ബുദ്ധിക്കു സ്വീകാര്യമല്ലാത്ത ത്രിത്വവാദം അവർക്കു് ഉപ

ദേശിച്ചുകൊടുക്കുന്നു. മനുഷ്യജാതിയുടെ രക്ഷയ്ക്കുവേണ്ടി മൂന്നു ദൈവങ്ങളിൽ ഒരാൾ ഭൂമിയിൽ അവതരിച്ചതായും ഉയൎത്തെഴുന്നേററു സ്വൎഗ്ഗത്തിൽ പ്രവേശിച്ചതായും ഉപദേശിക്കുന്നു. രണ്ടാമതൊരു വരവിനെ പ്രതീക്ഷിക്കണമെന്നും ഇതൊന്നും വിശ്വസിക്കുന്നില്ലെങ്കിൽ നിത്യനരകശിക്ഷ അനുഭവിക്കണമെന്നും ബാലനെ ഗ്രഹിപ്പിക്കുന്നു. തന്റെ ആഗ്രഹങ്ങൾ സഫലമാകാൻ ദൈവത്തോടു പ്രാൎത്ഥിക്കണമെന്നും മററുമുള്ള ഉപദേശങ്ങൾ നല്കുന്നു. യുക്തിക്കും നിലവിലിരിക്കുന്ന ജ്ഞാനത്തിനും മനസ്സാക്ഷിക്കും യോജിക്കാത്ത ഈ വിശ്വാസങ്ങൾ പ്രേരണാവിധേയമായ ശിശുഹൃദയത്തിൽ മായാത്തവണ്ണം പതിച്ചതിൽപ്പിന്നെ അനിഷേധ്യസത്യങ്ങളെന്നു ധരിപ്പിച്ചു സാത്മീകരിച്ചിട്ടുള്ള വിശ്വാസങ്ങളിലെ പ്രകടമായ വൈരുദ്ധ്യങ്ങൾക്കു കഴിവനുസരിച്ചു പരിഹാരമാൎഗ്ഗം കണ്ടുപിടിക്കാൻ ബാലനെ വിട്ടയയ്ക്കുന്നു. ഈ വൈരുദ്ധ്യങ്ങൾ പരിഹരിക്കാനുള്ള മാൎഗ്ഗം എന്തെന്നു് അവനോടു പറയുന്നില്ല. മതോപദേഷ്ടാക്കൾതന്നെ അവയെ പരിഹരിക്കാൻ ശ്രമിച്ചാലും ആ പരിശ്രമങ്ങൾ കൂടുതൽ കുഴപ്പമുണ്ടാക്കുകയാണു് ചെയ്യുന്നതു്. ഇപ്രകാരം ക്രമേണ യുക്തിയെ വിശ്വസിക്കാൻ പാടില്ലെന്നു സങ്കല്പിക്കാൻ അവനെ പരിശീലിപ്പിക്കുന്നു. (മതോപദേഷ്ടാക്കൾ അങ്ങനെ ബലമായി വാദിക്കുന്നുമുണ്ടു്.) ഏതും സംഭാവ്യമാണെന്നും, നന്മതിന്മകളോ സത്യാസത്യങ്ങളോ തിരിച്ചറിയാൻ മനുഷ്യനു കഴിവില്ലെന്നും, തനിക്കു സൎവ്വപ്രധാനമായ കൎത്തവ്യങ്ങളിൽപ്പോലും സ്വന്തം യുക്തിയെ അവലംബിക്കയല്ല അന്യർ പറയുന്നതു് അനുസരിക്കയാണു് വേണ്ടതെന്നും ഉപദേശിക്കയും ചെയ്യുന്നു. ഇങ്ങനെയുള്ള ശിക്ഷണം കൊണ്ടു് ആദ്ധ്യാത്മികകാൎയ്യങ്ങളിൽ മനുഷ്യനു ഭയങ്കരമായ മാൎഗ്ഗഭ്രംശം നേരിടുന്നു. പ്രായം കൂടുന്നതോടുകൂടി പുരോഹിതന്മാരുടെ സഹായത്താൽ തുടരെത്തുടരെ അവരിൽ ചെലുത്തുന്ന എല്ലാത്തരം മാസ്മരവിദ്യകൾക്കും ജനങ്ങൾ വിധേയരാകുന്നു.

ശൈശവത്തിലെ ശിക്ഷണവും, യൗവനത്തിലെ പരിതഃസ്ഥിതിയുംകൊണ്ടുണ്ടാകുന്ന മോഹജാലത്തിൽനിന്നും വളരെ പരിശ്രമിച്ചും കഷ്ടപ്പെട്ടും ഒരു ധീരനു രക്ഷപ്പെടാൻ സാധിച്ചാൽത്തന്നെ, തൻെറ യുക്തിയെ വിശ്വസിക്കാൻ പാടില്ല എന്നുള്ള ബാല്യകാലസംസ്കാരംകൊണ്ടുളവായ മാനസികമൗഢ്യചിഹ്നങ്ങൾ നിലനില്ക്കും. ഇതു ഭൗതികലോകത്തിൽ ഒരു ജീവിയിൽ ശക്തിയുള്ള വിഷം കുത്തിവെച്ചാൽ അതിൻെറ ദോഷാംശം മായാതെ കിടക്കുന്നതുപോലെയാണ്. ഈ വ്യാമോഹത്തിൽനിന്നും രക്ഷപ്പെട്ട് ഒഴിഞ്ഞുപോയ ആ കാപട്യബാധയെ വെറുക്കുന്നവൻ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തെ സ്വീകരിച്ച് എല്ലാ മതങ്ങളും മനുഷ്യവർഗ്ഗത്തിൻെറ ഉന്നതിയെ തടസ്സപ്പെടുത്തുന്നുവെന്നു കരുതുന്നതു് ആശ്ചര്യമല്ലല്ലോ. ഈ അഭിപ്രായം സ്വീകരിച്ചുകഴിഞ്ഞാൽ സ്വഗുരുക്കന്മാരെപ്പോലെ അവനും മനസ്സാക്ഷിയില്ലാതെ അനിയന്ത്രിതങ്ങളായ ആഗ്രഹങ്ങൾക്കു വശപ്പെട്ടു ജീവിതം നയിക്കും. ഇതിനു തന്നെ കുററപ്പെടുത്താതെ മനുഷ്യനു് എത്താവുന്ന അത്യുച്ചമായ മാനസികസംസ്കാരത്തിൽ എത്തിയതായി അവൻ അഭിമാനിക്കയും ചെയ്യും.

ധീരന്മാരെപ്പററിയാണീ സംഭാവ്യത. മനോബലം അത്രയില്ലാത്തവക്കു സംശയങ്ങൾ ഉണ്ടായാലും അവർ പരിശീലിച്ചു വളൎന്നിട്ടുള്ള വഞ്ചനയിൽനിന്നും നിശ്ശേഷം അകലുകയില്ല. അവർ അവലംബിച്ചിട്ടുള്ള അന്ധവിശ്വാസങ്ങളെ സാധൂകരിക്കാൻ കൃത്രിമങ്ങളും ധൂമാവൃതങ്ങളുമായ പല ന്യായവാദങ്ങൾ സ്വീകരിക്കയോ നിൎമ്മിക്കയോ ചെയ്യും. സംശയം, അസ്പഷ്ടത, മോടിപിടിച്ച കപടയുക്തി, ആത്മവഞ്ചന മുതലായവ നിറഞ്ഞ അന്തരിക്ഷത്തിൽ താമസിച്ചു സാമാന്യജനങ്ങളെ കുഴക്കാനും അവരുടെ ജ്ഞാനസമ്പാദനത്തെ തടയാനും അവർ സഹകരിക്കും.

ഭൂരിപക്ഷം ജനങ്ങളാകട്ടെ അവരുടെ മേൽ പതിപ്പിച്ചിരിക്കുന്ന മോഹജാലത്തിൽനിന്നും രക്ഷപ്പെടാനുള്ള ശക്തിയോ

സൗകയ്യമോ ലഭിക്കാതെ ഇപ്പോഴത്തെപ്പോലെതന്നെ സവ്വോച്ചശ്രേയസ്സായിരിക്കുന്ന മതപരമായ ജീവിതബോധം ഇല്ലാതെ അവരെ വഞ്ചിക്കുന്ന യജമാനവഗ്ഗത്തിനധീനരായി കഴിഞ്ഞുകൂടും.

ഇത്തരം ഭയങ്കരമായ വഞ്ചനയെ നിസ്സാരമെന്നും നേരിട്ട് എതിക്കേണ്ടതല്ലെന്നും പ്രമാണികളായ പണ്ഡിതന്മാർ പറയുന്നു. ഇങ്ങനെ പറയുന്നവർ ആത്മാത്ഥതയുള്ളവരാണെങ്കിൽ സ്വയം കപടശാസ്ത്രവ്യാമോഹത്തിൽ അടിപെട്ടു കിടക്കുകയാണ്. അവർ ആത്മാത്ഥതയില്ലാത്തവരാണെങ്കിൽ, നിലവിലിരിക്കുന്ന വിശ്വാസങ്ങളെ എതിക്കുന്നതു തങ്ങൾക്കു ഹാനികരവും ആപൽകരവുമാണെന്നുള്ളതിനാൽ അപ്രകാരം ആചരിക്കുന്നതായിരിക്കണം. എതായാലും കപടമതം വിശ്വസിക്കുന്നതു ഹാനികരമല്ലെന്നും, അങ്ങനെയാണെങ്കിൽപ്പോലും ആ ഹാനി നിസ്സാരമാണെന്നും കരുതി സാമാന്യജനങ്ങളുടെ കപടമതവിശ്വാസം നശിപ്പിക്കാതെതന്നെ ജ്ഞാനം പ്രചരിപ്പിക്കാമെന്നു വാദിക്കുന്നതു ശുദ്ധ അബദ്ധമത്രേ.

പുരോഹിതന്മാർ പടുത്തുയത്തിയിരിക്കുന്നതും പണ്ഡിതന്മാർ നയിക്കുന്നതുമായ മോഹവലയത്തിൽനിന്നും വിമോചിതമായാൽമാത്രമേ മനുഷ്യവഗ്ഗം വൈഷമ്യങ്ങളിൽനിന്നും രക്ഷപ്രാപിക്കൂ. ഒരു കുപ്പിയിൽ എന്തെങ്കിലും പുതുതായി നിറയ്ക്കണമെങ്കിൽ, ആദ്യം അതിൽ ഉണ്ടായിരുന്നതു് ഒഴിച്ചുകളയണം. അതുപോലെ സത്യമായ മതം മനുഷ്യരെക്കൊണ്ടു സ്വീകരിപ്പിക്കണമെങ്കിൽ, കപടമതവിശ്വാസങ്ങളിൽനിന്നും അവരെ മോചിപ്പിക്കണം. സത്യമായ മതം എന്നു പറഞ്ഞാൽ, മനുഷ്യവഗ്ഗം എത്തിച്ചേന്നിരിക്കുന്ന അഭിവൃദ്ധിയനുസരിച്ചു സവ്വകാരണമായ ദൈവവുമായുള്ള ബന്ധം ആണ്. ആ ബന്ധത്തിൽനിന്നും അവരുടെ കത്തവ്യങ്ങളെപ്പററി ശരിയായ നിദ്ദേശം കിട്ടുകയും ചെയ്യും.

## XIV

“സത്യമായ മതം ഉണ്ടോ? മതങ്ങൾ അത്യന്തം വിഭിന്നങ്ങളാണു്. അവയിൽ നമ്മുടെ രുചിക്കനുസരണമായ ഒന്നിനെ സത്യമതം എന്നു വിളിക്കാൻ ന്യായമില്ല.” എന്നു മതത്തിൻെറ ബാഹ്യരൂപങ്ങൾമാത്രം നോക്കുന്നവർ പറയുന്നു. മററുള്ളവരെ ബാധിക്കുന്നതും തങ്ങൾക്കില്ലെന്നു കരുതുന്നതുമായ രോഗത്തെപ്പററിയും ഇങ്ങനെയാണല്ലോ ചിലർ പറയുന്നതു്. എന്നാൽ ഇതു തെററാണു്. ബാഹ്യരൂപങ്ങളിൽ മതങ്ങൾ വിഭിന്നങ്ങളാണെങ്കിലും സാരമായ തത്വത്തിൽ അവ ഭിന്നമല്ല. എല്ലാ മനുഷ്യർക്കും ഇന്നു സ്വാഭാവികമായുള്ള മതം ഈ സാരതത്വങ്ങളത്രേ. അവയാണു് യഥാൎത്ഥമതത്തിൽ ഉൾപ്പെട്ടവ. ആ യഥാൎത്ഥമതം സ്വീകരിച്ചാൽമാത്രമേ മനുഷ്യരുടെ കഷ്ടതകൾ നീങ്ങുകയുള്ളൂ.

മനുഷ്യസമുദായം ദീർഘകാലമായി ഈ ലോകത്തിൽ ജീവിച്ചുപോരികയാണു്. പല തലമുറകളിലായി പ്രായോഗികങ്ങളായ കണ്ടുപിടുത്തങ്ങൾ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളതുപോലെ ജീവിതാവലംബമായ അദ്ധ്യാത്മതത്വങ്ങളും അവയിൽനിന്നുളവാകുന്ന ജീവിതചൎയ്യകളും മനുഷ്യർ അഭിവൃദ്ധിപ്പെടുത്താതിരുന്നിട്ടില്ല. അന്ധന്മാർ കാണാത്തതുകൊണ്ടു് അവയില്ലെന്നു വരുന്നതുമല്ല.

സകലമനുഷ്യർക്കും സാമാന്യമായിട്ടുള്ള ഇന്നത്തെ മതം പ്രത്യേകതകളും വൈകൃതങ്ങളും ഉള്ള ഒരു മതസംഘത്തിലല്ല സ്ഥിതിചെയ്യുന്നതു്. മനുഷ്യവൎഗ്ഗത്തിൽ തൊണ്ണൂറു ശതമാനം സ്വീകരിക്കുന്നതും നമുക്കു് അറിയാവുന്നതും വളരെ പ്രചാരമുള്ളതുമായ എല്ലാ മതങ്ങളിലേയും പൊതുവായ തത്വങ്ങൾ അടങ്ങിയതാണു് ആ മതം. മനുഷ്യവൎഗ്ഗം ഇപ്പോഴും നിശ്ശേഷം മൃഗീയമാകാത്തതിനു കാരണം എല്ലാ ജാതികളിലേയും ഉൽകൃഷ്ടമതികൾ, അബോധപൂൎവ്വമായിട്ടാണെങ്കിലും ആ സാമാന്യമതം അവലംബിക്കയും

സ്വീകരിക്കയും ചെയ്യുന്നു എന്ന വസ്തുതയാണു്. പുരോഹിതന്മാരുടെയും ശാസ്ത്രജ്ഞരുടെയും സഹായത്താൽ ചെലുത്തപ്പെട്ട മോഹാന്ധതകൊണ്ടു മനുഷ്യൎക്കു് അതു് അറിഞ്ഞു സ്വീകരിക്കാൻ തടസ്സം നേരിടുന്നുവെന്നേയുള്ളു.

ഈ സത്യമതത്തിൻെറ തത്വങ്ങൾ ജനങ്ങൾക്കു സ്വാഭാവികമായിത്തന്നെ അറിവുള്ളവയാകകൊണ്ടു ശ്രവണമാത്രത്തിൽ ചിരപരിചിതമായും സ്വതസ്സിദ്ധമായും അനുഭവപ്പെട്ടു് എവരും സ്വീകരിച്ചുപോകുന്നു. നമുക്കു സത്യമതമായി ഗണിക്കാവുന്നതു ഹിന്ദുമതം, കൺഫ്യൂഷ്യസ്മതം, ടായോമതം, ഹീബ്ര്യൂമതം, ബുദ്ധമതം, മഹമ്മദുമതം ഇവയുടെ അടിസ്ഥാനതത്വങ്ങളിൽ, ബാഹ്യരൂപങ്ങളിലല്ല, യോജിക്കുന്ന ക്രിസ്തുമതംതന്നെ. അതുപോലെ ഹിന്ദുമതം, കൺഫ്യൂഷ്യസ്മതം മുതലായവ അവലംബിക്കുന്നവൎക്കും അടിസ്ഥാനതത്വങ്ങളിൽ അന്യമതങ്ങളുമായി യോജിക്കുന്ന തങ്ങളുടെ മതംതന്നെയാകുന്നു സത്യമതം. ഈ തത്വങ്ങൾ വളരെ ലഘുവും സുവിജ്ഞേയവും പ്രസ്പഷ്ടവുമാണു്.

സകലതിൻെറയും ആദികാരണമായി ദൈവം ഉണ്ടു്; തൻെറ ജീവിതചൎയ്യകൊണ്ടു വൎദ്ധിപ്പിക്കയോ കുറയ്ക്കുകയോ ചെയ്യാവുന്ന ആ ദൈവികാംശം എല്ലാ മനുഷ്യരിലും കുടികൊള്ളുന്നു. ആ ദിവ്യസ്ഫുലിംഗത്തെ വികസിപ്പിക്കാൻ കാമാദിവികാരങ്ങളെ അടക്കി ഹൃദയത്തിൽ സ്നേഹം വൎദ്ധിപ്പിക്കണം. ഈ ഉദ്ദേശം സഫലമാക്കാൻ അന്യർ തങ്ങളോടു ചെയ്യണമെന്നു തങ്ങൾ ആഗ്രഹിക്കുന്നതുപോലെ അവരോടും വൎത്തിക്കണം. ഈ സാമാന്യതത്വങ്ങളെല്ലാം ഹിന്ദുമതം, ഹീബ്ര്യൂമതം, കൺഫ്യൂഷ്യസ്മതം, മഹമ്മദുമതം ഇവയിലൊക്കെ കാണുന്നു. (ബുദ്ധമതം ഈശ്വരനെ നിൎവ്വചിക്കുന്നില്ലെങ്കിലും മനുഷ്യൻ സംയോജിക്കുന്നതും, നിൎവ്വാണം പ്രാപിക്കുമ്പോൾ ലയിക്കുന്നതുമായ ഒന്നിനെ അംഗീകരിക്കുന്നു. അങ്ങനെ സംയോജിക്കുന്നതും നിൎവ്വാണം പ്രാപിപ്പിക്കുന്നതുമായ ആ ഒന്നാകട്ടെ, ഹീബ്ര്യൂമതവും മഹമ്മദുമതവും ക്രിസ്തുമതവും ദൈവമെന്നു വിളിക്കുന്ന ആ ആദികാരണംതന്നെ.)

"അതു മതമല്ല; തത്വജ്ഞാനമോ സന്മാൎഗ്ഗമോ യുക്തിയോ എന്തായാലും അതു മതമല്ല" എന്നു്, അലൗകികത്വം അഥവാ അനിൎവ്വചനീയതയാണു് മതത്തിന്റെ മുഖ്യലക്ഷണമെന്നു്, കരുതാൻ ശീലിച്ചിട്ടുള്ള ആളുകൾ പറയുമായിരിക്കും. അവരുടെ അഭിപ്രായത്തിൽ മതം നിരൎത്ഥകവും ബുദ്ധ്യതീതവുമായിരിക്കണം. എന്നാൽ ഇത്തരം അബദ്ധധാരണകളിൽനിന്നു്, അഥവാ അവ മതവിശ്വാസങ്ങളായി പ്രചരിപ്പിച്ചതിന്റെ ഫലമായി ദീൎഘകാലത്തെ ദുൎവ്യാഖ്യാനത്തിൽനിന്നുതന്നെയാണു് മതത്തിന്റെ മുഖ്യലക്ഷണങ്ങളായി ഇപ്പോൾ കരുതപ്പെടുന്ന യുക്തിവിരുദ്ധങ്ങളായ ആശ്ചര്യങ്ങളും അപ്രാകൃതമായ സംഭവങ്ങളും വളൎന്നതു്. മതത്തിന്റെ സാരലക്ഷണം അപ്രാകൃതികവും യുക്തിവിരുദ്ധവുമാണെന്നു പറയുന്നതു്, ചീഞ്ഞ ആപ്പിൾപ്പഴംമാത്രം കണ്ടു് ഏതാണ്ടൊരു ചവൎപ്പുള്ളതും വയററിനു കേടുവരുത്തുന്നതുമാണു് ആപ്പിൾപഴത്തിന്റെ മുഖ്യലക്ഷണങ്ങളെന്നു പറയുന്നതുപോലെയാണു്.

എല്ലാ വസ്തുക്കളുടെയും മൂലകാരണവുമായി മനുഷ്യനുള്ള ബന്ധവും ആ ബന്ധം അനുസരിച്ചുള്ള മനുഷ്യന്റെ ജീവിതോദ്ദേശവും നിൎവ്വചിക്കുന്നതുതന്നെയാണു് യഥാൎത്ഥമതം. ആ ഉദ്ദേശത്തിൽനിന്നും ഉളവാകുന്ന ചൎയ്യകളെ മതം വ്യവസ്ഥാപിക്കുന്നു. മതത്തെപ്പററിയുള്ള ഈ ധാരണയ്ക്കനുരൂപമാണു് എല്ലാ മതങ്ങളുടെയും സാമാന്യമായ മൂലതത്വങ്ങളെ ഉൾക്കൊള്ളുന്ന സാൎവ്വജനീനമതം. മനുഷ്യനും ഈശ്വരനും തമ്മിലുള്ള ബന്ധം അംശവും പൂൎണ്ണവും തമ്മിലുള്ളതാണെന്നു് ആ മതം നിൎദ്ദേശിക്കുന്നു. ഈ ബന്ധത്തിൽനിന്നും മനുഷ്യന്റെ ജീവിതോദ്ദേശം തന്നിലുള്ള ദിവ്യാംശം വൎദ്ധിപ്പിക്കയാണെന്നു് ആ മതം നിഗമനംചെയ്യുന്നു. "അന്യരോടു്, അവർ നിങ്ങളോടു ചെയ്യണമെന്നാഗ്രഹിക്കുന്നതുപോലെ പെരുമാറണം" എന്ന നിയമം അനുസരിച്ചു മനുഷ്യൻ പ്രായോഗികമായി നിൎവ്വഹിക്കേണ്ട കൎത്തവ്യവും ആ ഉദ്ദേശത്തിൽ അന്തൎഭവിക്കുന്നു.

ജനങ്ങൾ പലപ്പോഴും സംശയിക്കുന്നു, ഞാനും ഒരിക്കൽ സംശയിച്ചിരുന്നു, ഉപവാസമനുഷ്ഠിക്കുക, പ്രാർത്ഥിക്കുക മുതലായ ലഘുനിയമങ്ങളെപ്പോലെ "അന്യരോട്, അവർ നിങ്ങളോടു പെരുമാറണമെന്നു നിങ്ങൾ ആശിക്കുന്നവിധം പെരുമാറണം" എന്ന നിയമം പ്രായോഗികമാക്കാൻ പററുമോ എന്നു്. എന്നാൽ ഈ സംശയത്തിനു് അനിഷേധ്യമായ ഒരു സമാധാനമുണ്ടു്. ഒരു റഷ്യൻകൃഷീവലൻെറ ആദ്ധ്യാത്മികനില എടുക്കാം. പുരോഹിതൻെറ പ്രാർത്ഥനകഴിഞ്ഞു കൊടുക്കുന്ന അപ്പക്കഷണം ഒരു ചവററുകുട്ടയിൽ തുപ്പിക്കളയുന്നതിനെക്കാൾ മരിക്കുന്നതിനു് അയാൾ ഇഷ്ടപ്പെടും. എന്നാൽ മേലുദ്യോഗസ്ഥന്മാർ ആജ്ഞാപിച്ചാൽ സഹോദരന്മാരെ കൊല്ലാൻകൂടി അവൻ സന്നദ്ധനമാണു്.

"അന്യൻ നിങ്ങളോടു ചെയ്യണമെന്നാശിക്കുന്നതുപോലെ നിങ്ങൾ അങ്ങോട്ടു പെരുമാറണം" എന്ന നിയമത്തിൽനിന്നും അസംഖ്യം കർത്തവ്യങ്ങൾ വന്നുചേരുന്നു—മററു മനുഷ്യരെ കൊല്ലരുതു്, അവരെ പഴിക്കരുതു്, വ്യഭിചരിക്കരുതു്, പകവീട്ടരുതു്, അന്യരുടെ മുതലെടുത്തു തന്നിഷ്ടം സാധിക്കാൻ നോക്കരുതു് മുതലായവ. സ്പഷ്ടമായ അന്തർബോധത്തിൽ അടിയുറയ്ക്കാതെ വിഗ്രഹങ്ങളും പുരോഹിതകർമ്മങ്ങളും പാവനമെന്നും അനിഷേധ്യമെന്നും കരുതി അന്ധവിശ്വാസത്തിൽ മുറുകെ പിടിക്കുന്നതുപോലെ മുൻപറഞ്ഞ കർത്തവ്യങ്ങൾ അലംഘ്യമെന്നു ജനഹൃദയങ്ങളിൽ മായാത്തവണ്ണം ശക്തിപൂർവ്വം പതിപ്പിക്കാത്തതു് എന്തുകൊണ്ടാണു്?

## XV

ഇക്കാലത്തു സർവ്വസാമാന്യമായ മതതത്വങ്ങൾ ഋലോം ലഘുവും സുവേദ്യവും ഹൃദയസ്പൃക്കുമാണു്. മാതാപിതാക്കന്മാരും ഭരണകർത്താക്കളും അദ്ധ്യാപകന്മാരും ആ തത്വങ്ങളെ ബാലന്മാ

ത്തിലും പ്രായപൂർത്തി വന്നവരിലും പതിപ്പിച്ചാൽ മനുഷ്യവർഗ്ഗത്തിൻെറ ആകമാനമുള്ള ജീവിതംതന്നെ മാറിപ്പോകുന്നതാണു്. ദൈവചൈതന്യം മനുഷ്യനിൽ കുടികൊള്ളുന്നു എന്നതാണു് ആ തത്വങ്ങളുടെ സാരം. അതിൽനിന്നും ഉളവാകുന്ന പ്രായോഗികനിയമം ഇതാണു്: "അന്യർ നിങ്ങളോടു ചെയ്യണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ അവരോടു നിങ്ങൾ പെരുമാറണം." ത്രിത്വം, കന്യാമാതാവു്, ഇന്ദ്രൻ, ത്രിമൂർത്തി, ആകാശത്തിൽ പാർക്കുന്ന ബുദ്ധൻ, മഹമ്മദ് മുതലായ അബദ്ധവിശ്വാസങ്ങളെ പണ്ഡിതന്മാർ വിശ്വസിക്കുന്നില്ല. അവ പഠിപ്പിക്കുന്നതിനു പകരം മുൻപറഞ്ഞ മൌലികതത്വങ്ങൾ പഠിപ്പിക്കയാണു് നല്ലതു്. ദൈവം സ്വപുത്രനെ ആദമിൻെറ പാപത്തിനു പരിഹാരമായി അയച്ചുവെന്നും, അദ്ദേഹം പള്ളി സ്ഥാപിച്ചുവെന്നും, അതുകൊണ്ടു് ആ പള്ളിയുടെ ശാസനം അനുസരിക്കണമെന്നും മററും പഠിപ്പിച്ചു്, ആ വിശ്വാസങ്ങളിൽനിന്നും ഉളവാകുന്ന എവിടെ, എപ്പോൾ പ്രാർത്ഥിക്കയും വഴിപാടുകൾ സമർപ്പിക്കയും ചെയ്യണം, ഇന്നിന്നാഹാരം ഇന്നപ്പോൾ ഉപേക്ഷിക്കണം, ഏതു ദിവസം ജോലി ചെയ്യാതിരിക്കണം മുതലായ നിയമങ്ങൾ ബാലന്മാരിൽ സന്നിവേശിപ്പിച്ചു മുതിർന്നവരിൽ ദൃഢീകരിക്കയാണു് ചെയ്യുന്നതു്. അതിനു പകരം ദൈവം ചൈതന്യമയനാണെന്നും, അദ്ദേഹത്തിൻെറ പ്രകാശം നമ്മളിലുണ്ടെന്നും, നമ്മുടെ ജീവിതചര്യകൊണ്ടു ആ പ്രകാശം വർദ്ധിപ്പിക്കാമെന്നും അതോടൊപ്പം അതിൽനിന്നും സ്വതേ ഉളവാകുന്ന മററു പ്രായോഗികപാഠങ്ങളും പഠിച്ചാൽ, ഉദ്ദേശശൂന്യമായ മത്സരത്തിനും വൈരത്തിനും പകരം അന്താരാഷ്ട്രനിയമം സമാധാനസമ്മേളനം, അർത്ഥശാസ്ത്രജ്ഞന്മാർ, സമുദായാവകാശവാദികൾ മുതലായവരുടെ സഹായം കൂടാതെതന്നെ മനുഷ്യവർഗ്ഗം ഏകമതത്താൽ നിയന്ത്രിതമായി ശാന്തവും സംയുക്തവും ആനന്ദമയവുമായ ജീവിതം നയിക്കുന്നതു കാണാം. ഇപ്പോൾ പഠി

പ്പിക്കുന്നതു്, അസംഭാവ്യകാര്യങ്ങളെപ്പററിയുള്ള ഉപയോഗശൂന്യമായ കഥകളും ആ കഥകളിൽനിന്നും നിഗമനംചെയ്യാവുന്ന അത്ഥശൂന്യങ്ങളായ ക്രിയകളും മററുമത്രേ.

ആവശ്യമുള്ള യാതൊന്നും ചെയ്യുകാണുന്നില്ല. കപടമതത്തിൻെറ വഞ്ചന നശിപ്പിക്കപ്പെടുന്നില്ല. സത്യമതം പ്രചരിപ്പിക്കുന്നില്ല; നേരെമറിച്ചു സത്യസ്വീകരണത്തിൻെറ സാദ്ധ്യതയിൽനിന്നും മനുഷ്യൻ വളരെ അകന്നിരിക്കുന്നു.

മതമില്ലാതെ ദീൎഘകാലമായി മനുഷ്യസമുദായം ജീവിക്കുന്നതിനാൽ അക്രമം, തോക്കു്, കാരാഗൃഹം, തൂക്കുമരം മുതലായവകൊണ്ടു ജീവിതം നയിക്കാനും ആത്മരക്ഷ നേടാനും മനുഷ്യൻ പരിശീലിച്ചിരിക്കയാണു്. അതിനാൽ ആ ജീവിതവ്യവസ്ഥ സ്വാഭാവികം എന്നുമാത്രമല്ല, അതേ സാധിക്കൂ എന്നുകൂടി അവർ വിചാരിക്കുന്നു. അതുകൊണ്ടാണു് മനുഷ്യർ സാദ്ധ്യവും സ്വാഭാവികവും ആവശ്യകവുമായിട്ടുള്ളതു ചെയ്യാതിരിക്കുന്നതു്. നിലവിലിരിക്കുന്ന വ്യവസ്ഥകൊണ്ടു് ആനുകൂല്യമുള്ളവർ മാത്രമല്ല ഇങ്ങനെ വിചാരിക്കുന്നതു്. പീഡിതരും അവരുടെ മേൽ പ്രയോഗിക്കപ്പെടുന്ന മാസ്മരവ്യാമോഹത്തിനധീനരായി മനുഷ്യസമുദായത്തിൻെറ സുവ്യവസ്ഥ നിലനിറുത്താൻ അക്രമത്തെ ഏകോപകരണമായി കരുതുന്നു. എന്നാൽ സമുദായത്തിൽ സുവ്യവസ്ഥ സ്ഥാപിക്കാൻ തടസ്സമായിരിക്കുന്നതു രാഷ്ട്രം അക്രമത്തെ ആശ്രയിച്ചു നിലകൊള്ളുന്നതത്രേ. ഈ വസ്തുത അവർ മനസ്സിലാക്കുന്നില്ല. ഇതിൻെറ ഫലം, ദുഷ്ടനായ വൈദ്യൻ പുറമേയുള്ള വ്രണത്തെ ഉള്ളിലാക്കി രോഗിയെ വഞ്ചിച്ചു രോഗത്തെ ചികിത്സിക്കുക സാദ്ധ്യമല്ലാതാക്കുന്നതുപോലെയാണു്.

ഭരണകൎത്താക്കൾ സാമാന്യജനങ്ങളെ അടിമപ്പെടുത്തി, “ഞങ്ങൾക്കുശേഷം പ്രളയ”മാണെന്നു പറഞ്ഞു ഭയപ്പെടുത്തുന്നു. ആ ഭരണാധികാരികൾക്കു പുരോഹിതന്മാർ, ഭടന്മാർ, പോലീസ് ഇവരെക്കൊണ്ടും, തോക്കു്, പീരങ്കി, വെടിയുണ്ട, കാരാ

ഗ്രഹം, തൂക്കു് മുതലായ ഭീഷണികൾമൂലവും അടിമപ്പെടുത്തിയവരെ മോഹാന്ധ്യത്തിലും ദാസ്യത്തിലും ഇരുത്തുക വളരെ പ്രയോജനകരമാണു്. സാമാന്യജനങ്ങൾ ഉണർന്നു തങ്ങളുടെ സ്വാൎത്ഥത്തിനു് ഉതകാതെയാകുന്നതു ഭരണാധികാരികൾക്കു് ഇഷ്ടമില്ല. സാമാന്യജനങ്ങളെ വ്യാമോഹത്തിൽ ഇരുത്തുന്നതിനെ വ്യവസ്ഥിതി പരിപാലിക്കുക എന്നാണു് ഭരണാധികാരികൾ വിളിക്കുന്നതു്. എന്നാൽ സാമുദായികസുവ്യവസ്ഥിതിയുടെ സ്ഥാപനത്തെ ഇത്രമാത്രം തടയുന്നതായി മറ്റൊന്നുമില്ല. വാസ്തവത്തിൽ സുവ്യവസ്ഥ സ്ഥാപിക്കയല്ല, ദുർവ്യവസ്ഥ നിലനിൎത്തുകയാണു് ഇതിന്റെ ഫലം. മനുഷ്യരുടെ ഇടയിൽ സുവ്യവസ്ഥയും സന്മാൎഗ്ഗവും പരിപാലിക്കാൻ ചുമതല ഏററിട്ടുള്ളവർ തുടച്ചയായി യുദ്ധം, വധം, കാരാഗൃഹവാസം, പിഴ, മാദകദ്രവ്യോപയോഗം തുടങ്ങിയവ സാമാന്യജനങ്ങളുടെ മേൽ അടിച്ചേല്പിക്കാൻ തുനിയുന്നെങ്കിലും ക്രിസ്ത്യാനിവൎഗ്ഗത്തിൽ ഉൾപ്പെട്ടവരിൽ മതബോധാവശിഷ്ടങ്ങൾ ഇപ്പോഴും നിലനില്ക്കുന്നു. ഭരണാധികാരികൾ അക്രമാചരണം ചെയ്യാതിരുന്നാൽ സാമാന്യജനങ്ങൾ ഇന്നു ചെയ്യുന്ന ചതി, കൊല, അക്രമം മുതലായ പ്രവൃത്തികൾ നന്നെന്നും സ്വാഭാവികമെന്നും കരുതി ഒരു ശതാംശംപോലും ചെയ്യുകയില്ല.

വ്യക്തിയുടേയോ സമുദായത്തിന്റേയോ ജീവിതം നന്നാക്കുന്നതിനു പൂൎണ്ണത്വം ലക്ഷ്യമാക്കി ആന്തരമായും സാന്മാൎഗ്ഗികമായും പുരോഗമിക്കുക എന്നതാണു് മനുഷ്യജീവിതനിയമം. അക്രമം മുതലായ ബാഹ്യപ്രവൃത്തികൾകൊണ്ടു ജീവിതം നന്നാക്കാൻ ശ്രമിക്കുന്നതു തിന്മ ദൃഷ്ടാന്തമായി കാണിച്ചു് അതു് ഏററവും ഫലപ്രദമായി പ്രചരിപ്പിക്കാൻ ഉതകുന്നു. അതുകൊണ്ടു ജീവിതം നന്നാക്കുകയല്ല, തിന്മ വൎദ്ധിച്ചുവൎദ്ധിച്ചു ജീവിതത്തെ യഥാൎത്ഥമായി നന്നാക്കുന്ന ഏകമാൎഗ്ഗത്തിൽനിന്നും മനുഷ്യരെ അകററുകയാണു് ചെയ്യുന്നതു്.

32D
254645
R3:Q
32K0
UNIVERSITY LIBRARY
28 APR 1969

നിയമത്തിൻെറ പേരിൽ സുവ്യവസ്ഥയും സന്മാൎഗ്ഗവും രക്ഷിക്കേണ്ടവരുടെ അക്രമം ക്രൂരതരമാകയും മതമെന്ന പേരിൽ സന്നിവേശിപ്പിക്കുന്ന അസത്യവ്യാമോഹത്താൽ സമൎത്ഥിക്കപ്പെടുകയും ചെയ്യുമ്പോൾ സഹജീവികളോടുള്ള സേവനഭാവവും സ്നേഹവും നശിച്ച ജനങ്ങൾ മത്സരിച്ചു പരസ്പരം സംഹരിച്ചുതുടങ്ങും. അതാണു് ജീവിതത്തിലെ നിയമമെന്നു ജനങ്ങൾ ഉറപ്പായി വിശ്വസിക്കയും ചെയ്യും.

ഇപ്രകാരം മൃഗീയാവസ്ഥയിലേയ്ക്കു് അധഃപതിപ്പിക്കുന്ന ഈ ധാരണ ഉറച്ചുകഴിയുമ്പോൾ അവരുടെ വ്യാമോഹം മാറാനും മനുഷ്യവൎഗ്ഗത്തിൻെറ സൎവ്വസാധാരണമായ യഥാൎത്ഥമതം വരിക്കാനും കൂടുതൽ പ്രയാസം വരുന്നു.

ഇങ്ങനെ കഷ്ടാൽകഷ്ടതരമായ ഒരു സ്ഥിതി ഉളവാകുന്നു. മതാഭാവം അക്രമത്തിൽ വേരുറച്ച മൃഗീയജീവിതത്തിലേയ്ക്കു നയിക്കുന്നു. അക്രമസ്ഥാപിതമായ മൃഗീയജീവിതംകൊണ്ടു വ്യാമോഹമുക്തിയും യഥാൎത്ഥമതസ്വീകാരവും ദുസ്സാദ്ധ്യമായിത്തീരുന്നു. അതുകൊണ്ടു സ്വാഭാവികവും സുസാദ്ധ്യവും കാലോചിതവുമായ കൃത്യങ്ങൾ ജനങ്ങൾ അനുഷ്ഠിക്കുന്നില്ല. മതാഭാസവും മതവഞ്ചനയും നശിപ്പിക്കുന്നില്ല. യഥാൎത്ഥമതം പ്രചരിപ്പിക്കുന്നുമില്ല.

## XVI

ഈ മോഹജാലത്തിൽനിന്നു രക്ഷ പ്രാപിക്കാൻ മാൎഗ്ഗമുണ്ടോ? ഉണ്ടെങ്കിൽ ആ വഴി എന്താണു്?

ജനങ്ങളുടെ ക്ഷേമത്തിനായി അവരുടെ ജീവിതത്തെ നിയന്ത്രിക്കാൻ ചുമതലയേറെറടുത്തിട്ടുള്ള ഭരണകൂടം അപ്രകാരം രക്ഷിക്കേണ്ടതാണെന്നു പ്രഥമദൃഷ്ടിയിൽ തോന്നാം. അക്രമസ്ഥാപിതങ്ങളായ ജീവിതവ്യവസ്ഥകളെ മാററി അന്യോന്യസ്നേഹ

വും സേവനവും അടിസ്ഥാനമാക്കിയിട്ടുള്ള യുക്തിയുക്തമായ വ്യവസ്ഥ സ്ഥാപിക്കാൻ ശ്രമിച്ചിട്ടുള്ളവർ എപ്പോഴും ഇങ്ങനെയാണു് സങ്കല്പിച്ചിട്ടുള്ളതു്. ക്രൈസ്തവസംസ്കാരകർത്താക്കളും യൂറോപ്പിലെ കമ്മ്യൂണിസംസംബന്ധിച്ച വിവിധദർശനങ്ങൾ സ്ഥാപിച്ചവരും അങ്ങനെ സങ്കല്പിച്ചിരുന്നു. വിഖ്യാതചൈനക്കാരനും സാർവ്വജനീനസ്നേഹവാദസ്ഥാപകനുമായ മോടീയും അപ്രകാരം കരുതിയിരുന്നതായിക്കാണുന്നു. സമരശാസ്ത്രമോ സമരപരിശീലനമോ സ്കൂൾവിദ്യാർത്ഥികളെ പഠിപ്പിക്കരുതെന്നും, പ്രായം ചെന്നവൎക്കു സമരസാഫല്യത്തിനു പ്രതിഫലം നല്കരുതെന്നും പൊതുജനക്ഷേമത്തെ ലാക്കാക്കി അദ്ദേഹം ഭരണകൂടത്തോടു് ആവശ്യപ്പെട്ടു. പരസ്പരസ്നേഹബഹുമാനങ്ങൾ പഠിപ്പിക്കണമെന്നും, സ്നേഹസാഫല്യം സാധിപ്പിക്കുന്നവൎക്കു സമ്മാനം നല്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. മതബോധമുള്ള പല കൃഷീവലന്മാരും അങ്ങനെ വിചാരിച്ചിരുന്നു; വിചാരിക്കുന്നുമുണ്ടു്. അവരിൽ സൂതായെവ മുതലായ പലരേയും എനിക്കറിയാം. ഒരു വൃദ്ധനാകട്ടെ, ഇതുവരെ അഞ്ചു തവണയായി ചക്രവർത്തിസമക്ഷം കപടമതം നിർത്തൽചെയ്തു യഥാർത്ഥമായ ക്രിസ്തുമതം പ്രചരിപ്പിക്കാൻ ഹർജ്ജികൾ സമൎപ്പിച്ചിട്ടുണ്ടു്.

പൊതുജനക്ഷേമം ലക്ഷ്യമാക്കി നിലനില്ക്കുന്നതായി പ്രഖ്യാപിക്കുന്ന ഭരണകൂടം ആ ക്ഷേമത്തിനുവേണ്ടി ജനങ്ങൾക്കു് ഒരിക്കലും ഉപദ്രവം വരുത്താത്തതും ഏററവും പ്രയോജനകരമായ ഫലങ്ങൾ കൈവരുത്തുന്നതുമായ ഏകമാൎഗ്ഗം അവലംബിക്കാൻ ആഗ്രഹിക്കുമെന്നു ജനങ്ങൾ വിചാരിക്കുന്നതു സ്വാഭാവികമത്രേ. എന്നാൽ ഭരണകൂടം ഈ ചുമതല കയ്യേററിട്ടില്ല എന്നുമാത്രമല്ല, അപ്പോഴപ്പോൾ നിലവിലിരിക്കുന്ന കപടവും മൃതപ്രായവും ആയ മതത്തെ വളരെ ജാഗ്രതയായി നിലനിറുത്താൻ എപ്പോഴും എവിടെയും ശ്രമിക്കയാണു് ചെയ്തിട്ടുള്ളതു്. യഥാർത്ഥമതത്തിൻെറ തത്വങ്ങൾ ജനങ്ങളെ അറിയിക്കാൻ ശ്രമിച്ച

വരെ സർവ്വപ്രകാരേണയും ഉപദ്രവിക്കയും ചെയ്തിട്ടുണ്ട്. അങ്ങനെയല്ലാതെ വരാൻ തരവുമില്ല. ഒരു ഭരണകൂടം നിലവിലിരിക്കുന്ന മതത്തിൻെറ അസത്യം വെളിപ്പെടുത്തി സത്യമതം പ്രചരിപ്പിക്കുന്നതു വൃക്ഷശാഖയിൽ ഇരുന്നുകൊണ്ടു് അതിൻെറ ചുവടു വെട്ടിമുറിക്കുന്നതുപോലെയാണു്.

ഭരണകൂടം ഈ കൃത്യം നിർവ്വഹിച്ചില്ലെങ്കിൽ കപടമതവഞ്ചനയിൽനിന്നും വിമുക്തരായി തങ്ങളുടെ ശിക്ഷണത്തിനും അഭ്യാസത്തിനും രക്ഷയ്ക്കും ഹേതുഭൂതരായ പൊതുജനങ്ങളെ സേവിക്കാൻ ആഗ്രഹിക്കുന്നുവെന്നു പറയുന്ന പണ്ഡിതന്മാർ ആ കൃത്യം നിർവ്വഹിക്കേണ്ടതാണു്. എന്നാൽ ഭരണകൂടത്തെപ്പോലെ അവരും അതു ചെയ്യുന്നില്ല. ഭരണകൂടം രക്ഷിക്കുന്ന ഒരു വഞ്ചനയെ പുറത്തുവിട്ടാൽ ഭരണാധികാരികളുടെ അതൃപ്തിക്കും വിരോധത്തിനും വിധേയരാകുമെന്നു ഭയന്നു് അവരും അപ്രീതികരമായ ആ കൃത്യം നിർവ്വഹിക്കുന്നില്ല. ആ വഞ്ചന താനേതന്നെ പൊയ്ക്കൊള്ളുമെന്നും ആ പണ്ഡിതന്മാർ കരുതുന്നു. രണ്ടാമതായി മതമെല്ലാം ഉപയോഗശൂന്യമെന്നു വിചാരിക്കുന്നതിനാൽ അവർ നശിപ്പിക്കുമെന്നു പ്രതീക്ഷിക്കാവുന്ന മതവഞ്ചനയ്ക്കു പകരം ജനതയ്ക്കു നല്കാൻ യാതൊന്നും അവരുടെ പക്കലില്ല.

അശിക്ഷിതരായ ഭൂരിപക്ഷം ജനങ്ങൾ പള്ളിയും ഭരണകൂടവും അടിച്ചേല്പിക്കുന്ന വഞ്ചനയുടെ വ്യാമോഹത്തിൽ ആണ്ടുകിടക്കുന്നു. അതിനാൽ അവരിൽ കുത്തിച്ചെലുത്തുന്ന മതാഭാസത്തെ യഥാർത്ഥമതമെന്നും, മറെറാന്നും മതമായിരിക്കാൻ തരമില്ലെന്നും അവർ വിചാരിക്കുന്നു. ഗാഢമായ ഈ മോഹാന്ധ്യത്തിൽ അവർ പരമ്പരയാ ജീവിതം നയിക്കുന്നു; മരിക്കുന്നു. ആ പ്രഭാവത്തിൽനിന്നും മുക്തരായാലും മതത്തെ നിരാകരിക്കുന്ന ശാസ്ത്രജ്ഞരുടെ അധീനത്തിൽ അവർ പതിക്കുന്നതാണു്. ആ പ്രഭാവവും അവരുടെ ഗുരുക്കന്മാരുടേതുപോലെ ഉപയോഗശൂന്യവും ഹാനികരവുമായിരിക്കും.

അതിനാൽ ചിലക്കു് ആ കൃത്യം ഉപയോഗശൂന്യവും മററു ചിലക്കു് അസാദ്ധ്യവും ആയി തോന്നുന്നു.

## XVII

ഒരു പരിഹാരത്തിനും വഴിയില്ലെന്നു തോന്നാം.

മതമില്ലാത്തവക്കു വാസ്തവത്തിൽ ഒരു വഴിയുമില്ല. വഴി ഉണ്ടാകാൻ സാദ്ധ്യവുമല്ല. ഉന്നതഭരണാധികാരികളിൽ ഉൾപ്പെട്ടവർ ഭൂരിപക്ഷം ജനങ്ങളുടെ ക്ഷേമത്തിൽ താൽപര്യമുണ്ടെന്നു ഭാവിച്ചാലും ആ ജനങ്ങൾ ഏതൊരു മോഹാന്ധ്യത്തിലും ദാസ്യത്തിലും ആണ്ടുകിടക്കുന്നുവോ അതിനെ ഇല്ലാതാക്കുവാൻ ആത്മാത്ഥമായി പരിശ്രമിക്കുന്നില്ല. (ലൗകികോദ്ദേശങ്ങളാൽ പ്രേരിതന്മാരെങ്കിൽ അതിനൊരിക്കലും ശ്രമിക്കുകയില്ല.) എന്തെന്നാൽ ആ മോഹാന്ധ്യവും ദാസ്യവുംകൊണ്ടാണു് ഭരണാധികാരികൾക്കു് അവരെ ഭരിക്കാൻ സാധിക്കുന്നതു്. ദാസ്യത്തിൽ അകപ്പെട്ടുകിടക്കുന്ന സാമാന്യജനങ്ങൾ ലൗകികോദ്ദേശങ്ങളാൽ പ്രേരിതരാണെങ്കിൽ കപടോപദേശത്തിൻെറ കള്ളി പുറത്താക്കി സത്യോപദേശം പ്രചരിപ്പിക്കുന്നതിനുവേണ്ടി ഉച്ചശ്രേണികളെ എതിത്തു തങ്ങളുടെ സ്ഥിതി കഷ്ടതരമാക്കാൻ ആഗ്രഹിക്കയില്ല. ഈ രണ്ടു കൂട്ടക്കും ഇങ്ങനെയുള്ള സംസ്കാരം വരുത്താൻ ഒരു പ്രേരണയുമില്ല. ബുദ്ധിമാന്മാരാണെങ്കിൽ അപ്രകാരം പരിശ്രമിക്കയുമില്ല.

എന്നാൽ യഥാത്ഥമതവിശ്വാസികളുടെ സ്ഥിതി മററൊരു വിധത്തിലാണു്. മനുഷ്യജീവിതരക്ഷയ്ക്കു് ഒഴിച്ചുകൂടാൻ വയ്യാത്ത മതത്തിൻെറ പാവനാഗ്നിയെ, സമുദായം എത്രതന്നെ ദൂഷിച്ചാലും ജീവിതം ബലികഴിച്ചു കാത്തുരക്ഷിക്കുന്നവരാണു് മതവിശ്വാസികൾ. നമ്മുടേതുപോലുള്ള കാലഘട്ടങ്ങളിൽ ഇവരെ ആരും ശ്രദ്ധിക്കയില്ല. റഷ്യയിൽ നമ്മുടെയിടയിൽ ചെയ്യുന്നതു

പോലെ സകലരും ഇവരെ ആക്ഷേപിക്കയും നിന്ദിക്കയും ചെയ്യും. ഇവരുടെ ജീവചരിത്രം ആരും രേഖപ്പെടുത്തുകയില്ല. ജയിലോ വിദേശമോ ആയിരിക്കും ഇവക്കു വാസസ്ഥലം. എങ്കിലും ഇങ്ങനെയുള്ളവർ ഇപ്പോഴും ജീവിച്ചിരിക്കുന്നു. മനുഷ്യവർഗ്ഗം വിവേകത്തിനൊത്തവണ്ണം ജീവിക്കണമെങ്കിൽ അതിനാസ്പദം ഇവർതന്നെ. മനുഷ്യരെ അകപ്പെടുത്തിയിരിക്കുന്ന മോഹജാലത്തെ ഭേദിക്കാൻ ഇവക്കേ സാധിക്കൂ. ഇവർ അതു ചെയ്യുകയും ചെയ്യും. ഇവക്കതു സാധിക്കും. എന്തെന്നാൽ നിലവിലിരിക്കുന്ന സമുദായവ്യവസ്ഥിതിയെ എതിക്കാൻ ഒരു ലൗകികനെ തടസ്സപ്പെടുത്തുന്ന ആപത്തുകളും നഷ്ടങ്ങളും പ്രാതികൂല്യങ്ങളും മതബോധമുള്ളവനെ തടയുകയില്ല എന്നു മാത്രമല്ല, അസത്യത്തെ എതിക്കാനുള്ള താൽപര്യം വദ്ധിപ്പിക്കയും ദിവ്യസത്യമായി താൻ അറിയുന്നതിനെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പ്രഖ്യാപിക്കാൻ പ്രേരിപ്പിക്കയും ചെയ്യും. അങ്ങനെയുള്ളയാൾ ഭരണാധികാരികളുടെ വർഗ്ഗത്തിൽ പെട്ടവനെങ്കിൽ ആഭിജാത്യം കരുതി സത്യത്തെ മറയ്ക്കാൻ ആഗ്രഹിക്കാതെ അവൻെറ ആനുകൂല്യങ്ങളെ വെറുത്തു് അവയിൽനിന്നും ഒഴിയാനും സത്യത്തെ പ്രചരിപ്പിക്കാനും തൻെറ സകലകഴിവുകളും ഉപയോഗിക്കും. എന്തെന്നാൽ ദൈവത്തെ സേവിക്കുകയെന്നല്ലാതെ മറെറാരു ജീവിതോദ്ദേശവും അവനുണ്ടായിരിക്കയില്ല. ദാസ്യവർഗ്ഗത്തിൽ പെട്ടവനെങ്കിൽ ആസ്ഥിതിയിലുള്ളവർ സാധാരണമായി ആഗ്രഹിക്കുന്നതുപോലെ തൻെറ ഭൗതികജീവിതവ്യവസ്ഥകളെ അഭിവൃദ്ധമാക്കാൻ ശ്രമിക്കാതെ, അസത്യം നീക്കി സത്യത്തെ വെളിപ്പെടുത്തി ദൈവേച്ഛ സഫലമാക്കുന്നതു് അവൻെറ ഏകജീവിതലക്ഷ്യമായി കരുതും. ഏതുതരം ക്ലേശവും ഭീഷണിയും ആ ലക്ഷ്യത്തിൽനിന്നും അവനെ വ്യതിചലിപ്പിക്കുകയില്ല. ധനം സമ്പാദിക്കാനോ, ആരിൽനിന്നു് ആനുകൂല്യങ്ങൾ കിട്ടാൻ ആഗ്രഹിക്കുനുവോ ആ ഭരണാധികാരിയെ പ്രീണിപ്പിക്കാനോ, ലൗകികൻ സ്വാഭാവികമായി

യതിക്കുന്നതുപോലെ അവൻ ശ്രമിക്കുകയില്ല. മതപ്രബുദ്ധനായ മനുഷ്യൻ മതമില്ലാത്തവരെപ്പോലെ ലൗകികരീതിയിലല്ല ജീവിക്കുന്നതു്; ശാശ്വതമായ അനന്തജീവിതമാണു് അവൻ നയിക്കുന്നതു്. ആ ജീവിതത്തിനുവേണ്ടി, ഐഹികജീവിതത്തിലെ ക്ലേശവും മരണവുമെല്ലാം നിലമുഴുന്ന കൃഷിക്കാരൻെറ കയ്യിലെ പൊട്ടലും, ക്ഷീണവുംപോലെ നിസ്സാരങ്ങളായി അവൻ ഗണിക്കും.

ഇപ്പോൾ മനുഷ്യരെ ബന്ധിച്ചിരിക്കുന്ന മോഹവലയത്തെ ഇത്തരക്കാർ ഭേദിക്കും. നിരപ്പുള്ള വരണ്ട സമതലത്തിൽ അഗ്നി പതിച്ചാൽ എങ്ങനെ പ്രകാശിക്കുമോ അതുപോലെ, ഇവർ സംഖ്യയിൽ കുറഞ്ഞവരും, സാമുദായികസ്ഥിതിയിൽ താഴ്ന്നപടിക്കാരും വിദ്യാഭ്യാസത്തിലും സാമത്ഥ്യത്തിലും ദുർബ്ബലരുമാണെങ്കിലും ലോകത്തെ മുഴുവൻ ഉജ്ജ്വലിപ്പിക്കുകയും, മതസ്പർശമില്ലാതെ ക്ഷീണിച്ച മനുഷ്യഹൃദയങ്ങളെ ഉദ്ദീപിപ്പിക്കുകയും ചെയ്യും.

ഒരിക്കൽ സംഭവിച്ചതായി സങ്കല്പിക്കപ്പെടുന്ന ചില അത്ഭുതസംഭവങ്ങളെ വിശ്വസിക്കുന്നതല്ല മതം. ചില പ്രാത്ഥനകളുടെയും കമ്മങ്ങളുടെയും ആവശ്യം സ്വീകരിക്കുന്നതും മതമല്ല. ശാസ്ത്രജ്ഞന്മാർ സങ്കല്പിക്കുന്നതുപോലെ, ജീവിതത്തിൽ ഇപ്പോൾ സാഫല്യമോ പ്രയോജനമോ ഇല്ലാത്തതും പണ്ടത്തെ അജ്ഞതയിൽനിന്നും ഉളവായതുമായ അന്ധവിശ്വാസങ്ങളുടെ അവശേഷവുമല്ല മതം. യഥാത്ഥമതം എന്നതു ശാശ്വതജീവിതത്തോടും ദൈവത്തോടും മനുഷ്യനുള്ള ബന്ധമത്രേ. ഈ ബന്ധം യുക്തിക്കും ഇന്നത്തെ ജ്ഞാനത്തിനും യോജിച്ചതുമാകുന്നു. ഉദ്ദിഷ്ടലക്ഷ്യത്തിലേക്കു മനുഷ്യവർഗ്ഗത്തെ പുരോഗമിപ്പിക്കുന്നതു മതം ഒന്നുമാത്രമാണു്.

"മനുഷ്യാത്മാവു ദൈവത്തിൻെറ ദീപമാകുന്നു," എന്നു വിജ്ഞേയമായ ഒരു ഹീബ്രൂപ്രവചനം പ്രഖ്യാപിക്കുന്നു. ദൈവദീപം സ്വാത്മാവിൽ പ്രകാശിക്കുന്നതുവരെ മനുഷ്യൻ ദുർബ്ബലനും

നിസ്സാരനുമാണ്. എന്നാൽ ആ ദീപം പ്രകാശിക്കുമ്പോൾ മനുഷ്യൻ ലോകത്തിൽ ഏററവും സമൎത്ഥനായ ജീവിയായിത്തീരുന്നു. (മതപ്രബുദ്ധരായവരിലേ ആ ദീപം പ്രകാശിക്കുകയുള്ളു.) ഇങ്ങനെ മനുഷ്യൻ പ്രബലനാകുന്നതു്, സൎവ്വഥാ യുക്തിയുക്തം തന്നെ. എന്തെന്നാൽ അപ്പോൾ അവനിൽ പ്രവൎത്തിക്കുന്നതു് അവൻെറ ബലമല്ല, ദൈവത്തിൻെറ ബലമത്രേ.

ഇതാണു് മതവും മതസാരവും.

ഫെബ്രുവരി—1902

# മതവും സന്മാൎഗ്ഗവും

നിങ്ങൾ രണ്ടു ചോദ്യങ്ങൾ ചോദിക്കുന്നു:

മതമെന്നാൽ ഞാൻ മനസ്സിലാക്കുന്നതു് എന്തു്?

അപ്രകാരമുള്ള മതം കൂടാതെ സന്മാൎഗ്ഗത്തിനു സ്ഥാനം ഉണ്ടോ?

സുപ്രധാനങ്ങളും സുചിന്തിതങ്ങളും ആയ ഈ ചോദ്യങ്ങൾക്കു സമാധാനം നല്കുവാൻ ഞാൻ കഴിയുന്നത്ര ശ്രമിക്കാം.

മതമെന്നതിനു മൂന്നു ഭിന്നാൎത്ഥങ്ങളാണു് സാധാരണയായി സങ്കല്പിക്കുന്നതു്:

മതമെന്നാൽ മനുഷ്യൎക്കു് ഈശ്വരൻ നല്കുന്ന വിശിഷ്ടമായ സത്യവചനവും അതനുസരിച്ചുള്ള ഈശ്വരാരാധനയും ആകുന്നു. നിലവിലിരിക്കുന്ന ഏതെങ്കിലും ഒരു മതത്തെ വിശ്വസിക്കയും അതുമാത്രം സത്യമെന്നു ഗണിക്കയും ചെയ്യുന്നവർ കൊടുക്കുന്ന അൎത്ഥം ഇതാണു്.

ഏതാനും ചില അന്ധവിശ്വാസങ്ങളുടെ സമാഹാരവും അതനുസരിച്ചുള്ള അന്ധമായ ആരാധനയുമാണു് മതം. ഇങ്ങനെ നിൎവ്വചിക്കുന്നതു മതവിശ്വാസമില്ലാത്തവരും തങ്ങൾ വിമൎശിക്കുന്ന മതത്തെ സ്വീകരിക്കാത്തവരും ആകുന്നു.

സാമാന്യജനങ്ങളെ ആശ്വസിപ്പിക്കാനും അവരുടെ ക്ഷോഭങ്ങളെ നിയന്ത്രിക്കാനുംവേണ്ടി വിജ്ഞന്മാർ നിൎമ്മിച്ചിട്ടുള്ള പ്രമേയങ്ങളുടേയും നിയമങ്ങളുടേയും സംഗ്രഹമാണു് മതമെന്നത്രേ മറെറാരൎത്ഥം. മതമെന്ന നിലയിൽ അതേസ്സംബന്ധിച്ചു് ഉദാസീനരെങ്കിലും അതു ഭരണകൂടങ്ങൾക്കു് ഉതകുന്ന ഉപകരണമായി കരുതുന്നവർ കൊടുക്കുന്ന അൎത്ഥം ഇതാണു്.

ആദ്യത്തെ നിൎവ്വചനപ്രകാരം മതം പരമാൎത്ഥസത്യമത്രേ. ഏതു വിധത്തിലും അതിനെ പ്രചരിപ്പിക്കുന്നതു് അഭിലഷണീയംമാത്രമല്ല, ജനക്ഷേമത്തിനു് ആവശ്യകവും ആകുന്നു.

രണ്ടാമത്തെ നിൎവ്വചനം അനുസരിച്ച മതം അന്ധവിശ്വാസങ്ങളുടെ സമാഹാരമായതുകൊണ്ടു പൊതുജനക്ഷേമം കരുതി ഏതു തരത്തിലും അതിൽനിന്നും മനുഷ്യനെ അകററുന്നതു് ആശാസ്യവും അനപേക്ഷണീയവുമാണു്.

മൂന്നാമത്തെ നിൎവ്വചനപ്രകാരം മതം പ്രയോജനകരമായ ഒരു ഉപകരണമാകുന്നു. ഉച്ചസംസ്കാരം ഉള്ളവൎക്കു് ആവശ്യമില്ലെങ്കിലും സാമാന്യജനങ്ങളെ ആശ്വസിപ്പിക്കാനും നിയന്ത്രിക്കാനും അത്യാവശ്യമായതുകൊണ്ടു് അതിനെ നിലനിറുത്തേണ്ടതാണു്.

തനിക്കു നല്ലപോലെ അറിയാവുന്നതും താൻ ഇഷ്ടപ്പെടുന്നതുമായ രാഗമാണു് സംഗീതം എന്നും അതുകൊണ്ടു് അതു കഴിയുന്നത്ര പ്രചരിപ്പിക്കണം എന്നും പറയുന്നതുപോലെയാണു് പ്രഥമനിൎവ്വചനം.

മനസ്സിലാകാത്തതുകൊണ്ടു സംഗീതത്തെ വെറുക്കുന്ന ഒരുവൻ അതിനെ നിൎവ്വചിക്കുന്നതുപോലെയാണു് രണ്ടാമത്തെ നിൎവ്വചനത്തിൻെറ സ്വഭാവം. തൊണ്ടകൊണ്ടോ, വായ്കൊണ്ടോ, യന്ത്രങ്ങൾമൂലമോ ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതാണു് സംഗീതം എന്നു് ആ അരസികൻ പറയും. ഉപയോഗശൂന്യമെന്നതന്നെയല്ല ഉപദ്രവകരവുമായ ഒരു തൊഴിലായതുകൊണ്ടു സംഗീതമൗഢ്യത്തിൽനിന്നും സാമാന്യജനങ്ങളെ കഴിയുന്നത്ര വേഗത്തിൽ മോചിപ്പിക്കേണ്ടതാണെന്നും അവൻ അഭിപ്രായപ്പെടും.

നൃത്യപഠനത്തിനും ഘോഷയാത്രയ്ക്കും ഉതകുന്നതുകൊണ്ടു് ആ ആവശ്യങ്ങൾക്കായി സംഗീതം നിലനിറുത്തേണ്ടതാണെന്നു പറയുന്നതുപോലെയാണു് മൂന്നാമത്തെ നിൎവ്വചനം.

സംഗീതത്തിന്റെ മൎമ്മം മനസ്സിലാക്കാൻ സാധിക്കാതെ സ്വന്തം ദൃഷ്ടികോണിൽനിന്നും അതിന്റെ ചില വശങ്ങൾമാത്രം കാണുന്നതുകൊണ്ടാണു് ഈ നിൎവ്വചനങ്ങളെല്ലാം ഭിന്നവും അപൂൎണ്ണവും ആയിരിക്കുന്നതു്. മതത്തെക്കുറിച്ചു കൊടുത്തിരിക്കുന്ന മൂന്നു നിൎവ്വചനങ്ങൾക്കും ഈ ന്യൂനതയുണ്ടു്.

താൻ വിശ്വസിക്കുന്നതാണു് ശരിയായ മതം എന്നതാകുന്നു ആദ്യത്തെ നിൎവ്വചനം സിദ്ധാന്തിക്കുന്നതു്.

അന്യരുടെ ഒരു അന്ധവിശ്വാസമാണു് മതം എന്നതാകുന്നു രണ്ടാമത്തെ നിൎവ്വചനത്തിന്റെ സാരം.

യാതൊന്നു മററുള്ളവരെക്കൊണ്ടു വിശ്വസിപ്പിക്കുന്നതു് അഭിലഷണീയമായി താൻ കരുതുന്നുവോ അതത്രേ മതമെന്നതാണു് മൂന്നാമത്തെ നിൎവ്വചനത്തിന്റെ അഭിപ്രായം.

ഈ മൂന്നു നിൎവ്വചനങ്ങളിലും മതത്തിന്റെ യഥാൎത്ഥസ്വഭാവം കാണിച്ചിട്ടില്ല; മതമെന്നു ജനങ്ങൾ വിശ്വസിക്കുന്നതിനേയോ ഗണിക്കുന്നതിനേയോ ആണു് വിവക്ഷിച്ചിരിക്കുന്നതു്.

മതത്തിനുപകരം സ്വന്തം വിശ്വാസത്തെ പ്രഥമനിൎവ്വചനം സൂചിപ്പിക്കുന്നു. അന്യർ മതമെന്നു വിശ്വസിക്കുന്നതിനെയാണു് രണ്ടാമത്തെ നിൎവ്വചനം കുറിക്കുന്നതു്. ജനങ്ങൾക്കു മതത്തിന്റെ പേരിൽ കൊടുക്കപ്പെടുന്ന വിശ്വാസത്തെ മൂന്നാമത്തെ നിൎവ്വചനം ഉദ്ദേശിക്കുന്നു.

വിശ്വാസമെന്നാൽ എന്തു്? ജനങ്ങൾ ഏതെങ്കിലും ഒന്നിനെ വിശ്വാസമായി സ്വീകരിക്കുന്നതു് എന്തുകൊണ്ടു്? വിശ്വാസത്തിന്റെ സ്വരൂപത്തേയും ഉത്ഭവത്തേയുംപററി ആലോചിക്കാം.

അജ്ഞാതങ്ങളായ പ്രകൃതിവിലാസങ്ങളെ കണ്ടു് അതിൽനിന്നും ഉണ്ടാകുന്ന അന്ധമായ ഭയവും, ഈശ്വരത്വം ആരോപിക്കപ്പെട്ട പ്രകൃതിശക്തികളുടെ ആരാധനയും ചേൎന്നതാണു് മതത്തിന്റെ സാരം എന്നു് ഇന്നത്തെ സംസ്കാരസമ്പന്നന്മാരിൽ ഭൂരിപക്ഷവും തീൎച്ചപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു.

ആലോചനകൂടാതെ ഈ അഭിപ്രായത്തെ ഇന്നത്തെ പരിഷ്കൃതലോകം അംഗീകരിച്ചിരിക്കയാണു്. ശാസ്ത്രജ്ഞന്മാർ ഈ അഭിപ്രായത്തെ നിഷേധിക്കുന്നില്ലെന്നുമാത്രമല്ല, ബലമായി പിൻതാങ്ങുകയും ചെയ്യുന്നു. മതം അജ്ഞാനത്തിൻേറയും അന്ധവിശ്വാസത്തിൻേറയും പ്രകടനമാണെന്നു സാധാരണയായി സകലരും സമ്മതിച്ചിരിക്കുന്നതിനാൽ മതത്തിനു മറെറാരത്ഥവും ആഗമവും നല്കുന്ന മാക്സ്മുല്ലർ മുതലായ പണ്ഡിതന്മാരുടെ വാക്കുകൾ ഏറെക്കുറെ അജ്ഞാതമായി കിടക്കുന്നു. പത്തൊൻപതാം ശതകത്തിൻെറ ആരംഭത്തിൽ കത്തോലിക്കാമതം, പ്രോട്ടസ്റ്റാൻറുമതം, റഷ്യയിലെ ഗ്രീക്കുകത്തോലിക്കാമതം മുതലായവയെ ഉപേക്ഷിച്ച പ്രമാണികൾപോലും മനുഷ്യജീവിതത്തിൽ മതത്തിനുള്ള അനിഷേധ്യമായ സ്ഥാനത്തെ നിരാകരിച്ചിരുന്നില്ല. ഈശ്വരൻെറ അരുളപ്പാടിൽ വിശ്വസിക്കാത്തവരെങ്കിലും ആസ്തികന്മാരായിരുന്ന ബർദാർദിൻ, സാങ്പിയർ, ദിദറോ, റൂസ്സോ മുതലായവരെപ്പററി ഞാൻ പ്രത്യേകം പറയുന്നില്ല. വോൽടെയർപോലും ഈശ്വരനു് ഒരു സ്മാരകം സ്ഥാപിക്കയും, റോബെസ്പിയർ ആ പരമപിതാവിനു് ഒരു ഉത്സവം നടപ്പിലാക്കയും ചെയ്തു. എന്നാൽ മിക്ക ഫ്രെഞ്ചുകാരെപ്പോലെ കത്തോലിക്കാമതമാണു് ക്രിസ്തുമതമെന്നും ക്രിസ്തുമതത്തിൻെറ പൂണ്ണപരിണാമമെന്നും വിശ്വസിച്ച ഓഗസ്ററുകോംഷ്തെയുടെ കഴമ്പില്ലാത്ത ഉപദേശത്തിൻെറ പ്രാഭവത്താൽ ഏററവും താഴ്ന്ന അഭിപ്രായത്തെ അനുകൂലിക്കാൻ എപ്പോഴും ബദ്ധശ്രദ്ധരായ പരിഷ്കൃതന്മാർ മനുഷ്യസമുദായവികാസത്തിൽ അതീതകാലത്തിലെ ഒരു പടിമാത്രമാണു് മതമെന്നും അതു് ഇപ്പോൾ അഭിവൃദ്ധിക്കു തടസ്സമാണെന്നും നിശ്ചയിച്ചിരിക്കുന്നു. മതം, ദശ്നം എന്ന രണ്ടു പടികൾ കടന്നു മനുഷ്യസമുദായം ഇപ്പോൾ മൂന്നാമത്തേതും ഉച്ചതമവുമായ ശാസ്ത്രയുഗത്തിൽ എത്തിയിരിക്കുന്നു എന്നും, മനുഷ്യരിൽ ഇപ്പോൾ കാണുന്ന മതചേഷ്ടകൾ കുതിരയുടെ അഞ്ചാമത്തെ കാൽ

വിരൽപോലെ, അൎത്ഥശൂന്യവും അപ്രധാനവും ആയിത്തീൎന്നിരി ക്കുന്ന മതത്തിൻെറ അവശേഷമാണെന്നും പരക്കെ സമ്മതിക്ക പ്പെട്ടിരിക്കുന്നു.

പ്രകൃതിയിലെ അജ്ഞാതശക്തികൾ കണ്ടു് അതിൽനിന്നും ഉളവായ ഭയവും കല്പിതസത്വങ്ങളിലുള്ള വിശ്വാസവും അവയു ടെ ആരാധനയും ആണു് മതമെന്നു തെളിവുകൂടാതെ സ്വീകൃത മായിരിക്കുന്നു. പണ്ടു ഡമോക്രിററസ് എന്ന തത്വജ്ഞാനി ഇ പ്രകാരം സങ്കല്പിച്ചിരുന്നു. ഇക്കാലത്തെ തത്വജ്ഞാനികളും മതചരിത്രകാരന്മാരും അതുപോലെ അഭിപ്രായപ്പെടുന്നു.

എന്നാൽ അദൃശ്യവും അലൗകികവുമായ ഒരു സത്വമോ അനേകം സത്വങ്ങളോ ഉണ്ടെന്നു വിശ്വസിക്കുന്നതു് അജ്ഞാ തങ്ങളായ പ്രകൃതിശക്തികളെ കണ്ടു ഭയന്നിട്ടല്ല. എന്തെന്നാൽ സോക്രററസ്, ഡെക്കാർറെറ, ന്യൂട്ടൻ തുടങ്ങിയ മഹാപണ്ഡിത ന്മാരും ശാസ്ത്രജ്ഞന്മാരും അപ്രകാരമുള്ള സത്വത്തിൽ വിശ്വസി ച്ചിരുന്നു. പ്രകൃതിക്കു് അതീതനായ പരമപുരുഷൻ ഉണ്ടെന്നു് അവർ വിശ്വസിച്ചതു പ്രകൃതിയിലെ അജ്ഞാതശക്തികളെ കണ്ടു ഭയന്നിട്ടല്ലായിരുന്നു. മാത്രമല്ല പ്രകൃതിയിലെ ആശ്ചൎയ്യശക്തിക ളെ കണ്ടുണ്ടായ ഭയത്തിൽനിന്നാണു് മതം ഉത്ഭവിച്ചതു് എന്നു പറയുന്നതുകൊണ്ടു് അജ്ഞാതങ്ങളും അപ്രാകൃതങ്ങളുമായ സത്വ ങ്ങളെസ്സംബന്ധിച്ചുള്ള ധാരണ മനുഷ്യൎക്കു് എങ്ങനെ ഉണ്ടായി എന്ന മൂലപ്രശ്നത്തിനു് ഉത്തരം കിട്ടുന്നില്ല.

ഇടി, മിന്നൽ തുടങ്ങിയവയെ മനുഷ്യൻ ഭയപ്പെട്ടതു് അവ ഇടി, മിന്നൽ മുതലായവയാണെന്നു കരുതിത്തന്നെയാണു്. എ ന്നാൽ എവിടെയോ താമസിച്ചു ചിലപ്പോൾ ജനങ്ങളുടെനേ ൎക്കു് അമ്പു് അയയ്ക്കുന്ന ജ്യൂപ്പിററർ എന്ന അദൃശ്യനും അലൗകി കനും ആയ ദേവനെ മനുഷ്യൻ എന്തിനു സൃഷ്ടിച്ചു?

മരണദൃശ്യം കണ്ടു് അമ്പരന്നു മനുഷ്യർ മരണത്തെ ഭയപ്പെ ട്ടുവെന്നു വരാം. എന്നാൽ മരിച്ചവരുടെ ആത്മാക്കളെ സങ്കല്പിച്ചു്

അവരുമായി കാല്പനികബന്ധം പുലർത്താൻ കാരണം എന്തു്? ഇടിനാദം മുഴങ്ങുമ്പോൾ മനുഷ്യർ ഓടി രക്ഷ നേടാൻ ശ്രമിച്ചേക്കും. മരണഭയംകൊണ്ടു മരണത്തിൽനിന്നും ഒഴിയാനും മനുഷ്യർ പ്രയത്നിക്കാവുന്നതാണു്. എന്നാൽ തങ്ങൾക്കു് ആശ്രയമെന്നു കരുതി നിത്യനായ സർവ്വശക്തനെ മനുഷ്യർ സൃഷ്ടിച്ചതും മൃതന്മാരുടെ ആത്മാക്കളെ സങ്കല്പിച്ചതും ഭയംകൊണ്ടല്ല, മററു കാരണങ്ങൾകൊണ്ടത്രേ. ആ കാരണങ്ങളിലാണു് മതത്തിൻെറ യഥാർത്ഥമായ ബീജം സ്ഥിതിചെയ്യുന്നതു്.

ബാല്യത്തിൽത്തന്നെ മതബോധം വന്നിട്ടുള്ളവനു ബാഹ്യവും ഭയങ്കരവും ജഡവും ആയ ദൃശ്യങ്ങളെ കണ്ടല്ല തനിക്കു് ആ ബോധം ഉദിച്ചതെന്നു സ്വാനുഭവംകൊണ്ടു് അറിയാം. പ്രകൃതിയിലെ അജ്ഞാതശക്തികളെ കണ്ടുണ്ടാകുന്ന ഭയവുമായി യാതൊരു ബന്ധവും ഇല്ലാത്ത ഒരു അന്തർബോധംകൊണ്ടാണു് മതബോധം ഉദിക്കുന്നതു്. ആ ബോധത്താൽ മനുഷ്യൻ തൻെറ നിസ്സഹായതയും നിസ്സാരതയും അപരാധവും അറിയുന്നു. മനുഷ്യവികാസത്തിൻെറ ഒരു ഘട്ടത്തിൽമാത്രം പ്രകൃതിയിലെ അദൃശ്യശക്തികളെ കണ്ടു് അന്ധവിശ്വാസത്താൽ ഭയന്നു ദേവന്മാരെ ആരാധിക്കുന്നതല്ല മതമെന്നും ഭയവും പഠിപ്പിൻെറ തോതുമായി അതു ബന്ധപ്പെട്ടതല്ലെന്നും ഏതുതരം സംസ്കാരവികാസത്താലും അതു നശിക്കുന്നതല്ലെന്നും ബാഹ്യലോകനിരീക്ഷണവും സ്വാനുഭവവുംകൊണ്ടു മനുഷ്യനു മനസ്സിലാക്കാം. അസീമമായ ലോകത്തിൽ താൻ സീമാധീനനെന്നുള്ള ധാരണയും, ചെയ്യാവുന്നതും ചെയ്യേണ്ടതുംപോലെ താൻ ചെയ്തിട്ടില്ലെന്നുള്ള അപരാധബോധവും മനുഷ്യനു് എപ്പോഴും സഹജമാണു്. മനുഷ്യൻ മനുഷ്യനായിരിക്കുന്നിടത്തോളം ആ ബോധം നിലനില്ക്കയും ചെയ്യും.

ജന്തുസഹജമായ വാസനകൾ മാത്രമുള്ള ശൈശവം കടന്നു വിവേകം ഉദിക്കുമ്പോൾ തനിക്കു ചുററുമുള്ളതെല്ലാം മരണത്തെ അതിജീവിച്ചു നിലനില്ക്കുന്നതായും ക്ലിപ്തമായ ശാശ്വതനിയമ

ത്തെ തെററാതെ പരിപാലിക്കുന്നതായും മനുഷ്യൻ കാണുന്നു. വിശ്വത്തിൽ മററുള്ളവയിൽനിന്നും വേർതിരിഞ്ഞിരിക്കുന്നതായി തോന്നുന്ന താൻമാത്രം മരണത്തിനു വിധേയനായിരിക്കുന്നു. അനന്തമായ ദേശകാലങ്ങളിൽ താൻ മറഞ്ഞുപോകേണ്ടിവരുന്നു. സ്വകൃത്യങ്ങളെപ്പററി പരിതപിക്കേണ്ടതായും ഇരിക്കുന്നു; അതായതു തെററായി പ്രവൎത്തിച്ചതിൽപ്പിന്നെ നന്നായി ചെയ്യാമായിരുന്നു എന്ന ബോധം മനുഷ്യനെ ക്ലേശിപ്പിക്കുന്നു. ഇതെല്ലാം മനസ്സിലാകുമ്പോൾ വിവേകമുള്ള മനുഷ്യൻ ഇങ്ങനെ ചോദിക്കാതിരിക്കയില്ല. "ശാശ്വതവും അനന്തവും സുനിൎദ്ദിഷ്ടവുമായ ഈ വിശ്വത്തിൽ ക്ഷണികവും അസ്ഥിരവും അനിശ്ചിതവുമായ എൻെറ ജീവിതത്തിനു് എന്തു സാഫല്യമാണുള്ളതു്?" യഥാൎത്ഥമനുഷ്യജീവിതത്തിൽ പ്രവേശിക്കുമ്പോൾ ഈ ചോദ്യം ഒഴിച്ചുകൂടാത്തതാണു്.

ഓരോ മനുഷ്യനും ഈ ചോദ്യം നേരിടേണ്ടിവരുന്നു. എന്തെങ്കിലും ഒരു വിധത്തിൽ എല്ലാ മനുഷ്യരും ഇതിനു സമാധാനം കാണുന്നുമുണ്ടു്. ഈ ചോദ്യത്തിൻെറ ഉത്തരത്തിൽ എല്ലാ മതങ്ങളുടേയും സാരം അടങ്ങിയിരിക്കുന്നു. "ഞാൻ എന്തിനാണു് ജീവിക്കുന്നതു്? ചുററുമുള്ള അനന്തലോകവുമായി എനിക്കുള്ള ബന്ധം എന്തു്? എന്ന ചോദ്യങ്ങളുടെ സമാധാനത്തിൽ മതമൎമ്മം അന്തർഭവിക്കുന്നു.

ദൎശനശാസ്ത്രം, ദേവന്മാരേയും ലോകസൃഷ്ടിയേയും പററിയുള്ള വിശ്വാസങ്ങൾ, ബാഹ്യപൂജ ഇവയെ മതമെന്നു സാധാരണയായി സങ്കല്പിച്ചുവരുന്നു. എന്നാൽ ഇവയെല്ലാം മതം നിലവിലിരിക്കുന്നു എന്നതിൻെറ സൂചനകൾ മാത്രമാണു്. ദേശം, ജാതി, ചരിത്രം ഇവയനുസരിച്ചു് ആ സൂചനകൾ വ്യത്യസ്തമായുമിരിക്കുന്നു. ബാഹ്യലോകം, അതിൻെറ മൂലകാരണം, ഇവയുമായി മനുഷ്യനുള്ള ബന്ധം സ്ഥാപിക്കുക എന്നതാണു്, ഏററവും താഴ്ന്നതുമുതൽ ഏററവും ഉയൎന്നതുവരെയുള്ള എല്ലാ മതങ്ങളുടേ

യും അടിസ്ഥാനം. അത്യന്തം അപരിഷ്കൃതമോ സുതരാം സംസ്കൃതമോ ആയ ഏതു മതാനുഷ്ഠാനവും ആരാധനയും ഇതിൽ അടിയുറച്ചിരിക്കുന്നു. താനും മററുള്ളവരും ലോകത്തോടും ലോകത്തിൻെറ ആദികാരണത്തോടും പുലർത്തേണ്ട ബന്ധമാണു് ഓരോ മതസ്ഥാപകനും പ്രചരിപ്പിക്കുന്ന മതോപദേശം.

ഈ ബന്ധം മതസ്ഥാപകന്മാരുടേയും മതപ്രചാരകന്മാരുടേയും ജാതിയും ചരിത്രവും അനുസരിച്ചു പല രൂപങ്ങളിൽ പ്രകാശിക്കുന്നു. മാത്രമല്ല, സാമാന്യജനങ്ങളുടെ ധാരണയെ ശതാബ്ദങ്ങൾകൊണ്ടോ, സഹസ്രാബ്ദങ്ങൾകൊണ്ടോ അതിക്രമിച്ചിരിക്കുന്ന മതാചാര്യന്മാരുടെ ഉപദേശങ്ങളെ അവരുടെ അനുയായികൾ പല പ്രകാരത്തിലും വ്യാഖ്യാനിക്കയും ദുഷിപ്പിക്കയും ചെയ്തിരിക്കുന്നു. അതുകൊണ്ടു മനുഷ്യനും ലോകവുമായുള്ള ബന്ധങ്ങൾ—അതായതു്, മതങ്ങൾ—അസംഖ്യമാണെന്നു തോന്നാം. എങ്കിലും യഥാർത്ഥത്തിൽ ലോകത്തോടും ലോകകർത്താവോടും മനുഷ്യനുള്ള മൗലികബന്ധങ്ങൾ മൂന്നുമാത്രമേ ആയിരിക്കയുള്ളു.

1. വ്യക്തിഗതമായ പ്രാകൃതബന്ധം.

2. കുടുംബം, സമുദായം, രാഷ്ട്രം ഇവ അടിസ്ഥാനമാക്കിയ അജ്ഞാനിയുടെ ബന്ധം.

3. ക്രൈസ്തവം അഥവാ ദിവ്യബന്ധം.

സൂക്ഷ്മമായി പറയുകയാണെങ്കിൽ മനുഷ്യനു ലോകവുമായി പുലർത്താവുന്ന രണ്ടുതരം മൗലികബന്ധങ്ങൾ മാത്രമേയുള്ളു. 1) വ്യക്തിപരം, തനിച്ചോ മററു വ്യക്തികളുമായി ചേർന്നോ കിട്ടുന്ന വ്യക്തിനന്മയിൽ ജന്മസാഫല്യം കാണുക. 2) ക്രൈസ്തവം, മനുഷ്യനെ ലോകത്തിൽ ആനയിച്ച സൃഷ്ടികർത്താവിൻെറ സേവനത്തിൽ ജന്മസാഫല്യം കാണുക. ആദ്യമായി പ്രസ്താവിച്ച മൂന്നു വിഭാഗങ്ങളിൽ രണ്ടാമത്തെ ബന്ധം വാസ്തവത്തിൽ ഒന്നാമത്തേതിൻെറ വ്യാപകഭാവം മാത്രമാണു്.

ഈ ഭാവങ്ങളിൽ ആദ്യത്തേതു സൎവ്വപ്രാചീനമാകുന്നു. സ്വാൎത്ഥമാത്രപ്രേരിതമായതുകൊണ്ടു മററുള്ളവൎക്കുണ്ടാകുന്ന ക്ലേശങ്ങളെ ഗണിക്കാതെ കഴിയുന്നത്ര സ്വസുഖത്തിനായി ജീവിക്കുക എന്നതാണു് പ്രസ്തുതഭാവം. സന്മാൎഗ്ഗവികാസത്തിൻെറ ഏററവും താഴ്ന്നപടിയിൽ ജീവിക്കുന്നവരുടെയിടയിൽ ഈ ഭാവം ഇന്നും കാണുന്നുണ്ടു്.

അപരിഷ്കൃതമായ ഈ ഭാവത്തോടുകൂടിയാണു് ഓരോ ശിശുവും ജനിക്കുന്നതു്. പ്രഥമഘട്ടത്തിൽ എല്ലാ മനുഷ്യസമുദായങ്ങളും ഈ ഭാവത്തിൽ ജീവിച്ചിരുന്നു. സന്മാൎഗ്ഗപരമായി താണ്ന്ന പടിയിൽ നിലകൊള്ളുന്ന പലരും, എന്നുമാത്രമല്ല അപരിഷ്കൃതജാതികളും, ഈ ഭാവത്തിൽത്തന്നെയാണു് ഇപ്പോഴും കഴിഞ്ഞുകൂടുന്നതു്. ഈ ഭാവത്തിൽനിന്നും ഉളവായതത്രേ പണ്ടത്തെ അപരിഷ്കൃതമതങ്ങളും പിൽക്കാലത്തെ ബുദ്ധമതം, ടയോമതം, മഹമ്മദ്മതം, ക്രിസ്തുമതം മുതലായവയുടെ ദുഷിച്ച രൂപങ്ങളും. ലോകവുമായുള്ള ഈ ബന്ധത്തിൽനിന്നുതന്നെയാണു് ഇക്കാലത്തെ ഭൂതപ്രേതവാദവും ഉത്ഭവിച്ചിരിക്കുന്നതു്. ആ മതത്തിൻെറ അടിസ്ഥാനം വ്യക്തിഭാവം നിലനിറുത്താനുള്ള ആഗ്രഹമാകുന്നു. ജീവിതത്തെപ്പററിയുള്ള ഈ ധാരണയിൽനിന്നും നിൎഗ്ഗമിച്ചതാണു് പണ്ടത്തെ ആരാധനാസമ്പ്രദായങ്ങൾ, വെളിച്ചപ്പാടു്, മനുഷ്യനെപ്പോലെ സുഖഭോഗത്തിനുവേണ്ടി ജീവിക്കുന്ന സത്വങ്ങളിൽ ദേവത്വം ആരോപിക്കുന്നതു്, മനുഷ്യനുവേണ്ടി ശിപാൎശചെയ്യുന്ന പുണ്യവാളന്മാർ, മനുഷ്യൻെറ ലൗകികശ്രേയസ്സിനും സങ്കടനിവൃത്തിക്കുംവേണ്ടി നടത്തുന്ന പ്രാൎത്ഥനകൾ മുതലായവ.

(സ്വമതാനുയായികളോടു ലൗകികാനുഗ്രഹങ്ങളെ എന്നല്ല ജീവിതത്തെപ്പോലും പരിത്യജിക്കാൻ ഉപദേശിക്കുന്ന ബുദ്ധമതവും യഥാൎത്ഥത്തിൽ വ്യക്തിനന്മയിൽ വേരൂന്നിയിരിക്കയാണു്. അതിനും മററുള്ള പ്രാചീനമതങ്ങൾക്കും തമ്മിലുള്ള വ്യത്യാസം ഇതത്രേ. സുഖം മനുഷ്യൻെറ അവകാശമായി മററു മത

ങ്ങൾ പറയുന്നു. വ്യക്തിജീവിതത്തിനു ദുഃഖം നൽകുന്ന ലോകം തിരോഭവിക്കണമെന്നാണ് ബുദ്ധമതം നിർദ്ദേശിക്കുന്നത്. അതിനാൽ ബുദ്ധമതത്തെ പ്രാചീനമതങ്ങളുടെ നിഷേധാത്മകമായ രൂപമായി കരുതാം.)

ലോകവുമായുള്ള മനുഷ്യബന്ധത്തിൻെറ രണ്ടാമത്തെ ഭാവം സാമുദായികമാണല്ലോ. ഇതു മനുഷ്യവർഗ്ഗത്തിൻെറ അടുത്ത പടിയാകുന്നു. പ്രധാനമായി, പ്രായപൂർത്തി വന്നവർക്കു സഹജമായ ഭാവം ഇതത്രേ. ഈ അവസ്ഥയിൽ ഒരു പ്രത്യേകവ്യക്തിയുടെ ക്ഷേമമല്ല ജന്മസാഫല്യമായി ഗണിക്കപ്പെടുന്നത്. കുടുംബം, കുലം, ജാതി, രാഷ്ട്രം, സാമ്രാജ്യം, മനുഷ്യസമുദായം എന്നിങ്ങനെയുള്ള ജനസമൂഹത്തിൻെറ ക്ഷേമമാകുന്നു ഈ സ്ഥിതിയിൽ എത്തിട്ടുള്ളവരുടെ ജീവിതലക്ഷ്യം. ഇതിൽനിന്നും ഒരുതരം മതം സൃഷ്ടിക്കാനാണ് കോംങ്തെയും അദ്ദേഹത്തിൻെറ അനുയായികളും ശ്രമിച്ചത്.

ലോകവുമായി മനുഷ്യനുള്ള ഈ ബന്ധത്തിൽ ജീവിതസാഫല്യത്തിൻെറ അർത്ഥം വികസിച്ചു വ്യക്തിയിൽനിന്നും കുടുംബം, കുലം, രാഷ്ട്രം, സാമ്രാജ്യം മുതലായ സമൂഹങ്ങളിൽ വ്യാപിക്കുന്നു. സമൂഹക്ഷേമം ജീവിതലക്ഷ്യമായിത്തീരുന്നു. പിതൃഭരണരീതിയിലും സാമുദായികരീതിയിലും സ്ഥാപിതങ്ങളായ സകലമതങ്ങളും ഈ ഭാവത്തിൽനിന്നും ഉത്ഭവിച്ചതാണ്. ചൈനയിലേയും ജപ്പാനിലേയും മതങ്ങൾ, യഹൂദമതം, റോമക്കാരുടെ രാഷ്ട്രീയമതം, നമ്മുടെ പള്ളിയുടേയും രാഷ്ട്രത്തിൻേറയും മതം, കോംങ്തെയുടെ ഭൗതികമായ ജനതാവാദം ഇവയെല്ലാം ഇതിന് ഉദാഹരണങ്ങളാകുന്നു.

ചൈനയിലും ജപ്പാനിലും നിലവിലിരിക്കുന്ന പൂർവ്വികന്മാരുടെ ആരാധന, റോമിലുണ്ടായിരുന്ന ചക്രവർത്തിപൂജ, ദൈവവുമായുള്ള കരാറു പരിപാലിക്കാൻവേണ്ടി യഹൂദന്മാർ നടത്തുന്ന വിവിധകർമ്മങ്ങൾ, രാഷ്ട്രശ്രേയസ്സിനും യുദ്ധവിജയത്തിനും വേ

ണ്ടി കുടുംബവും സമുദായവും പള്ളികളും നടത്തുന്ന പ്രാൎത്ഥന കൾ ഇവയെല്ലാം ലോകവുമായി മനുഷ്യൻ സ്ഥാപിക്കുന്ന ഈ ബന്ധത്തിലാണു് നിലകൊള്ളുന്നതു്.

മൂന്നാമത്തേതായ ക്രൈസ്തവഭാവം വൃദ്ധന്മാൎക്കു സഹജമത്രേ. എന്റെ അഭിപ്രായത്തിൽ മനുഷ്യവൎഗ്ഗം ഒട്ടാകെ ആ ഭാവത്തി ലേയ്ക്കു് ഇപ്പോൾ നീങ്ങുകയാണു്. ഈ ഘട്ടത്തിൽ വ്യക്തിതാല്പ ൎയ്യങ്ങളോ സമുദായതാല്പൎയ്യങ്ങളോ ജീവിതോദ്ദേശമായി ഗണിക്ക പ്പെടുകയില്ല. ഈ ഭാവത്തിൽ സ്വാൎത്ഥമോ, സമുദായപ്രയോജന മോ, കരുതാതെ മനുഷ്യനേയും ലോകത്തേയും സൃഷ്ടിച്ച ജഗന്നി യന്താവിന്റെ ഇച്ഛയെ പരിപാലിക്കുന്നതു ജന്മസാഫല്യമായി തീരുന്നു.

ഈ ഭാവത്തിൽനിന്നാണു് നമുക്കറിയാവുന്ന ശ്രേഷ്ഠമായ മതോപദേശങ്ങൾ ഉത്ഭവിച്ചിട്ടുള്ളതു്. പിത്തഗോറിയക്കാർ തേര പ്യൂത്തേ, എസ്സേൻ മുതലായ മതസമ്പ്രദായങ്ങളിലും ഈജിപ്ത് കാർ, പേഷ്യക്കാർ, ഹിന്ദുക്കൾ, ബുദ്ധമതാനുയായികൾ, ടയോമ തക്കാർ മുതലായവരിലും ഈ ഭാവത്തിന്റെ ബീജങ്ങൾ കാണു ന്നുണ്ടു്. എങ്കിലും ഇതു പൂൎണ്ണമായി വികസിച്ചതു യഥാൎത്ഥവും പാവനവുമായ ക്രിസ്തുമതത്തിലാകുന്നു. ഈ ഭാവത്തിൽനിന്നും ഉ ളവായ പ്രാചീനമതങ്ങളിലെ ആരാധനാക്രമങ്ങളും, ഏകത്വ വാദികൾ, സാൎവ്വത്രികമോക്ഷവാദികൾ, ക്വേക്കർമതസമ്പ്രദായ ക്കാർ, സെർബിയാനസ്രാണികൾ, ഏകത്വവാദികളായ റഷ്യ യിലെ ദുഃഖോബോറക്കാർ, യുക്തിവാദികളെന്നഭിമാനിക്കുന്ന മ തസമ്പ്രദായക്കാർ ഇവരുടെ ബാഹ്യപൂജാരീതികളും മതപ്രസം ഗങ്ങളും, സങ്കീൎത്തനങ്ങളും, യോഗങ്ങളും, പുസ്തകങ്ങളും എല്ലാം ലോകവുമായി മനുഷ്യനുള്ള ഈ ദിവ്യബന്ധത്തിന്റെ പ്രകടന ങ്ങളാണു്.

ലോകത്തെ വീക്ഷിക്കുന്ന ഈ മൂന്നു ഭാവങ്ങൾ അനുസരി ച്ചു് ഏതു മതത്തേയും വൎഗ്ഗീകരിക്കാൻ സാധിക്കും. മൃഗീയാവസ്ഥ

കടന്നിട്ടുള്ളവരെല്ലാം ഈ ഭാവങ്ങളിൽ ഏതെങ്കിലും ഒന്നിനെ ആശ്രയിക്കുന്നു. പുറമേ ഏതു മതത്തിൽ ചേർന്നതായി ഭാവിച്ചാലും ഓരോ മനുഷ്യനും പുലർത്തുന്ന മനോഭാവമാണ് അവൻെറ യഥാർത്ഥമതം.

ലോകവുമായി ഏതെങ്കിലും ഒരു ബന്ധം ഓരോ മനുഷ്യനും കൈക്കൊള്ളേണ്ടിവരുന്നു. എന്തെന്നാൽ ബുദ്ധിശക്തിയുള്ള മനുഷ്യനു ചുററുമുള്ള ലോകവുമായി ഒരു ബന്ധം സ്ഥാപിക്കാതെ ജീവിക്കാൻ നിവൃത്തിയില്ല. നമുക്ക് അറിയാവുന്നിടത്തോളം ആ ബന്ധം മൂന്നുവിധത്തിൽ മാത്രമേ മനുഷ്യൻ സങ്കല്പിച്ചിട്ടുള്ളു. അതുകൊണ്ടു് ഓരോ മനുഷ്യനും ഇവയിൽ ഒന്നു സ്വീകരിക്കുന്നു. ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും ഈ മൂന്നു മതങ്ങളിൽ ഒന്നിൽ ഏതു മനുഷ്യനും ചേരാതെ ഗത്യന്തരമില്ല.

അതുകൊണ്ടു്, പാശ്ചാത്യലോകത്തിലെ സംസ്കാരസമ്പന്നന്മാർ പരിഷ്കാരത്തിൻെറ അത്യുച്ചമായ നില പ്രാപിച്ചതുകൊണ്ടു മതം ആവശ്യമില്ലെന്നും അവക്കു മതമില്ലെന്നും പ്രഖ്യാപിക്കുന്നതിൻെറ സാരം അവർ സഹജമായ ക്രിസ്തുമതം ഉപേക്ഷിച്ച് അറിയാതെതന്നെ താഴ്ന്നതായ കുടുംബമതമോ സാമുദായികമതമോ, രാഷ്ട്രീയമതമോ, പ്രാചീനമായ അപരിഷ്കൃതമതമോ സ്വീകരിക്കുന്നു എന്നു മാത്രമാണ്. ഹൃദയയന്ത്രമില്ലാത്ത മനുഷ്യൻ ഇല്ല. അതുപോലെ, മതമില്ലാത്ത—അതായതു ലോകത്തോടു് ഒരു ബന്ധം പുലർത്താത്ത—മനുഷ്യനും ഇല്ലതന്നെ. തനിക്ക് ഒരു മതം ഉള്ളതായി ഒരുവൻ ധരിച്ചിട്ടില്ലെന്നു വരാം. തങ്ങൾക്കു ഹൃദയമുണ്ടെന്നു ധരിക്കാത്ത മനുഷ്യരും ഉണ്ടല്ലോ. എന്നാൽ എല്ലാവക്കും ഹൃദയമുണ്ടു്. അതുപോലെ എല്ലാ മനുഷ്യർക്കും മതവുമുണ്ടു്.

ചുററുമുള്ള അനന്തമായ ലോകത്തോടും ലോകത്തിൻെറ ആദികാരണത്തോടും മനുഷ്യനുള്ള ബന്ധം പുലർത്തുന്നതാണ് മതം. വിവേകമുള്ള മനുഷ്യനു് അവയുമായി ഒരു ബന്ധം സ്ഥാപിക്കാതിരിക്കാൻ നിവൃത്തിയില്ല.

ലോകവുമായി മനുഷ്യനുള്ള ബന്ധം നിൎദ്ദേശിക്കുന്നതു മതത്തിന്റെയല്ല, തത്ത്വജ്ഞാനത്തിന്റെയോ തത്വജ്ഞാനത്തെ അതിൽ ഉൾപ്പെടുത്തുന്നതായാൽ ശാസ്ത്രത്തിന്റെയോ ചുമതലയാണെന്നു് ഒരുപക്ഷേ നിങ്ങൾ പറയുമായിരിക്കും. എന്നാൽ തത്വജ്ഞാനത്തെ ഉൾപ്പെടുത്തുന്ന ശാസ്ത്രത്തിനു ലോകവുമായി മനുഷ്യനുള്ള ബന്ധത്തെ നിൎദ്ദേശിക്കാമെന്നു സങ്കല്പിക്കുന്നതു് അബദ്ധമാണു്. നമ്മുടെ സമുദായത്തിലുള്ള സംസ്കാരസമ്പന്നന്മാരുടെ ഇടയിൽ മതം, ശാസ്ത്രം, സന്മാൎഗ്ഗം ഇവയെപ്പററിയുള്ള തെററിദ്ധാരണങ്ങൾക്കു കാരണം ഈ അബദ്ധമായ സങ്കല്പമത്രേ. തത്വജ്ഞാനത്തെ ഉൾക്കൊള്ളുന്ന ശാസ്ത്രത്തിനുപോലും മനുഷ്യനു് അനന്തമായ ലോകത്തോടും ലോകകാരണത്തോടുമുള്ള ബന്ധത്തെ നിൎദ്ദേശിക്കാൻ സാധിക്കയില്ല. എന്തെന്നാൽ തത്വജ്ഞാനത്തിനും ശാസ്ത്രത്തിനും മുമ്പുതന്നെ ആ ബന്ധം നിലനിന്നിരിക്കണം. ആ ബന്ധം കൂടാതെ ഒരു മനോവ്യാപാരമോ, മനുഷ്യനും ലോകവും തമ്മിലുള്ള സമ്പൎക്കമോ സാദ്ധ്യമല്ല.

ഏതു വശത്തേക്കു പോകണമെന്നുള്ളതു് ഏതുവിധചലനംകൊണ്ടും മനുഷ്യനു നിശ്ചയിക്കാൻ സാധ്യമല്ല. എങ്കിലും ഓരോ ചലനവും മനുഷ്യനെ ഏതെങ്കിലും ഒരു വശത്തേക്കു കൊണ്ടുപോകുന്നു. അതുപോലെ തത്ത്വജ്ഞാനത്തിലും ശാസ്ത്രത്തിലും മനസ്സിനെ വ്യാപരിപ്പിക്കുന്നതുകൊണ്ടു് ആ മനോവ്യാപാരം ഏതു വശത്തേക്കായിരിക്കണമെന്നു നിശ്ചയിക്കാൻ പാടില്ല. എങ്കിലും ഓരോ മനോവ്യാപാരവും അതിനു നിൎദ്ദേശിച്ചിട്ടുള്ള ഒരു വശത്തേക്കുതന്നെയാണു് പോകുന്നതു്. ഏതു മനോവ്യാപാരത്തിന്റെയും ഗതി നിൎണ്ണയിക്കുന്നതു മതമത്രേ. മതം നല്കിയ വശത്തേക്കുതന്നെയാണു് പ്ലേറേറാമുതൽ ഷൊപ്പൻഹൌവർ വരെയുള്ള കേൾവികേട്ട തത്ത്വജ്ഞാനികൾ പോയിട്ടുള്ളതു്. വ്യക്തിക്കും രാഷ്ട്രത്തിലെ വ്യക്തിസമൂഹത്തിനും കഴിയുന്നത്ര ശ്രേയസ്സു വരുത്താനുള്ള വഴികൾ കണ്ടുപിടിക്കുക എന്നതായിരുന്നു

ശ്ലേറോവിന്റെ തത്വജ്ഞാനലക്ഷ്യം. വ്യക്തിയുടെ രക്ഷയ്ക്കു ള്ള, അതായതു ഭാവിജീവിതത്തിൽ വ്യക്തിക്കു കഴിയുന്നത്ര ശ്രേയസ്സു കിട്ടാനുള്ള, വഴികളെയാണു് മദ്ധ്യയുഗത്തിലെ ക്രിസ്തീയതത്വജ്ഞാനം തേടിയതു്. മതാദ്ധ്യക്ഷന്മാരുടെ ഭരണം നടപ്പിൽ വരുത്താൻ ശ്രമിച്ചപ്പോൾ സമുദായക്ഷേമത്തിനു് ഉതകുന്ന മാർഗ്ഗങ്ങളും ആലോചിക്കപ്പെട്ടു.

ഹെഗലിന്റെയും കോങ്തെയുടേയും തത്വജ്ഞാനമാർഗ്ഗങ്ങൾ, രാഷ്ട്രം, സമുദായം ഇവയുടെ നന്മയെ തേടുന്ന മനോഭാവത്തിൽ പ്രതിഷ്ഠിതങ്ങളായിരിക്കുന്നു. ഷോപ്പൻഹൗവറിന്റെയും ഹാർട്ട്മാന്റെയും ദുഃഖാപ്തിവാദം യഹൂദമതത്തിലെ സൃഷ്ടിവാദത്തെ ഉപേക്ഷിക്കാൻ ഉദ്ദേശിച്ചു് അവർ അറിയാതെതന്നെ ബുദ്ധമതത്തിന്റെ അടിസ്ഥാനതത്വത്തെ അവലംബിക്കയാണു് ചെയ്തതു്.

മനുഷ്യനും ലോകവും തമ്മിൽ മതം സ്ഥാപിക്കുന്ന ബന്ധത്തിന്റെ ഫലങ്ങളെയാണു് തത്വജ്ഞാനം പരിശോധിച്ചിട്ടുള്ളതും എപ്പോഴും പരിശോധിക്കുന്നതും. ആ ബന്ധം നിശ്ചയിക്കാതെ തത്വജ്ഞാനത്തിനു പ്രവർത്തിക്കാൻ യാതൊന്നുമില്ല.

ഇതുപോലെതന്നെയാണു് തത്വജ്ഞാനം കലരാത്ത ശാസ്ത്രത്തിന്റെയും ഗതി. മനുഷ്യനും ലോകവും തമ്മിൽ മതം സ്ഥാപിച്ചിട്ടുള്ള ബന്ധംനിമിത്തം ആലോചിക്കേണ്ടതായി തോന്നുന്ന വിഷയങ്ങളേയും സംഭവങ്ങളേയും പരിശോധിച്ചു പഠിക്കുക മാത്രമാണു് ശാസ്ത്രം ചെയ്തിട്ടുള്ളതും ചെയ്യാവുന്നതും.

ചില ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നതുപോലെ ശാസ്ത്രം സകലതിന്റെയും പഠനമല്ല. പഠിക്കാവുന്ന വിഷയങ്ങൾ അസംഖ്യമത്രേ. പരിശോധിക്കാവുന്ന അസംഖ്യം വിഷയങ്ങൾ, സംഭവങ്ങൾ, അവസ്ഥകൾ, ഇവയിൽനിന്നും ക്രമവും പ്രാധാന്യവും അനുസരിച്ചു മതം തിരഞ്ഞെടുക്കുന്നവയുടെ പഠനമാണു് ശാസ്ത്രം. അതുകൊണ്ടു ശാസ്ത്രം ഏകവും അഖണ്ഡവുമല്ല. മതങ്ങളുടെ തോതനുസരിച്ചു് അനേകം ശാസ്ത്രങ്ങൾ ഉണ്ടു്.

പരിശോധിക്കാനായി മതം ചില വിഷയങ്ങളെ തിരഞ്ഞെടുക്കുന്നു. അതിനാൽ ഓരോ കാലത്തിൽ ഓരോ ജനതയുടെ ശാസ്ത്രം അപ്പോൾ മതം നല്കുന്ന വീക്ഷണകേന്ദ്രം അനുസരിച്ചിരിക്കുന്നു.

മനുഷ്യനു് ഏററവും കൂടുതൽ ശ്രേയസ്സു് ഉളവാകാൻ ഉതകുന്ന വ്യവസ്ഥകളും അവസ്ഥകളും പരിശോധിക്കയാണു് പുനരുദ്ധരണകാലത്തിൽ പുനഃസ്ഥാപിക്കപ്പെട്ടതും ഇന്നു നമ്മുടെ സമുദായത്തിൽ വളരുന്നതും ആയ ശാസ്ത്രം ചെയ്തിട്ടുള്ളതും ചെയ്യുന്നതും. ദുഃഖങ്ങളിൽനിന്നും മനുഷ്യനെ മോചിപ്പിക്കാനുള്ള വ്യവസ്ഥകളുടെ ഗവേഷണമാണു് ഹിന്ദുക്കളുടേയും ബുദ്ധമതാനുയായികളുടേയും തത്ത്വജ്ഞാനം. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജാതി ദൈവവുമായുള്ള കരാറു പരിപാലിക്കാനും അതിനു നിർദ്ദേശിച്ചിട്ടുള്ള ഉച്ചനിലയിൽ നിലനില്ക്കാനും ആചരിക്കേണ്ട വ്യവസ്ഥകളെ പഠിച്ചു സ്പഷ്ടമാക്കുകയാണു് ഹീബ്രുശാസ്ത്രം ചെയ്തതു്. മനുഷ്യനു രക്ഷ നേടാൻ വേണ്ട വ്യവസ്ഥകൾ കണ്ടുപിടിക്കയാണു് പള്ളിയിലെ ക്രിസ്തുമതശാസ്ത്രം ചെയ്തിട്ടുള്ളതും ചെയ്യുന്നതും. ഇപ്പോൾമാത്രം ആവിർഭവിക്കാൻ ആരംഭിക്കുന്ന യഥാർത്ഥക്രിസ്തുമതശാസ്ത്രം, പരമപിതാവിൻെറ ഇച്ഛയറിഞ്ഞു് അനുസരിച്ചു ജീവിക്കുന്നതിനെപ്പററി അനുസന്ധാനം ചെയ്യുന്നു.

ലോകത്തോടു മനുഷ്യനുള്ള ബന്ധം സ്ഥാപിക്കാൻ തത്ത്വജ്ഞാനത്തിനോ, ശാസ്ത്രത്തിനോ സാധിക്കയില്ല. എന്തെന്നാൽ തത്ത്വജ്ഞാനവും ശാസ്ത്രവും ഉത്ഭവിക്കുന്നതിനുമുമ്പു് ആ ബന്ധം സ്ഥാപിച്ചിരിക്കണം. ഇതിനു മറെറാരു കാരണവും ഉണ്ടു്. ഗവേഷകൻെറ അവസ്ഥയും വികാരങ്ങളും കണക്കാക്കാതെ ബുദ്ധിപരമായി മാത്രമാണു് ശാസ്ത്രവും തത്ത്വജ്ഞാനവും പ്രകൃതിസംഭവങ്ങളെ പരിശോധിക്കുന്നതു്. എന്നാൽ ലോകത്തോടു മനുഷ്യനുള്ള ബന്ധം നിർദ്ദേശിക്കുന്നതു ബുദ്ധികൊണ്ടുമാത്രമല്ല, വികാരങ്ങളും മററു ആദ്ധ്യാത്മികശക്തികളുംകൊണ്ടുകൂടിയാണു്.

പരമാൎത്ഥത്തിൽ ഉള്ളതു് ആദൎശമാത്രമാണെന്നോ, അണുക്കളുടെ സമാഹാരമാണു് സകലതും എന്നോ, ജീവിതത്തിന്റെ സാരം വസ്തുവാണെന്നോ, ഇച്ഛയാണെന്നോ, താപവും പ്രകാശവും ചലനവും വൈദ്യുതിയും എല്ലാം ഒരേ ശക്തിയുടെ വിവിധഭാവങ്ങളാണെന്നോ എന്തുതന്നെ പറഞ്ഞാലും ദുഃഖിക്കയും സന്തോഷിക്കയും ഭയപ്പെടുകയും ആശിക്കയും ചെയ്യുന്ന മനുഷ്യനു ലോകത്തിൽ തന്റെ സ്ഥാനം എന്തെന്നു് അതുകൊണ്ടൊന്നും മനസ്സിലാകയില്ല.

ആ സ്ഥാനവും തന്നിമിത്തം ലോകത്തോടുള്ള തന്റെ ബന്ധവും മതമാണു് വെളിപ്പെടുത്തുന്നതു്. മതം മനുഷ്യനോടു പറയുന്നു: "ഈ ലോകം നിനക്കുവേണ്ടിയാണു്. അതുകൊണ്ടു ലോകത്തിൽനിന്നും കിട്ടാവുന്നതെല്ലാം എടുത്തുകൊള്ളുക." അഥവാ "ദൈവസ്നേഹത്തിനു പാത്രമായ ഒരു ജാതിയിലാണു് നീ ഉൾപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടു് ആ ജാതിയുടെ സേവനം നടത്തുക. ദൈവം ആവശ്യപ്പെട്ടിട്ടുള്ളതെല്ലാം നിറവേററുക. അങ്ങനെ ചെയ്താൽ നിനക്കും നിന്റെ ജാതിക്കും സൎവ്വോച്ചമായ നന്മ കിട്ടുന്നതാണു്." അഥവാ, "നിൎദ്ദിഷ്ടമായ ഒരു ജോലി നിൎവ്വഹിക്കാൻ പരമപിതാവു നിന്നെ ലോകത്തിൽ അയച്ചിരിക്കയാണു്. അതു മനസ്സിലാക്കി നിറവേററുക. അതുകൊണ്ടു നിനക്കു വേണ്ടത്ര നന്മ കൈവരുന്നതാണു്."

തത്ത്വജ്ഞാനത്തിന്റെയും ശാസ്ത്രത്തിന്റെയും പ്രമേയങ്ങൾ മനസ്സിലാക്കാൻ വളരെയെല്ലാം തയ്യാറെടുത്തു പഠിക്കേണ്ടതായുണ്ടു്. എന്നാൽ മതം മനസ്സിലാക്കാൻ അതൊന്നും ആവശ്യമില്ല. ഏററവും അജ്ഞനുപോലും അതു മനസ്സിലാകുന്നതാണു്.

ചുററുമുള്ള ലോകത്തോടും, ലോകകാരണത്തോടും തനിക്കുള്ള ബന്ധം മനസ്സിലാക്കാൻ തത്ത്വജ്ഞാനമോ ശാസ്ത്രമോ പഠിക്കേണ്ടതായില്ല. മാത്രമല്ല, ബുദ്ധിക്കു ഭാരം കൂട്ടുന്ന അത്തരം പഠനം ആ ബന്ധം ധരിക്കാൻ തടസ്സവുമായിത്തീരാം. മതം മന

സ്സിലാക്കാൻ ആവശ്യമുള്ളതു കുറേക്കാലത്തേയ്ക്കു ലൗകികചിന്തകൾ ഉപേക്ഷിക്കയും തന്റെ നിസ്സാരത ധരിക്കയും ആത്മാൎത്ഥത പുലൎത്തുകയും ചെയ്യുക എന്നതാണു്. സുവിശേഷങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ ഈ ഗുണങ്ങൾ ശിശുക്കളിലും, എളിയവരിലും, വലിയ പഠിപ്പില്ലാത്തവരിലും, പലപ്പോഴും കാണുന്നുണ്ടു്. അതുകൊണ്ടുതന്നെയാണു് ഉച്ചമായ ക്രിസ്തുമതബോധം എളിയവരും സരളന്മാരും അജ്ഞന്മാരും സ്പഷ്ടമായി എളുപ്പം മനസ്സിലാക്കുന്നതും, വളരെ പഠിപ്പുള്ള പരിഷ്കൃതന്മാർ സ്ഥൂലമായ മതാഭാസത്തിൽ ആണ്ടുകിടക്കുന്നതും. ഉദാഹരണമായി സുശിക്ഷിതന്മാരായ പരിഷ്കൃതന്മാർ, അതിബുദ്ധിമാനും പണ്ഡിതനുമായ ഷൊപ്പൻഹൗവറെപ്പോലെ സ്വന്തം സുഖവും ദുഃഖനിവൃത്തിയും ജീവിതോദ്ദേശമായി കരുതുന്നു. അഥവാ വളരെ പഠിപ്പുള്ള മതാദ്ധ്യക്ഷന്മാരെപ്പോലെ വൈദികചടങ്ങുകൾ നടത്തി സ്വന്തം രക്ഷ തേടുന്നതു ജീവിതലക്ഷ്യമായി ഗണിക്കുന്നു. നേരെ മറിച്ചു്, മിക്കവാറും അജ്ഞനായ ഒരു റഷ്യൻകൃഷീവലൻ ലോകവിഖ്യാതരായ എപ്പിക്ടറ്റസ്, മാൎക്കസ്അറീലിയസ്, സെനക മുതലായ മഹാത്മാക്കളെപ്പോലെ താൻ ദൈവത്തിന്റെ ഇച്ഛ നിറവേററാനുള്ള ഒരു ഉപകരണമെന്നും ദൈവപുത്രനെന്നും ക്ലേശം കൂടാതെ മനസ്സിലാക്കുന്നു.

''ശാസ്ത്രവും തത്ത്വജ്ഞാനവും അല്ലാത്ത ഈ ജ്ഞാനത്തിന്റെ സ്വരൂപമെന്തു്? ശാസ്ത്രവും തത്ത്വജ്ഞാനവും അല്ലെങ്കിൽ പിന്നെ ഇതിനെ നിൎവ്വചിക്കുന്നതു് എങ്ങനെ?'' എന്റെ ഉത്തരം ഇത്രമാത്രമാണു്. മതബോധത്തിലത്രേ മററെല്ലാ ശാസ്ത്രങ്ങളും അടിയുറച്ചിരിക്കുന്നതു്. അതിനാൽ മററു ശാസ്ത്രങ്ങൾക്കു മതബോധത്തെ നിൎവ്വചിക്കാൻ സാധിക്കയില്ല. അങ്ങനെ നിൎവ്വചിക്കാൻ തക്ക ഉപകരണങ്ങൾ നമുക്കില്ല. മതത്തിന്റെ സാങ്കേതികഭാഷയിൽ പറയുന്നതായാൽ ആ ബോധം ദൈവവചനമാണു്. ദൈവവചനം എന്ന ശബ്ദത്തിനു ഗൂഢാൎത്ഥം കല്പി

ച്ചില്ലെങ്കിൽ ഈ വിവരണം യഥാൎത്ഥംതന്നെ. എന്തെന്നാൽ ശിക്ഷണംകൊണ്ടോ ഒരു വ്യക്തിയുടേയോ അനേകം വ്യക്തികളുടേയോ പരിശ്രമംകൊണ്ടോ ആ ബോധം ലഭിക്കുന്നതല്ല. ക്രമേണ മനുഷ്യസമുദായത്തിൽ പ്രകാശിക്കുന്ന ആ ബോധത്തെ അനന്തജ്ഞാനത്തിൻെറ പ്രകാശമായി ഒരു മനുഷ്യനോ അനേകം മനുഷ്യരോ സ്വീകരിച്ചാൽ മാത്രമേ ആ ബോധം കിട്ടുകയുള്ളൂ.

ജീവിതോദ്ദേശം ഒരു വ്യക്തിയുടെ സുഖത്തിൽ മാത്രം സീമാബദ്ധമായിരിക്കുന്നില്ലെന്നുള്ളതു പതിനായിരം വൎഷം മുമ്പു ജനങ്ങൾ ധരിക്കാത്തതു് എന്തുകൊണ്ടു്? കുടുംബത്തിൻെറയോ, സമുദായത്തിൻെറയോ, ജാതിയുടെയോ, രാഷ്ട്രത്തിൻെറയോ നന്മയാണു് ഉച്ചതരമായ ആദൎശമെന്നു പിൽക്കാലം മനുഷ്യൎക്കു വെളിപ്പെട്ടതു് എന്തുകൊണ്ടു്? ചരിത്രകാലത്തിൽ ക്രിസ്തുമതപ്രകാരമുള്ള ജീവിതലക്ഷ്യം മനുഷ്യൎക്കു പ്രകാശിച്ചതു് എന്തുകൊണ്ടു്? ഒരു പ്രത്യേകവ്യക്തിക്കോ ജനതക്കോ അതു് അരുളപ്പെട്ടതു് എന്തുകൊണ്ടു്? ഒരു പ്രത്യേകകാലത്തു് ഒരു പ്രത്യേകരൂപത്തിൽ ആ ഈശ്വരവാണി ആവിൎഭവിച്ചതു് എങ്ങനെ? ഈ ചോദ്യങ്ങൾക്കു് അക്കാലത്തെ അവസ്ഥയും ജീവിതക്രമവും സ്വഭാവവും ദൈവവചനം പ്രചരിപ്പിച്ചവരുടെ പ്രത്യേകതയും സമാധാനമായി പറയുന്നതു്, "സൂൎയ്യോദയത്തിൽ ചില വസ്തുക്കൾ മററു ചിലതിനു മുമ്പു പ്രകാശിപ്പിക്കുന്നതു് എന്തുകൊണ്ടു്?" എന്ന ചോദ്യത്തിനു സമാധാനം പറയുന്നതുപോലായിരിക്കും. സത്യസൂൎയ്യൻ ഉദിച്ചുയൎന്നു കൂടുതൽ കൂടുതലായി ലോകത്തെ പ്രകാശിപ്പിക്കുന്നു; സൂൎയ്യകിരണങ്ങൾ ആദ്യം തട്ടുന്നതും അവയെ പ്രതിഫലിപ്പിക്കുവാൻ ഏററവും യോഗ്യമായിട്ടുള്ളതും ആയ വസ്തുക്കളെ ആദ്യമായി പ്രകാശിപ്പിക്കുന്നു. ഉദിച്ചുയരുന്ന സത്യത്തെ സ്വീകരിക്കാൻ കൂടുതൽ ഉതകുന്ന ഗുണം മാനസികമല്ല, ഹൃദയത്തിൻെറ മേന്മയത്രേ. കാൎയ്യമില്ലാത്ത ചോദ്യങ്ങളിൽ വ്യാപരി

ക്കുന്ന മനോഭാവവുമായി അതിനു് അത്ര ബന്ധമില്ല. തത്ത്വജ്ഞാനത്തിലോ, ശാസ്ത്രത്തിലോ, വലിയ പാണ്ഡിത്യമില്ലാത്ത മതസ്ഥാപകന്മാരിൽ കാണുന്ന ലൗകികചിന്താത്യാഗവും സ്വനിസ്സാരതാബോധവും പരമാർത്ഥതയുംതന്നെയാണു് മതബോധം ഉണ്ടാകാൻ ഉതകുന്ന യോഗ്യതകൾ.

പ്രവാചകനായ മൂശയുടെ സ്ഥാനം കൈക്കൊണ്ടിരിക്കുന്ന ശാസ്ത്രജ്ഞന്മാർ യൂറോപ്പിൽ മദ്ധ്യയുഗത്തിൽ പുനഃസ്ഥാപിക്കപ്പെട്ട താഴ്ന്ന ജീവിതലക്ഷ്യം സ്വീകരിച്ചു. ക്രിസ്തുമതാഭാസത്തെ ക്രിസ്തുമതമെന്നു തെററിദ്ധരിച്ച മനുഷ്യസമുദായം അതിനെ അതിക്രമിച്ചതായി തീർച്ചപ്പെടുത്തി. ക്രൈസ്തവജനതയുടെ യഥാർത്ഥമായ അഭിവൃദ്ധിയെ തടുക്കുന്ന വലുതായ പ്രമാദം ഇതാണെന്നാകുന്നു എൻെറ അഭിപ്രായം. തന്മൂലം താഴ്ന്നതും ജീർണ്ണിച്ചതുമായ രാഷ്ട്രീയമതവും സാമുദായികമതവും മനുഷ്യവർഗ്ഗം അവലംബിക്കേണ്ട ശ്രേഷ്ഠതമമായ ജീവിതോദ്ദേശമായി നിർണ്ണയിക്കപ്പെട്ടു. ഈ ധാരണ വെച്ചുകൊണ്ടിരിക്കുന്നതിനാൽ മനുഷ്യവർഗ്ഗം ഇപ്പോൾ സമീപിച്ചുകൊണ്ടിരിക്കുന്ന ഉച്ചതമമായ ജീവിതോദ്ദേശത്തെ, യഥാർത്ഥമായ ക്രിസ്തുമതത്തെ, ഈ ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കുന്നില്ലെന്നു മാത്രമല്ല, മനസ്സിലാക്കാൻ ശ്രമിക്കുന്നുമില്ല.

ശാസ്ത്രവും ക്രിസ്തുമതവും യോജിക്കുന്നില്ലെന്നു കണ്ടു തങ്ങളുടെ ശാസ്ത്രത്തെ മതത്തിൽനിന്നും അകററി, ശാസ്ത്രത്തെ കുററപ്പെടുത്താതെ ക്രിസ്തുമതത്തെ കുററപ്പെടുത്തിയെന്ന വസ്തുതയാണു് ഈ തെററിദ്ധാരണയ്ക്കുള്ള പ്രധാനകാരണം. ഇന്നത്തെ സമുദായത്തിൻെറ ഒരു വലിയ വിഭാഗത്തിൽ പ്രാഭവം ചെലുത്തുന്ന ക്രിസ്തുമതത്തിനു 1800 വർഷം പിന്നിൽ കിടക്കുന്നതാണു് ശാസ്ത്രം എന്ന വസ്തുത ധരിക്കാതെ, ശാസ്ത്രത്തിൽനിന്നും 1800 വർഷം പിന്നിലാണു് ക്രിസ്തുമതമെന്നു് ഈ ശാസ്ത്രജ്ഞന്മാർ തെററായി വിശ്വസിക്കുന്നു.

ഈ തകിടംമറിച്ചിൽകൊണ്ടു് ഒരാശ്ചയ്യകരമായ ഫലം ഉണ്ടായി. മതം, ജീവിതം, സന്മാഗ്ഗം ഇവയുടെ സാരത്തേയും പ്രാധാന്യത്തേയും പററി ശാസ്ത്രജ്ഞന്മാക്കുള്ളതുപോലെ തെററായ ധാരണ മററാക്കുമില്ല. കുറേക്കൂടി ആശ്ചര്യകരമായിട്ടുള്ള വസ്തുത എന്തെന്നാൽ ജഡലോകദൃശ്യങ്ങളെ പരിശോധിക്കുന്നതിൽ വലുതായ വിജയം നേടീട്ടുള്ള ഇന്നത്തെ ശാസ്ത്രം മനുഷ്യജീവിതം നിയന്ത്രിക്കുന്നതിനു് ഉപയോഗശൂന്യമായിരിക്കുന്നുവെന്നു മാത്രമല്ല, ഉപദ്രവകരമായിത്തീന്നിട്ടുമുണ്ടു്.

അതിനാൽ തത്വജ്ഞാനമോ, ശാസ്ത്രമോ അല്ല, മതമത്രേ ലോകവുമായുള്ള മനുഷ്യബന്ധത്തെ എപ്പോഴും നിണ്ണയിക്കുന്നതു്. മതമെന്നാൽ ഞാൻ മനസ്സിലാക്കുന്നതു് എന്തു്? എന്നുള്ള നിങ്ങളുടെ ആദ്യത്തെ ചോദ്യത്തിനു്, അനന്തവും അസീമവുമായ ലോകത്തോടും ലോകകാരണത്തോടും മനുഷ്യൻ സ്ഥാപിക്കുന്ന ബന്ധമാണു് മതം എന്നതാകുന്നു എന്റെ ഉത്തരം. ഇതുകൊണ്ടു തന്നെ രണ്ടാമത്തെ ചോദ്യത്തിന്റെ ഉത്തരവും സഹജേന കിട്ടുന്നതാണു്.

ജീവിതോദ്ദേശത്തെ നിണ്ണയിക്കുന്നതു മനുഷ്യനും ലോകവുമായുള്ള ബന്ധമാണു്. അതത്രേ മതമെങ്കിൽ, ആ ബന്ധത്തെപ്പററി മനുഷ്യനുള്ള ധാരണയനുസരിച്ചു സഹജേന സംജാതമാകുന്ന മനുഷ്യപ്രവത്തനത്തെ നിദ്ദേശിക്കയും സ്പഷ്ടമാക്കയും ചെയ്യുന്നതാണു് സന്മാഗ്ഗം. സാമുദായികബന്ധത്തെ വ്യക്തിഗതബന്ധത്തിന്റെ വ്യാപകഭാവമായി ഗണിച്ചാൽ ആ ബന്ധം രണ്ടുവിധവും ഭിന്നമായി ഗണിച്ചാൽ മൂന്നു വിധവും ആയിട്ടാണു് നമ്മൾ ധരിച്ചിട്ടുള്ളതു്. അതുകൊണ്ടു മൂന്നു വിധം സന്മാഗ്ഗോപദേശങ്ങളേ ഉള്ളൂ. 1) പ്രാചീനവും അപരിഷ്കൃതവും വ്യക്തിപരവുമായതു്. 2) കുടുംബപരമോ, സമുദായപരമോ, രാഷ്ട്രീയമോ ആയതു്. 3) മനുഷ്യസേവനവും ഈശ്വരസേവനവും ലാക്കാക്കുന്ന ക്രൈസ്തവദിവ്യോപദേശം.

മനുഷ്യനും ലോകവുമായുള്ള ബന്ധത്തെപ്പററി ആദ്യത്തെ മതബോധമനുസരിച്ചുള്ള സന്മാർഗ്ഗോപദേശം വ്യക്തിയുടെ ശ്രേയസ്സിനെ മാത്രം കണക്കാക്കി അതിനു് ഉതകുന്ന വ്യവസ്ഥകൾ നിർദ്ദേശിക്കയും വഴികൾ സൂചിപ്പിക്കയും ചെയ്യുന്നു. ലോകവുമായുള്ള ഈ ബന്ധത്തിൽനിന്നാണു് അപരിഷ്കൃതമതോപദേശങ്ങൾ, സുഖം ലാക്കാക്കുന്ന എപ്പിക്കുറിയൻ ഉപദേശത്തിൻെറ നികൃഷ്ടരൂപം, ഇഹത്തിലും പരത്തിലും സ്ഥൂലമായ വ്യക്തിസുഖത്തെ അഭിവൃദ്ധിപ്പെടുത്തുന്ന മഹമ്മദീയസന്മാർഗ്ഗോപദേശം, വ്യക്തിയുടെ ശ്രേയസ്സിനെ—പ്രത്യേകിച്ചു പരലോകശ്രേയസ്സിനെ—ലക്ഷ്യമാക്കുന്ന പള്ളിമതത്തിലെ സന്മാർഗ്ഗോപദേശം, വ്യക്തിയുടെ ഐഹികശ്രേയസ്സിനെ മാത്രം കരുതുന്ന ലൗകികപ്രയോജനവാദികളുടെ സന്മാർഗ്ഗോപദേശം, മുതലായവ ഉത്ഭവിച്ചതു്.

വ്യക്തിയുടെ സുഖവും ദുഃഖനിവൃത്തിയും ലക്ഷ്യമാകുന്ന ഇത്തരം ഉപദേശത്തിൽനിന്നുമാണു് ബുദ്ധമതത്തിൻെറ സ്ഥൂലരൂപത്തിൽനിന്നും ഉളവായ സന്മാർഗ്ഗോപദേശം ജനിച്ചതു്. ദുഃഖാപ്തിവിശ്വാസികളുടെ ലൗകികമതവും ഇതിൽനിന്നും ഉത്ഭവിച്ചതത്രേ.

സമൂഹനന്മയെ ജീവിതോദ്ദേശമായി കരുതുന്ന രണ്ടാമത്തെ മതത്തിൽനിന്നും ഓരോ മനുഷ്യനും സമൂഹനന്മയെ ലാക്കാക്കി സമുദായസേവനം നടത്തണമെന്നുള്ള സന്മാർഗ്ഗോപദേശം സംജാതമാകുന്നു. സമുദായത്തിനു നന്മ കിട്ടുന്നിടത്തോളമേ വ്യക്തിനന്മയെ അനുവദിക്കാവു എന്നാണു് ഈ ഉപദേശം നിഷ്കർഷിക്കുന്നതു്. വ്യക്തിയെ സമുദായത്തിനുവേണ്ടി എപ്പോഴും ബലികഴിക്കുന്ന റോമക്കാരുടേയും ഗ്രീക്കുകാരുടേയും അതുപോലെതന്നെ ചൈനക്കാരുടേയും സന്മാർഗ്ഗോപദേശം ഈ മതഭാവത്തിൽനിന്നും ജനിച്ചതാണു്. തിരഞ്ഞെടുക്കപ്പെട്ട ജാതിയുടെ നന്മക്കുവേണ്ടി സ്വനന്മയെ കീഴ്പ്പെടുത്തണം എന്നുള്ള യഹൂദന്മാരുടെ സന്മാർഗ്ഗോപദേശവും വ്യക്തികളെ രാജ്യനന്മക്കായി ബലികഴിക്ക

ണമെന്നുള്ള ഇക്കാലത്തെ പള്ളിയുടേയും രാഷ്ട്രത്തിൻെറയും ഉപദേശവും ഇതിൽനിന്നും ഉളവായതാണ്. മിക്ക സ്ത്രീകളുടേയും സന്മാൎഗ്ഗനിഷ്ഠ ഈ ഭാവത്തിൽനിന്നും ഉത്ഭവിക്കുന്നതത്രേ. സ്വകുടുംബത്തിനു്—പ്രത്യേകിച്ചു്, സ്വസന്താനങ്ങൾക്കു—വേണ്ടി അവർ അവരുടെ സ്വന്തം നന്മയെ നിശ്ശേഷം ബലികഴിക്കുന്നു.

പ്രാചീനചരിത്രത്തിലും, കുറേയൊക്കെ മദ്ധ്യയുഗത്തിലേയും ഇന്നത്തേയും ചരിത്രത്തിലും, കുടുംബപരവും സമുദായപരവും രാഷ്ട്രപരവും ആയ സന്മാൎഗ്ഗനിഷ്ഠയുടെ ഉദാഹരണങ്ങൾ തിങ്ങി നിറഞ്ഞു കാണുന്നു. ഇന്നത്തെ ജനങ്ങളിൽ ഭൂരിപക്ഷവും ക്രിസ്തുമതം സ്വീകരിക്കുന്നതുകൊണ്ടു തങ്ങൾ ക്രൈസ്തവസന്മാൎഗ്ഗോപദേശം അനുസരിക്കുന്നുവെന്നു വിചാരിക്കുന്നു. എങ്കിലും യഥാൎത്ഥത്തിൽ അവർ കുടുംബപരവും രാഷ്ട്രപരവും ആയ സന്മാൎഗ്ഗത്തെയാണ് അനുവൎത്തിക്കുന്നതു്. ആ സന്മാൎഗ്ഗത്തെ വിദ്യാൎത്ഥികൾക്കു് ആദൎശമായി കാണിക്കയും ചെയ്യുന്നു.

പരമപിതാവിൻെറ ഇച്ഛ നിൎവ്വഹിക്കാൻ ഒരു ഉപകരണമായി തന്നെ കരുതണമെന്നുള്ള മൂന്നാമത്തെ മതഭാവത്തിൽനിന്നും ആ ജീവിതോദ്ദേശം അനുസരിച്ചു മനുഷ്യൻ ദൈവേച്ഛയ്ക്കു വഴങ്ങി പെരുമാറണമെന്നുള്ള ഉപദേശം ഉത്ഭവിക്കുന്നു. അതനുസരിച്ചു മനുഷ്യൻെറ കൎത്തവ്യം നിൎണ്ണയിക്കപ്പെടുന്നു. മനുഷ്യനു് അറിയാവുന്ന അത്യുച്ചമായ സന്മാൎഗ്ഗോപദേശങ്ങളെല്ലാം ഈ മതഭാവത്തിൽനിന്നും വന്നിട്ടുള്ളതാണ്. പിത്താഗോറസ്, സ്റ്റോയിക്, ബൗദ്ധ, ഹിന്ദു, ടയോ ഈ മതങ്ങളുടെ ശ്രേഷ്ഠപ്രകാശങ്ങളും യഥാൎത്ഥമായ ക്രൈസ്തവോപദേശവും ഈ ഭാവത്തെ വെളിപ്പെടുത്തുന്നു. ഇവയെല്ലാം ഇങ്ങനെ ഉപദേശിക്കുന്നു: "സ്വാൎത്ഥം ത്യജിക്കുക. സ്വന്തം നന്മയെ മാത്രമല്ല, കുടുംബത്തിൻെറയും സമുദായത്തിൻെറയും, രാഷ്ട്രത്തിൻെറയും നന്മയെക്കൂടി, ലോകത്തിൽ നമ്മെ അയച്ചിരിക്കുന്ന ലോകകൎത്താവിൻെറ ഇച്ഛ നിറവേറുന്നതിനുവേണ്ടി ബലികഴിക്കുക. ആ ഇച്ഛ എന്തെന്നു ന

മ്മളുടെ മനസ്സാക്ഷി വെളിപ്പെടുത്തിത്തരും.'' സന്മാൎഗ്ഗപരമായി എന്തെല്ലാം ഭാവിച്ചാലും ഉപദേശിച്ചാലും അനന്തമായ ലോകത്തോടും ലോകകാരണത്തോടുമുള്ള ബന്ധത്തെപ്പററിയുള്ള മൂന്നുവിധം മതങ്ങളിൽ ഏതെങ്കിലും ഒന്നിൽനിന്നാണു് ഓരോ മനുഷ്യൻെറയും യഥാൎത്ഥവും അകൃത്രിമവുമായ സന്മാൎഗ്ഗനിഷ്ഠ സംജാതമാകുന്നതു്.

കുടുംബം, സമുദായം, രാഷ്ട്രം ഇവയ്ക്കുവേണ്ടിയോ അല്ലെങ്കിൽ ഈശ്വരേച്ഛ നിൎവ്വഹിക്കുന്നതിനുവേണ്ടിയോ ജീവിക്കുന്നതാണു് സന്മാൎഗ്ഗം എന്നു പുറമേ എത്രതന്നെ പ്രഖ്യാപിച്ചാലും, അങ്ങനെ നടിച്ചു്, അന്യരെ കബളിപ്പിച്ചാലും സ്വാൎത്ഥമാണു് ലോകവുമായുള്ള തൻെറ ബന്ധം എന്നു കരുതുന്നവൻ സ്വന്തം നന്മയെ ലാക്കാക്കിമാത്രമേ പ്രവൎത്തിക്കയുള്ളു. സന്ദൎഭം വരുമ്പോൾ കുടുംബത്തിനും രാജ്യത്തിനും വേണ്ടിയോ ഈശ്വരേച്ഛ നിൎവ്വഹിക്കാനോ അവൻ തൻെറ സ്വാൎത്ഥം ബലികഴിക്കയില്ല എന്നുമാത്രമല്ല, അവയെ സ്വാൎത്ഥത്തിനായി ബലികഴിക്കയും ചെയ്യും. സ്വാൎത്ഥത്തെ ജീവിതലക്ഷ്യമായി ഗണിക്കുന്നതിനാൽ ലോകവുമായി തൻെറ ബന്ധത്തെസ്സംബന്ധിച്ച ഭാവം മാറുന്നതുവരെ അപ്രകാരം പെരുമാറാതിരിക്കാൻ അവനെക്കൊണ്ടു സാധിക്കുന്നതല്ല.

കുടുംബസേവനത്തിൽ മിക്ക സ്ത്രീകളും തല്പരരായിരിക്കുന്നതുപോലെയും വിപ്ലവകാലത്തിൽ മൎദ്ദിതജനങ്ങൾ രാഷ്ട്രീയപ്രവൎത്തനത്തിൽ ഉത്സുകരാകുന്നതുപോലെയും സ്വകുലത്തിൻേറയോ സ്വജാതിയുടേയോ സേവനത്തെ ജീവിതോദ്ദേശമായി കരുതുന്നവൻ സ്വയം ക്രിസ്ത്യാനിയെന്നഭിമാനിച്ചാലും അയാളുടെ സന്മാൎഗ്ഗം ക്രിസ്തീയമായിരിക്കയില്ല; കുടുംബപരമോ, ജാതീയമോ മാത്രമേ ആയിരിക്കയുള്ളു. കുടുംബനന്മയോ, സാമുദായികനന്മയോ, ഒരു വശത്തും വ്യക്തിനന്മയോ ഈശ്വരേച്ഛാനിൎവ്വഹണമോ മറുവശത്തും പരസ്പരവിരുദ്ധമായി നിന്നാൽ താൻ ഏതു വൎഗ്ഗത്തിനു

വേണ്ടി ജീവിക്കുന്നതായി അവൻ കരുതുന്നുവോ ആ വർഗ്ഗത്തിന്റെ സേവനമേ അവൻ തിരഞ്ഞെടുക്കയുള്ളൂ. എന്തെന്നാൽ അങ്ങനെയുള്ള സേവനത്തിൽ മാത്രമാണ് അവൻ ജന്മസാഫല്യം കാണുന്നതു്. തന്നെ ഭൂലോകത്തിൽ അയച്ചിട്ടുള്ള പരമപിതാവിന്റെ ഇച്ഛയനുസരിച്ച് ജീവിക്കുന്നതാണ് ലോകവുമായുള്ള തന്റെ ബന്ധം എന്നു ഗണിക്കുന്നവൻ സ്വന്തം നന്മയ്ക്കോ, കുടുംബം, സ്വജാതി, സ്വരാഷ്ട്രം, മനുഷ്യസമുദായം ഇവയിൽ ഏതെങ്കിലും ഒന്നിന്റെ നന്മയ്ക്കോ വേണ്ടി ഈശ്വരേച്ഛയ്ക്കു വിരുദ്ധമായി പ്രവർത്തിക്കണമെന്നു നിങ്ങൾ ശക്തിയായി ഉപദേശിച്ചാലും വിവേകത്തിന്റെയും സ്നേഹത്തിന്റെയും പ്രവർത്തനംകൊണ്ടു ബോദ്ധ്യപ്പെട്ടിട്ടുള്ള ഈശ്വരേച്ഛയെ അനുവർത്തിക്കുന്നതിനുവേണ്ടി മററു ബന്ധങ്ങളെ ബലികഴിക്കും. ഈശ്വരേച്ഛ അനുസരിച്ച് പ്രവർത്തിക്കുന്നതു മാത്രമേ ജന്മസാഫല്യമായി അവൻ ഗണിക്കയുള്ളൂ. സന്മാർഗ്ഗത്തിനു മതത്തെ വിട്ടു സ്വതന്ത്രമായിരിക്കാൻ സാധ്യമല്ല; എന്തെന്നാൽ അതു മതത്തിൽനിന്നും ഉളവാകുന്നതാണ്. അതായതു മനുഷ്യൻ ലോകവുമായി സ്ഥാപിക്കുന്ന ബന്ധത്തിൽനിന്നും ജനിക്കുന്നതാണ്. മാത്രമല്ല, സന്മാർഗ്ഗം മതത്തിൽ അന്തർഭവിച്ചിരിക്കുന്നു. 'എന്റെ ജീവിതോദ്ദേശം എന്തു്?' എന്ന ചോദ്യത്തിന്റെ സമാധാനമാണ് മതം. ആ സമാധാനത്തിൽ സന്മാർഗ്ഗപരമായ നിർദ്ദേശവും ഉൾപ്പെടുന്നു. ജീവിതോദ്ദേശം എന്തു്? എന്ന ചോദ്യത്തിനുത്തരം "ജീവിതോദ്ദേശം വ്യക്തിയുടെ നന്മയാകുന്നു. അതിനാൽ, കിട്ടാവുന്ന ആനുകൂല്യങ്ങളെല്ലാം പ്രയോജനപ്പെടുത്തുക" എന്നോ "ഒരു ജനസമൂഹത്തിന്റെ നന്മയാണ് ജീവിതോദ്ദേശം; അതുകൊണ്ടു നിങ്ങളുടെ കഴിവുകളെല്ലാം ഉപയോഗിച്ച് ആ സമൂഹത്തിന്റെ സേവനം നടത്തുക" എന്നോ "നിങ്ങളെ ഈ ലോകത്തിൽ അയച്ച ദൈവത്തിന്റെ ഇച്ഛയെ നിറവേററുന്നതാണ് ജീവിതലക്ഷ്യം; അതുകൊണ്ടു സർവ്വശക്തികളും ഉപയോഗിച്ച് ആ ഇച്ഛ

എന്തെന്നറിയാനും അതനുസരിച്ച നടക്കാനും ശ്രമിക്കുക." എന്നോ ഇങ്ങനെ മൂന്നു വിധത്തിലായിരിക്കും. ഈ ഉത്തരങ്ങളെ ഇങ്ങനെയും വിശദീകരിക്കാം: "നിങ്ങളുടെ ജീവിതത്തിൻെറ ഉദ്ദേശം നിങ്ങളുടെ സ്വന്തം സുഖാനുഭവമത്രേ. എന്തെന്നാൽ അതാണു് മനുഷ്യജീവിതത്തിൻെറ ഉദ്ദേശം." അഥവാ "നിങ്ങൾ യാതൊരു സമുദായത്തിൻെറ അംഗമായിരിക്കുന്നുവോ അതിൻെറ സേവനമാണു് നിങ്ങളുടെ ജീവിതോദ്ദേശം; അതത്രേ നിങ്ങൾക്കു വിഹിതമായിട്ടുള്ളതു്." അഥവാ "ഈശ്വരസേവനമാണു് നിങ്ങളുടെ ജീവിതലക്ഷ്യം. അതത്രേ ദൈവനിൎദ്ദേശം."

മതം നല്കുന്ന ജീവിതോദ്ദേശത്തിൽ സന്മാൎഗ്ഗവും അന്തൎഭവിക്കുന്നതിനാൽ സന്മാൎഗ്ഗത്തെ മതത്തിൽനിന്നും അകററാൻ ഒരു വിധത്തിലും സാധിക്കുന്നതല്ല. ക്രൈസ്തവരല്ലാത്ത തത്ത്വജ്ഞാനികൾ അവരുടെ തത്ത്വജ്ഞാനത്തിൽ അത്യുച്ചമായ സന്മാൎഗ്ഗത്തെ നിഗമിപ്പിക്കാൻ ചെയ്യുന്ന ശ്രമങ്ങളിൽനിന്നും ഈ വസ്തുത സുസ്പഷ്ടമാകുന്നു. ക്രൈസ്തവസന്മാൎഗ്ഗം ഒഴിച്ചുകൂടാത്തതാണെന്നും, അതു കൂടാതെ നമുക്കു ജീവിക്കാൻ സാധ്യമല്ലെന്നും ആ തത്ത്വജ്ഞാനികൾ കാണുന്നു. അതു നിലവിലിരിക്കുന്ന വസ്തുതയായിട്ടേപ്പോലും അവർ കാണുന്നുണ്ടു്. അവരുടെ ക്രൈസ്തവേതരമായ തത്ത്വജ്ഞാനത്തോടുകൂടി ആ സന്മാൎഗ്ഗത്തെ സംഘടിപ്പിക്കാനുള്ള വഴി തേടുന്നു എന്നു മാത്രമല്ല അവരുടെ സാമുദായികതത്ത്വജ്ഞാനത്തിൽനിന്നും ക്രൈസ്തവസന്മാൎഗ്ഗം ഉളവാകുന്നുവെന്നു കാണിക്കാനും അവർ ശ്രമിക്കുന്നു. എന്നാൽ അവരുടെ പ്രയത്നങ്ങൾകൊണ്ടു സുസ്പഷ്ടമാകുന്നതു ക്രൈസ്തവസന്മാൎഗ്ഗം ആ തത്ത്വജ്ഞാനത്തിൽനിന്നും സ്വതന്ത്രമായി നില്ക്കുന്നുവെന്നുതന്നെയല്ല, വ്യക്തിയുടെ നന്മയോ ദുഃഖനിവൃത്തിയോ സമുദായനന്മയോ ലക്ഷ്യമാക്കുന്ന അവരുടെ അപരിഷ്കൃതമായ തത്ത്വജ്ഞാനവുമായി സൎവ്വപ്രകാരേണയും വിരുദ്ധവുമാകുന്നു എന്നതാണു്.

നമ്മൾ ജീവിതോദ്ദേശമായി സ്വീകരിച്ചിരിക്കുന്ന ക്രൈസ്തവമതമനുസരിച്ച സന്മാൎഗ്ഗം ആവശ്യപ്പെടുന്നതു സ്വന്തം നന്മ

സമുദായനന്മയ്ക്കുവേണ്ടി ബലികഴിക്കണമെന്നു മാത്രമല്ല, സ്വനന്മയും സമുദായനന്മയും ഈശ്വരസേവനത്തിനായി സമർപ്പിക്കണമെന്നതാകുന്നു. എന്നാൽ ക്രൈസ്തവേതരതത്ത്വജ്ഞാനം വ്യക്തിയുടേയോ സമുദായത്തിൻേറയോ നന്മ കിട്ടാനുള്ള മാർഗ്ഗങ്ങൾ മാത്രമേ അന്വേഷിക്കുന്നുള്ളു. അതിനാൽ അതും ക്രൈസ്തവസന്മാർഗ്ഗവും പരസ്പരവിരുദ്ധമാകാതെ നിവൃത്തിയില്ല. ആ വൈരുദ്ധ്യത്തെ മറയ്ക്കാൻ ഒരു വഴിയേ ഉള്ളു; അതായതു് അസ്പഷ്ടവും അവ്യവസ്ഥിതവും ആയ ആശയങ്ങളെ കൂമ്പാരമായി ഒന്നിനുമേൽ ഒന്നായി കൂട്ടുകയും തത്ത്വജ്ഞാനത്തിൻെറ അസ്പഷ്ടരാജ്യത്തിൽ നിലകൊള്ളുകയും ചെയ്യുക.

മദ്ധ്യയുഗത്തിലെ പുനരുത്ഥാനം കഴിഞ്ഞു് ആവിർഭവിച്ചിട്ടുള്ള മിക്ക തത്ത്വജ്ഞാനികളും ഇപ്രകാരമാണു് ചെയ്തിട്ടുള്ളതു്. മുൻകൂട്ടി സമ്മതിച്ചുപോയിട്ടുള്ള ക്രൈസ്തവസന്മാർഗ്ഗം ആവശ്യപ്പെടുന്നതിനെ ക്രൈസ്തവേതരമായ അടിസ്ഥാനത്തിൽ പണിതിരിക്കുന്ന തത്ത്വജ്ഞാനവുമായി യോജിപ്പിക്കുന്നതു് അസാദ്ധ്യമായതുകൊണ്ടാണു് ആധുനികതത്ത്വജ്ഞാനം അവാസ്തവവും, അസ്പഷ്ടവും, അബോദ്ധ്യവും ജീവിതത്തിൽനിന്നും അകന്നതും ആയിരിക്കുന്നതു്. ക്രിസ്ത്യാനിയെന്നു സ്വയം കരുതാത്തവനെങ്കിലും ക്രിസ്തീയമായ അടിസ്ഥാനത്തിൽ തത്ത്വജ്ഞാനത്തെ വികസിപ്പിച്ച സ്പിനോസ, സ്വന്തം തത്ത്വജ്ഞാനത്തെ ആശ്രയിക്കാതെ സന്മാർഗ്ഗശാസ്ത്രം പ്രതിപാദിച്ച പ്രതിഭാസമ്പന്നനായ കാൻറ് ഇവരെ ഒഴിച്ചാൽ ഉജ്ജ്വലനായ ഷൊപ്പൻഹൗവർ ഉൾപ്പെടെ എല്ലാ തത്ത്വജ്ഞാനികളും അവരുടെ സന്മാർഗ്ഗശാസ്ത്രവും തത്ത്വജ്ഞാനവും തമ്മിൽ കൃത്രിമമായ ബന്ധമാണു് സൃഷ്ടിക്കാൻ ശ്രമിച്ചതു്.

തത്ത്വജ്ഞാനത്തേയോ മററു കൃത്രിമാലംബനങ്ങളേയോ ആശ്രയിക്കാതെ സ്വതന്ത്രമായി നില്ക്കുന്ന ക്രൈസ്തവസന്മാർഗ്ഗത്തെ ആദ്യമായിത്തന്നെ സ്വീകരിക്കണമെന്നു ചിന്തകന്മാർക്കു തോന്നി. സന്മാർഗ്ഗവിരുദ്ധമാകാതിരിക്കാനും തങ്ങളുടെ തത്ത്വജ്ഞാനത്തിൽ

നിന്നും വന്നതായി തോന്നിക്കാനും തത്വജ്ഞാനം കുറെ പ്രമേയങ്ങൾ സൃഷ്ടിക്കണമെന്നും വന്നുചേൎന്നു. സ്ഥൂലദൃഷ്ടിയിൽ അവ ക്രൈസ്തവസന്മാൎഗ്ഗത്തെ അനുകൂലിക്കുന്നതുപോലെ തോന്നാം. എന്നാൽ പ്രായോഗികജീവിതപ്രശ്നങ്ങളുടെ സമാധാനത്തിനു് ആ പ്രമേയങ്ങൾ ഉതകുന്നില്ലെന്നുമാത്രമല്ല, അവയുടെ തത്വജ്ഞാനപരമായ അടിസ്ഥാനവും നമ്മൾ കരുതുന്ന സന്മാൎഗ്ഗവും പരസ്പരവിരുദ്ധമാണെന്നു തെളിയുന്നു.

അടുത്തകാലത്തു വിഖ്യാതനായിത്തീൎന്ന ഭാഗ്യഹീനനായ നിച്ചെ ഈ വൈരുദ്ധ്യത്തെ സ്പഷ്ടമായി കാണിച്ചു വിലയേറിയ സേവനം നടത്തിയിരിക്കുന്നു. നിലവിലിരിക്കുന്ന ക്രൈസ്തവേതരതത്വജ്ഞാനത്തിൻെറ ദൃഷ്ടിയിൽ സന്മാൎഗ്ഗനിയമങ്ങളെല്ലാം കള്ളവും കാപട്യവുമാണെന്നും സാമാന്യജനങ്ങളെപ്പോലെ അതിമാനുഷന്മാരെ താങ്ങുന്നതിനു പകരം അവരിൽ ഒരാളാവുകയാണു് മനുഷ്യനു കൂടുതൽ പ്രയോജനകരവും സുഖകരവും യുക്തിയുക്തവും ആയിട്ടുള്ളതു് എന്നും അദ്ദേഹം പറയുന്നതിനെ എതിൎക്കാൻ നിവൃത്തിയില്ല. ക്രൈസ്തവേതരമായ മതത്തിൻെറ ജീവിതലക്ഷ്യത്തിൽ സ്ഥാപിക്കപ്പെട്ട തത്വജ്ഞാനങ്ങൾക്കു മനുഷ്യൻ ആഗ്രഹിക്കുന്നതും മനസ്സിലാക്കുന്നതുമായ സ്വന്തം നന്മയോ കുടുംബനന്മയോ സമുദായനന്മയോ കണക്കാക്കാതെ അനഭിലഷണീയവും, അബോദ്ധ്യവും, അല്പമായ മനുഷ്യശക്തിക്കു് അസാദ്ധ്യവുമായ പരനന്മയെ കരുതി ജീവിക്കുന്നതു ശ്രേയസ്കരമെന്നു തെളിയിക്കാൻ സാധിക്കുന്നതല്ല. മനുഷ്യനന്മയെമാത്രം ജീവിതോദ്ദേശമായി കണക്കാക്കുന്ന തത്വജ്ഞാനത്തിനു് ഏതു സമയവും താൻ മരിച്ചുപോകുമെന്നറിയാവുന്ന വിവേകിയായ മനുഷ്യനെ അഭിലഷണീയവും ബോദ്ധ്യവും നിശ്ചിതവുമായ സ്വന്തനന്മയെ ഉപേക്ഷിച്ചു് അനിശ്ചിതമായ പരനന്മക്കുവേണ്ടിയുള്ള ത്യാഗം നന്നെന്നു യുക്തിപൂൎവ്വം ബോദ്ധ്യപ്പെടുത്താൻ സാദ്ധ്യമല്ല. സ്വാൎത്ഥത്യാഗത്തിൻെറ ഫലം അവനറിയാൻ പാടില്ല. സ്വാൎത്ഥത്യാഗം നന്നെന്നുള്ള ബോധവും അവനില്ല.

ക്രൈസ്തവേതരമായ തത്വജ്ഞാനത്തിന്റെ ദൃഷ്ടിയിൽ സ്വാൎത്ഥത്യാഗം കൎത്തവ്യമെന്നു തെളിയിക്കാവുന്നതല്ല. ജനങ്ങളെല്ലാം തുല്യരാണെന്നും പരന്മാരെ ഉപദ്രവിച്ച് അവരെക്കൊണ്ടു തന്റെ സേവനം നടത്തുന്നതിനു പകരം പരസേവനത്തിനായി സ്വജീവിതം ബലികഴിക്കുന്നതു നന്നെന്നും തെളിയിക്കണമെങ്കിൽ മനുഷ്യനും ലോകവുമായുള്ള ബന്ധം ശരിയായി മനസ്സിലാക്കണം. തന്നെ ഈ ലോകത്തിൽ ആനയിച്ച ദൈവത്തിന്റെ ഇച്ഛയനുസരിച്ചു നടക്കുകയല്ലാതെ മനുഷ്യനു ഗത്യന്തരമില്ലെന്നും സ്വജീവിതം മനുഷ്യസേവനത്തിനായി സമൎപ്പിക്കയാണ് ആ ഇച്ഛയെന്നും തെളിയിക്കണം! ഈ ലോകവുമായി മനുഷ്യനുള്ള ബന്ധം ഇങ്ങനെ മാററണമെങ്കിൽ ആ ബന്ധത്തെ ശരിയായി നിൎദ്ദേശിക്കുന്ന മതംകൊണ്ടുമാത്രമേ സാധിക്കയുള്ളു.

ശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങളിൽനിന്നും ക്രൈസ്തവസന്മാൎഗ്ഗത്തെ നിഗമിപ്പിച്ചു കൂട്ടിയിണക്കാൻ ചെയ്യുന്ന ശ്രമങ്ങളുടെ ഗതിയും ഇതുതന്നെ. ഇന്നത്തെ ശാസ്ത്രത്തിന്റെ അടിസ്ഥാനം പരിണാമവാദമാണ്. അതു സൎവ്വസാമാന്യവും നിത്യവും അപരിവൎത്തനീയവുമായ നിയമത്തിൽ വേരൂന്നിയിരിക്കുന്നതായി വിശ്വസിക്കപ്പെടുന്നു. ജീവിതസമരവും പ്രബലന്മാർ അതിജീവിക്കുമെന്നതുമാണ് ആ നിയമം. അതുകൊണ്ട് ഓരോ മനുഷ്യനും തന്റെയും തന്റെ സമുദായത്തിന്റെയും നന്മ കൈവരുത്താൻ സ്വയം പ്രബലനും സ്വസമുദായത്തെ പ്രബലവും ആക്കാൻ പ്രയത്നിക്കണം. അല്ലെങ്കിൽ താനും തന്റെ സമുദായവും നശിക്കും. ശാസ്ത്രത്തിന്റെ സുസ്പഷ്ടമായ ഈ നിലയെ തൎക്കാഭാസംകൊണ്ടു നിരാകരിക്കാൻ സാധിക്കയില്ല.

ഈ നിയമത്തിന്റെ ഫലങ്ങളും മനുഷ്യജീവിതത്തിൽ ഈ നിയമം പ്രയോഗിക്കുമ്പോൾ വരുന്ന ഭാവിയും കണ്ടു ഭയന്നു ചില ജീവശാസ്ത്രജ്ഞന്മാർ വാഗ്ജാലംകൊണ്ടു് ഈ നിയമബാധയെ ഒഴിക്കാൻ ശ്രമിക്കുന്നു. എന്നാൽ അങ്ങനെയുള്ള ശ്രമങ്ങൾ

കൊണ്ടു് ഈ നിയമത്തിൻെറ അലംഘനീയത്വം കൂടുതൽ സ്പഷ്ടമാകുമെന്നേയുള്ളു. എന്തെന്നാൽ ഈ നിയമം ജീവലോകത്തെ മുഴുവനും ബാധിക്കുന്നതിനാൽ ജീവജന്തുക്കളിൽ ഉൾപ്പെട്ട മനുഷ്യനേയും നിയന്ത്രിക്കുന്നു.

ഈ ഉപന്യാസം എഴുതിത്തുടങ്ങിയതിനുശേഷം ഒരു ഇംഗ്ലീഷുസമാജത്തിൽ പരിണാമവാദവും സന്മാൎഗ്ഗവും എന്ന വിഷയത്തെപ്പററി ഹക്സ്ലി കൊടുത്ത ഒരു പ്രസംഗത്തിൻെറ റഷ്യൻ തൎജ്ജമ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഈ വിഷയത്തെ അധികരിച്ചു് എഴുതീട്ടുള്ള നമ്മളുടെ വിഖ്യാതനായ പ്രൊഫസർ ബക്കറേറാവതുടങ്ങിയവരെപ്പോലെ വിജയകരമല്ലാതെ ഹക്സ്ലി തെളിയിക്കാൻ ശ്രമിക്കുന്നതു ജീവിതസമരനിയമം സന്മാൎഗ്ഗത്തിനു ബാധകമല്ലെന്നും ജീവിതത്തിൻെറ മൗലികനിയമമായി ജീവിതസമരത്തെ സ്വീകരിക്കുന്നതോടുകൂടി സന്മാൎഗ്ഗം നിലവിലിരിക്കുമെന്നും മാത്രമല്ല പുരോഗമിക്കുകയും ചെയ്യുമെന്നാണു്. അദ്ദേഹത്തിൻെറ ലേഖനത്തിൽ എല്ലാത്തരം ഫലിതങ്ങളും ശ്ലോകങ്ങളും പ്രാചീനമതത്തേയും തത്വജ്ഞാനത്തേയും പററിയുള്ള അഭിപ്രായങ്ങളും തിങ്ങിയിരിക്കുന്നതിനാൽ പുഷ്പിതവും സങ്കീൎണ്ണവുമായ ആ ഉപന്യാസത്തിൻെറ മൗലികാശയം കണ്ടുപിടിക്കാൻ വളരെ പ്രയാസമാണു്. പരിണാമവാദം സന്മാൎഗ്ഗനിയമത്തിനു് എതിരാണെന്നുള്ളതു പ്രാചീനഗ്രീക്കുകാരും ഹിന്ദുക്കളും അറിഞ്ഞിരുന്നു. ഈ രണ്ടു കൂട്ടരുടേയും മതവും തത്വജ്ഞാനവും സ്വാൎത്ഥത്യാഗസിദ്ധാന്തത്തിലാണു് പരിണമിച്ചതു്. എന്നാൽ ആ സിദ്ധാന്തം ശരിയല്ലെന്നാണു് ഹക്സ്ലിയുടെ അഭിപ്രായം. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ശരിയായിട്ടുള്ളതു് ഇതത്രേ. വിശ്വനിയമം എന്നൊരു നിയമം ഉണ്ടു്. അതനുസരിച്ചു സകലജീവികളും അന്യോന്യം മത്സരിക്കുന്നു. ഏററവും പ്രബലൻമാത്രമേ ശേഷിക്കയുള്ളു. മനുഷ്യനും ആ നിയമത്തിനു വിധേയനാണു്. ആ നിയമത്തിൻെറ ഫലമായിട്ടാണു് അവൻ ഇന്നത്തെ നിലയിൽ എത്തിയിരിക്കു

ന്നതു്. എന്നാൽ ആ നിയമം സന്മാർഗ്ഗത്തിനു് എതിരായിരിക്കു ന്നു. അതിനാൽ സന്മാർഗ്ഗവുമായി അതിനെ പൊരുത്തപ്പെടുത്തു ന്നതു് എങ്ങനെ? അതിനുള്ള വഴി ഇതാണു്. സാമുദായികപ്രഗ തി എന്നൊരു നിയമവും ഉണ്ടു്. അതു പരിണാമനിയമത്തെ ത ടുത്തുനിറുത്തി അതിൻെറ സ്ഥാനത്തിൽ സന്മാർഗ്ഗപ്രഗതിയെ സ്ഥാ പിക്കാൻ ശ്രമിക്കുന്നു. സന്മാർഗ്ഗപ്രഗതിയുടെ ലക്ഷ്യം ഏററവും പ്രബലന്മാരെയല്ല ശ്രേഷ്ഠതമന്മാരെ വിജയിപ്പിച്ചു് അതിജീവി പ്പിക്കുക എന്നതാകുന്നു. ഈ നിയമം എവിടെനിന്നും ഉത്ഭവി ച്ചുവെന്നതു ഹക്സ്ലി സ്പഷ്ടമാക്കുന്നില്ല. എന്നാൽ തൻെറ ഇരു പതാമത്തെ കുറിപ്പിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: ഈ പ്രഗ തിയുടെ അടിസ്ഥാനം ഇതാകുന്നു. ഒരുവശത്തു മൃഗങ്ങളെപ്പോ ലെ മനുഷ്യരും കൂട്ടംചേൎന്നിരിക്കാൻ ഇഷ്ടപ്പെടുന്നതുകൊണ്ടു സമു ദായത്തിനു ഹാനികരമായിട്ടുള്ള തങ്ങളുടെ മനോവൃത്തികളെ അ വർ അടക്കുന്നു. മറെറാരുവശത്തു സമുദായത്തിലെ അംഗങ്ങൾ സമുദായനന്മയ്ക്കു വിരുദ്ധമായ പ്രവൃത്തികളെ ബലാൽ അമൎത്തുന്നു. തങ്ങൾ യാതൊരു സമുദായത്തിലെ അംഗങ്ങളായിരിക്കുന്നുവോ അതിൻെറ നിലനില്പിനുവേണ്ടിയും ആ സമുദായസംസ്ഥിതിക്കു് ഇളക്കം വരുത്തിയാൽ ശിക്ഷയേല്ക്കുമെന്ന ഭയംകൊണ്ടും വികാര ങ്ങൾ അടക്കേണ്ടിവരുമെന്നതു ഹക്സ്ലിയുടെ സന്മാർഗ്ഗനിയമ ത്തിനു് അടിസ്ഥാനം നല്കുന്നു. ഇന്നു നിലവിലിരിക്കുന്ന ഇംഗ്ലീ ഷുസമുദായത്തിൽ ഐറിഷ്പ്രശ്നം, താഴ്ന്ന വർഗ്ഗങ്ങളുടെ ദാരി ദ്ര്യം, ധനവാന്മാരുടെ അമിതഭോഗം, കറുപ്പും മദ്യങ്ങളും വ്യാപാ രം ചെയ്യുന്നതു്, വധശിക്ഷ, കച്ചവടത്തിനും രാജ്യതന്ത്രത്തിനും വേണ്ടി പല വർഗ്ഗങ്ങളേയും കൊന്നൊടുക്കുന്നതു്, രഹസ്യമായ ദുർമ്മാർഗ്ഗപ്രവൃത്തികൾ, കപടത തുടങ്ങിയ പല ദൂഷ്യങ്ങളും ഉണ്ടു്. ആ ഇംഗ്ലീഷുസമുദായത്തിൽ പോലീസുചട്ടങ്ങൾ ഭംഗം ചെയ്യാ ത്തവൻ സന്മാർഗ്ഗനിയമത്താൽ നിയന്ത്രിതനായ സദ്വൃത്തനാ ണെന്നു ഹക്സ്ലി തൻെറ ശുദ്ധഗതിയാൽ വിശ്വസിക്കുന്നു. ഒരു

മനുഷ്യൻ ഏതു സമുദായത്തിൽ ഉൾപ്പെട്ടു ജീവിക്കുന്നുവോ, ആ സമുദായത്തിൻെറ നിലനില്പിനു് ഉതകുന്ന ചില കാൎയ്യങ്ങൾ ആവശ്യമായിരിക്കും. ഉദാഹരണമായി ചോരന്മാരുടെ കൂട്ടത്തിൽ അതിലെ അംഗങ്ങൾ പ്രയോജകീഭവിക്കുന്നു. നമ്മളുടെ സമുദായത്തിൽത്തന്നെ ആരാച്ചാരന്മാർ, ജയിലറന്മാർ, ന്യായാധിപന്മാർ, ഭടന്മാർ, കപടരായ മതാദ്ധ്യക്ഷന്മാർ മുതലായവരുടെ പ്രവൎത്തനങ്ങൾകൊണ്ടു സമുദായത്തിനു പ്രയോജനം കാണുന്നുവല്ലോ. എന്നാൽ അപ്രകാരം സമുദായസംസ്ഥിതിക്കു് ഉതകുന്ന പ്രവൎത്തനങ്ങളും സന്മാൎഗ്ഗവും തമ്മിൽ യാതൊരു ബന്ധവും ഇല്ലെന്നു ഹക്സ്ലി ഓൎമ്മിക്കുന്നില്ല.

തുടൎച്ചയായി വളൎന്നു വികസിച്ചുകൊണ്ടിരിക്കുന്നതാണു് സന്മാൎഗ്ഗം. അതിനാൽ ഇന്നു് ഒരു സമുദായത്തിൽ നിലവിലിരിക്കുന്ന നിയമങ്ങൾ അനുസരിക്കുന്നതും അവയെ സന്മാൎഗ്ഗോപകരണങ്ങളെന്നു ഹക്സ്ലി കരുതുന്ന തൂക്കുമരം മുതലായവകൊണ്ടു നിലനിറുത്തുന്നതും സന്മാൎഗ്ഗരക്ഷയ്ക്കു ഉതകുകയില്ലെന്നു മാത്രമല്ല, അതിൻെറ വികാസത്തിനു തടസ്സവുമാണു്. നേരെമറിച്ചു്, ക്രിസ്തുവും അദ്ദേഹത്തിൻെറ ശിഷ്യന്മാരും റോമക്കാരുടെ പ്രവിശ്യയിലുള്ള ചട്ടങ്ങളെ ഭംഗം ചെയ്തതും, നിയമനടപടികൾ, സൈനികസേവനം, യുദ്ധത്തിനുവേണ്ടി ചുമത്തുന്ന കരം കൊടുക്കുക മുതലായ ഇന്നത്തെ ചട്ടങ്ങളിൽ പങ്കെടുക്കാൻ വിസമ്മതിക്കുന്നതും മററും സന്മാൎഗ്ഗഭംഗമല്ലെന്നു മാത്രമല്ല സന്മാൎഗ്ഗപ്രകാശത്തിനു് അപരിഹാൎയ്യമായ വ്യവസ്ഥയുമാണു്.

നരമാംസഭുക്കുകളിൽ ഉൾപ്പെട്ട ഒരുവൻ മനുഷ്യമാംസം ഭക്ഷിക്കുന്നതു ശരിയല്ലെന്നു ധരിച്ചു് അപ്രകാരം ചെയ്യാതിരുന്നാൽ തൻെറ സമുദായവ്യവസ്ഥിതിയെ ഭംഗംചെയ്യുകയാണല്ലോ. സമുദായവ്യവസ്ഥയെ ഭംഗം ചെയ്യുന്ന ചില പ്രവൃത്തികൾ ഒരുപക്ഷേ സന്മാൎഗ്ഗവിരുദ്ധമായിരിക്കാം. എന്നാൽ സന്മാൎഗ്ഗപരിധിയെ കൂടുതൽ വിസ്തൃതമാക്കുന്ന സന്മാൎഗ്ഗപ്രവൃത്തികളെല്ലാം സമു

ദായവ്യവസ്ഥിതിക്കു് എപ്പോഴും വിരുദ്ധമായിരിക്കുമെന്നതു നിശ്ചയമാണു്. വ്യക്തിനന്മയെ സമുദായരക്ഷയ്ക്കുവേണ്ടി ബലികഴിക്കണമെന്നുള്ള നിയമം ഒരു സമുദായത്തിൽ നടപ്പിലുണ്ടെങ്കിൽ ആ നിയമം സന്മാർഗ്ഗനിയമമല്ല, മിക്കവാറും സന്മാർഗ്ഗനിയമത്തിനു വിരുദ്ധമായിരിക്കും. ജീവിതസമരനിയമം വേഷം മാറി വന്നതായിരിക്കും. അതും ജീവിതസമരംതന്നെ; വ്യക്തിയിൽനിന്നും അതു സമൂഹത്തിലേയ്ക്കു വ്യാപിച്ചിരിക്കുന്നുവെന്നേയുള്ളു. അതുകൊണ്ടു സമരം നിലയ്ക്കുന്നില്ല. കുറേക്കൂടി കഠിനമായി അടിക്കാൻ കൈ പുറകോട്ടു് ആഞ്ഞിരിക്കുന്നുവെന്നുമാത്രം. ജീവിതസമരവും പ്രബലന്മാരുടെ വിജയവും എല്ലാ ജീവിതത്തിൻെറയും ശാശ്വതനിയമമാണെങ്കിൽ—മനുഷ്യനെ ഒരു മൃഗമായി ഗണിക്കുമ്പോൾ അപ്രകാരം സ്വീകരിച്ചേ തീരു—സമുദായപ്രഗതിയേയും ആവശ്യപ്പെടുമ്പോൾ അതിൽനിന്നും നിർഗ്ഗമിക്കുന്ന സന്മാർഗ്ഗനിയമത്തേയും പററി യുക്തിവാദം ചെയ്തുകൊണ്ടു് ആ നിയമത്തെ ഇളക്കാൻ സാധിക്കയില്ല.

സാമുദായികപ്രഗതികൊണ്ടാണു് ജനങ്ങൾ കൂട്ടങ്ങളായി ഒത്തുചേരുന്നതെന്നു ഹക്സ്ലി പറയുന്നു. അങ്ങനെയാണെങ്കിൽ ജീവിതസമരവും പ്രബലന്മാരുടെ വിജയവും കുടുംബങ്ങൾ, കുലങ്ങൾ, ജാതികൾ മുതലായവയിലും തുടൎന്നുകൊണ്ടിരിക്കും. ആ സമരം വ്യക്തികൾ തമ്മിൽ ഉള്ളതിനേക്കാൾ കൂടുതൽ സന്മാർഗ്ഗപരമാകയില്ല. ക്രൂരതരമാകുമെന്നുള്ളതു നാം പ്രത്യക്ഷമായി പ്രായോഗികജീവിതത്തിൽ കാണുന്നുണ്ടു്. ഒരായിരം സംവത്സരം കഴിയുമ്പോൾ സാമുദായികപ്രഗതികൊണ്ടുമാത്രം മനുഷ്യജാതി ആകമാനം ഒന്നുചേൎന്നു് ഒരൊററ ജാതിയോ, രാഷ്ട്രമോ ആയിത്തീരുമെന്നുള്ള അസംഭാവ്യകല്പനയെ സമ്മതിച്ചാലും, മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സമരം എപ്പോഴും തുടൎന്നുകൊണ്ടിരിക്കുമെന്നതിനാൽ നമ്മൾ വിശ്വസിക്കുന്ന ക്രിസ്തീയസന്മാർഗ്ഗത്തിൻെറ സാദ്ധ്യത ഇല്ലാതാകും. മാത്രമല്ല, ആ ഒററ മനുഷ്യസമുദാ

യത്തിലെ അംഗങ്ങളായ വ്യക്തികളും കുടുംബങ്ങളും വൎഗ്ഗങ്ങളും ജാതികളും തമ്മിലുള്ള മത്സരം കുറയുകയില്ല; മറെറാരു രൂപം ധരിക്കമെന്നേയുള്ളൂ. ഈ വസ്തുത വ്യക്തിസമൂഹങ്ങളായ കുടുംബങ്ങൾ, ജാതികൾ, രാഷ്ട്രങ്ങൾ തുടങ്ങിയവയിൽ നാം പ്രത്യക്ഷമായി കാണുന്നുണ്ടല്ലോ. അന്യരോടെന്നതുപോലെ, മിക്കപ്പോഴും കൂടുതൽ ദ്വേഷത്തോടുകൂടി കുടുംബാംഗങ്ങൾ അന്യോന്യം കലഹിച്ച് എതിൎക്കുന്നു. രാഷ്ട്രത്തിന്റെ കാൎയ്യവും ഇപ്രകാരംതന്നെ. മററു രാഷ്ട്രങ്ങളോട് എന്നതുപോലെ ഒരു രാഷ്ട്രത്തിൽ താമസിക്കുന്നവർ പരസ്പരം സമരം നടത്തുന്നു. ആ സമരം മറെറാരു രൂപം എടുക്കുന്നു എന്നുമാത്രം. ഒരിടത്തു ജീവഹാനി വരുത്തുന്നതു് അമ്പും കത്തിയുംകൊണ്ടാണു്; മറെറാരിടത്തു പട്ടിണിക്കിട്ടും എന്നേയുള്ളൂ. കുടുംബത്തിലും രാഷ്ട്രത്തിലും ദുൎബ്ബലന്മാൎക്കു രക്ഷയുണ്ടെങ്കിൽ അതു സാമുദായികൈക്യംകൊണ്ടുണ്ടാകുന്നതല്ല. കുടുംബങ്ങളും രാഷ്ട്രങ്ങളുമായിത്തീരുന്ന ജനങ്ങളിൽ സ്നേഹവും സ്വാത്മത്യാഗവും കുടികൊള്ളുന്നതുകൊണ്ടത്രേ. കുടുംബത്തിൽ ഉൾപ്പെടാതെയിരിക്കുന്ന രണ്ടു ബാലന്മാരിൽ പ്രബലൻമാത്രം ജീവിക്കയും, കുടുംബത്തിൽ ഉൾപ്പെട്ട രണ്ടു സഹോദരന്മാരിൽ ഇരുവരും ജീവിക്കയും ചെയ്യുന്നതായാൽ അതിനു കാരണം അവർ കുടുംബത്തിൽ ഉൾപ്പെട്ടതല്ല, മാതാവിന്റെ സ്നേഹവും സ്വാത്മത്യാഗവുംതന്നെ. സാമുദായികപ്രഗതികൊണ്ടു സ്നേഹവും സ്വാത്മത്യാഗവും ഉളവാകുന്നതല്ല. സാമുദായികപ്രഗതികൊണ്ടു സന്മാൎഗ്ഗം സംജാതമാകുമെന്നു പറയുന്നതു് അടുപ്പു നിൎമ്മിച്ചതുകൊണ്ടു തീ ഉണ്ടായി എന്നു വാദിക്കുന്നതുപോലെയാണു്. ചൂടു സൂൎയ്യനിൽനിന്നും ഉളവാകുന്നു. അടുപ്പിൽ സൂൎയ്യാതപം നിഹിതമായിരിക്കുന്ന വിറകു കത്തിക്കുമ്പോൾമാത്രമാണു് ചൂടു് ഉണ്ടാകുന്നതു്. അതുപോലെ സന്മാൎഗ്ഗം മതത്തിൽനിന്നും സംജാതമാകുന്നു. മതപ്രചോദനത്തിന്റെ ഫലങ്ങൾ സാമുദായികജീവിതത്തിലെ ചില രൂപങ്ങളിൽ പ്രവേശിക്കുമ്പോൾ മാത്രമേ സന്മാൎഗ്ഗം നിൎഗ്ഗമിക്കയുള്ളൂ.

അടുപ്പിനെ ചൂടു പിടിപ്പിച്ചാൽ ചൂടു തരുന്നു. ചൂടു പിടിപ്പിക്കാതിരുന്നാൽ തണുത്തുതന്നെയിരിക്കും. അതുപോലെ സാമുദായികരൂപങ്ങളിൽ സന്മാർഗ്ഗം അന്തർഭവിച്ചിരുന്നാൽ സമുദായത്തിനു സന്മാർഗ്ഗപ്രചോദനം കിട്ടും. സന്മാർഗ്ഗം അന്തർന്നിഹിതമല്ലെങ്കിൽ സമുദായത്തിൻെറ മേൽ അതിനു യാതൊരു പ്രാഭവവും ഉണ്ടാകയില്ല.

ക്രൈസ്തവസന്മാർഗ്ഗം ക്രൈസ്തവേതരമോ, സാമുദായികമോ ആയ ജീവിതോദ്ദേശത്തിൽ സ്ഥാപിതമാകാൻ സാധ്യമല്ല. തത്വജ്ഞാനത്തിൽനിന്നോ, ക്രൈസ്തവേതരശാസ്ത്രത്തിൽനിന്നോ അതിനെ നിഗമിപ്പിക്കാനും സാധിക്കയില്ല. മാത്രമല്ല അവയുമായി കൂട്ടിയിണക്കാനും നിവൃത്തിയില്ല.

ഗംഭീരവും യുക്തിയുക്തവും ആയ തത്വജ്ഞാനവും ശാസ്ത്രവും ഇതു ശരിയായി ധരിച്ചിട്ടുണ്ടു്. അതിനാൽ അവ ഇപ്രകാരം പറയുന്നതു യുക്തംതന്നെ. "സന്മാർഗ്ഗവും ആയി ഞങ്ങളുടെ തത്വങ്ങൾ യോജിക്കുന്നില്ലെങ്കിൽ സന്മാർഗ്ഗം മറയത്തു പോകട്ടേ" ഈ മനഃസ്ഥിതി വെച്ചുകൊണ്ടാണു് അവയുടെ ഗവേഷണങ്ങൾ തുടന്നുകൊണ്ടിരിക്കുന്നതു്.

മതസ്ഥാപിതമല്ലാത്ത സന്മാർഗ്ഗഗ്രന്ഥങ്ങളും ലൗകികപ്രശ്നോത്തരപാഠമാലകളും എഴുതപ്പെടുന്നു; പഠിപ്പിക്കപ്പെടുന്നു. അതിനാൽ മനുഷ്യസമുദായം അവകൊണ്ടു നിയന്ത്രിതമാണെന്നു തോന്നാം. എന്നാൽ അതു് ഒരു തെററായ തോന്നൽമാത്രമാണു്. വാസ്തവമെന്തെന്നാൽ ഈ ഗ്രന്ഥങ്ങളും പാഠമാലകളുംകൊണ്ടല്ല യഥാർത്ഥത്തിൽ ജനങ്ങൾ നിയന്ത്രിക്കപ്പെടുന്നതു്. അവർക്കു് എപ്പോഴും ഉള്ള മതങ്ങളാണു് അവരെ നിയന്ത്രിക്കുന്നതു്. മതത്തിൽനിന്നും സഹജമായി വന്നുചേരുന്നതിനെ ഈ ഗ്രന്ഥങ്ങളും പാഠമാലകളും വ്യാജമായി അനുകരിക്കയാണു്. മതോപദേശത്തിൽ പ്രതിഷ്ഠിതമല്ലാത്ത ലൗകികസന്മാർഗ്ഗം, സംഗീതം അറിയാത്ത ഒരുവൻ പാട്ടുകച്ചേരിയിൽ അദ്ധ്യക്ഷസ്ഥാനത്തിരുന്നു

നിപുണന്മാരായ സംഗീതജ്ഞന്മാരെ നിയന്ത്രിക്കുന്നതുപോലെയാണു്. കുറേനേരത്തേയ്ക്കു പൂൎവ്വാനുസാരം സംഗീതജ്ഞന്മാർ മുന്നദ്ധ്യക്ഷന്മാരിൽനിന്നും പഠിച്ചിട്ടുള്ളതു് ആവൎത്തിക്കുന്നതുകൊണ്ടു കച്ചേരി തുടൎന്നുപോകും. എന്നാൽ സംഗീതം അറിയാത്തവൻ അടയാളത്തിന്നുള്ള വടി ആട്ടുന്നതു് ഉപയോഗശൂന്യം മാത്രമല്ല, സംഗീതം നടത്തുന്നവരെ ക്രമേണ വിഷമിപ്പിച്ചു പാട്ടുകച്ചേരിയെ തകരാറാക്കുകയും ചെയ്യും. ക്രൈസ്തവജനത ഉച്ചമതത്തെ സാത്മീകരിക്കാൻ ഭാവിച്ചു് അതു് അല്പം സ്വായത്തമാക്കീട്ടുണ്ടു്. ആ മതത്തിൽ സ്ഥാപിതമല്ലാത്ത സന്മാൎഗ്ഗത്തെ സാമാന്യജനങ്ങളോടു പ്രമാണികൾ ഉപദേശിക്കാൻ ഇക്കാലത്തു ശ്രമിക്കുന്നതുകൊണ്ടു ജനങ്ങളുടെ മനസ്സിൽ മുൻപറഞ്ഞതുപോലുള്ള വൈഷമ്യം സംജാതമാകാൻ തുടങ്ങിയിരിക്കുന്നു.

അന്ധവിശ്വാസം കലരാതെയുള്ള സന്മാൎഗ്ഗശിക്ഷണം അഭിലഷണീയംതന്നെ. എന്നാൽ സന്മാൎഗ്ഗോപദേശം ലോകവും ഈശ്വരനുമായി മനുഷ്യൻ സ്ഥാപിക്കുന്ന ബന്ധത്തിന്റെ ഫലമാണു്. ആ ബന്ധം നമുക്കു് അന്ധവിശ്വാസപരമെന്നു തോന്നുന്ന രൂപങ്ങളിൽ പ്രകാശിപ്പിച്ചിരിക്കയാണെങ്കിൽ ആ ന്യൂനത പരിഹരിക്കാൻ പ്രസ്തുതബന്ധത്തെ കുറേക്കൂടി യുക്തിയുക്തമായും സ്പഷ്ടമായും നിശ്ചിതമായും പ്രകാശിപ്പിക്കാനോ ആ ബന്ധം തൽക്കാലം മതിയാകയില്ലെന്നു തോന്നിയാൽ അതിനെ മാററി ഉച്ചതരവും സ്പഷ്ടതരവും യുക്തതരവുമായി പ്രതിപാദിക്കാനോ ശ്രമിക്കണം. എന്നാൽ യുക്ത്യാഭാസത്തിലോ കേവലം ശൂന്യത്തിലോ സ്ഥാപിതമായ ലൗകികവും മതേതരവുമായ സന്മാൎഗ്ഗം സൃഷ്ടിക്കാൻ നമ്മൾ ഒരു പ്രകാരത്തിലും ശ്രമിക്കരുതു്. മതത്തിൽനിന്നും അകററി സന്മാൎഗ്ഗത്തെ സ്ഥാപിക്കാൻ ചെയ്യുന്ന ശ്രമം, ബാലന്മാർ തങ്ങൾ ഇഷ്ടപ്പെടുന്ന ഒരു പുഷ്പത്തെ, അനാവശ്യമെന്നും വിരൂപമെന്നും തോന്നുന്ന വേരിൽനിന്നും പറിച്ചു തറയിൽ നടാൻ നോക്കുന്നതുപോലെയാണു്. വേരില്ലാതെ പൂ

വില്ല. അതുപോലെ മതമില്ലാതെ യഥാൎത്ഥവും ആത്മാൎത്ഥവും ആയ സന്മാൎഗ്ഗത്തിനു നിലനില്പില്ല.

നിങ്ങളുടെ രണ്ടു പ്രശ്നങ്ങൾക്കും എന്റെ ഉത്തരം ഇപ്രകാരമാണ്: "അനന്തമായ ലോകത്തോടും ലോകകാരണത്തോടും മനുഷ്യൻ സ്ഥാപിക്കുന്ന ബന്ധമാണ് മതം. സന്മാൎഗ്ഗമോ, ആ ബന്ധത്തിൽനിന്നും ഉളവാകുന്നതും ജീവിതത്തെ എപ്പോഴും നിയന്ത്രിക്കുന്നതുമാണ്."

# മതവും ബുദ്ധിയും

## (ഒരു ജിജ്ഞാസുവിനു് അയച്ച കത്തു്)

നിങ്ങളുടെ ചോദ്യം ഇതാണു്:—

1. വിശിഷ്ടമായ ബുദ്ധിശക്തിയില്ലാത്തവർ അവരറിഞ്ഞിട്ടുള്ള ആദ്ധ്യാത്മികജീവിതസത്യങ്ങളെ പ്രകാശിപ്പിക്കാൻ ശ്രമിക്കണോ?

2. ആദ്ധ്യാത്മികജീവിതത്തെപ്പററി പൂർണ്ണവും വിശദവുമായ അറിവു് സമ്പാദിക്കാൻ ശ്രമിക്കുന്നതു പ്രയോജനകരമാണോ?

3. വിഷമവും സംശയവും വരുന്ന ഘട്ടങ്ങളിൽ നമ്മെ അനുശാസിക്കുന്നതു മനസ്സാക്ഷിയോ നമ്മുടെ ദൗർബ്ബല്യങ്ങൾക്കു നാം വശപ്പെടുത്തീട്ടുള്ള ബുദ്ധിയോ ഏതെന്നു് എങ്ങനെ മനസ്സിലാക്കാം?

[ഈ ചോദ്യം എന്റെ വാക്കുകളിൽ സംക്ഷേപിച്ചിരിക്കയാണു്. നിങ്ങളുടെ ആശയത്തിനു വൈകല്യം വന്നിട്ടില്ലെന്നു ഞാൻ ആശിക്കുന്നു.]

രണ്ടാമത്തെ ചോദ്യത്തിൽ ഈ ചോദ്യങ്ങളെല്ലാം ഉൾപ്പെടുന്നുവെന്നു് എനിക്കു തോന്നുന്നു. എന്തെന്നാൽ ആദ്ധ്യാത്മികജീവിതത്തെപ്പററി പൂർണ്ണവും വിശദവുമായ അറിവു നേടാൻ ശ്രമിക്കേണ്ടതായില്ല എന്നുവന്നാൽ അതിനെ സംബന്ധിച്ചു നമ്മൾക്കു കിട്ടീട്ടുള്ള സത്യങ്ങൾ വെളിപ്പെടുത്തേണ്ടയാവശ്യമില്ല. വെളിപ്പെടുത്താൻ സാധിക്കയുമില്ല. സംശയം തോന്നുന്ന അവസരങ്ങളിൽ മനസ്സാക്ഷിയും വിവേകാഭാസവും തമ്മിൽ തിരിച്ചറിയുന്നതിനു യാതൊരു മാർഗ്ഗവും ഉണ്ടായിരിക്കയുമില്ല. നേ

രെമറിച്ചു നമുക്കുള്ള അല്പമോ വല്ലതോ ആയ ബുദ്ധിശക്തി ഉപയോഗിച്ചു കഴിയുന്നതു സൂക്ഷ്മമായി സത്യങ്ങളെ നേടാൻ ശ്രമിക്കേണ്ടതാണെന്നു വന്നാൽ അവയെ പ്രകാശിപ്പിക്കയും വേണം. ഇപ്രകാരം കഴിയുന്നതു വിശദമായി ധരിച്ചിട്ടുള്ള സത്യങ്ങൾ അനുസരിച്ചാണു് ജീവിതത്തിലെ വിഷമങ്ങളും സംശയങ്ങളും നേരിടേണ്ടതു്.

അതുകൊണ്ടു നിങ്ങളുടെ മുഖ്യപ്രശ്നത്തിനു ഞാൻ "അതേ, പ്രയോജനകരമാണു്" എന്ന ഉത്തരം നല്കുന്നു. ഈ ജീവിതത്തിൽ ഓരോരുത്തരും ജന്മോദ്ദേശം നിറവേററുന്നതിനും യഥാർത്ഥമായ ശ്രേയസ്സു പ്രാപിക്കുന്നതിനും (ഈ രണ്ടും എപ്പോഴും യോജിച്ചിരിക്കും.) അവരവരുടെ ബുദ്ധിശക്തി മുഴുവനും ഉപയോഗിച്ചു മതതത്വത്തെ, ജീവിതലക്ഷ്യത്തെ, സ്പഷ്ടമായി മനസ്സിലാക്കാൻ ശ്രമിക്കേണ്ടതാണു്.

കുഴിക്കുന്നതിൻെറ അളവനുസരിച്ചു പ്രതിഫലം കിട്ടുന്ന, അറിവില്ലാത്ത വേലക്കാരുടെയിടയിൽ ഗണിതശാസ്ത്രപ്രകാരമുള്ള കണക്കുകൂട്ടൽ വഞ്ചനയാണെന്നുള്ള ധാരണ പരക്കെയുള്ളതായി ഞാൻ പലപ്പോഴും കണ്ടിട്ടുണ്ടു്. അവർക്കു ഗണിതശാസ്ത്രം അറിയാൻ പാടില്ലാത്തതുകൊണ്ടോ അവർ കുഴിക്കുന്ന ആഴം കണക്കുകൂട്ടുന്നവർ അറിഞ്ഞോ അറിയാതെയോ അവരെ കബളിപ്പിക്കുന്നതുകൊണ്ടോ, എങ്ങനെയായാലും ഈ വേലക്കാരുടെയിടയിൽ അളവു നിർണ്ണയിക്കാൻ കണക്കു് ഉതകുന്നതല്ലെന്നോ മതിയാകുന്നതല്ലെന്നോ ഉള്ള ഒരു ധാരണ വേരൂന്നിയിരിക്കുന്നു. അവരിൽ മിക്കവർക്കും ഇതൊരു അനിഷേധ്യസത്യമായിത്തീർന്നിരിക്കുന്നതിനാൽ അതു തെളിയിക്കേണ്ട ആവശ്യംപോലും ഇല്ലെന്നു് അവർ വിചാരിക്കുന്നു. മതബോധമില്ലാത്തവരിൽ ഇതുപോലുള്ള ഒരഭിപ്രായം ഉറച്ചിരിക്കുന്നു. മതപ്രശ്നങ്ങൾ നിർണ്ണയിക്കാൻ ബുദ്ധിശക്തിക്കു കഴിവില്ലെന്നും അതിനുവേണ്ടി ബുദ്ധിശക്തി ഉപയോഗിക്കുന്നതു പ്രമാദങ്ങൾ വരുത്താൻ പ്രധാന

കാരണമാണെന്നും, ബുദ്ധിശക്തികൊണ്ടു മതപ്രശ്നങ്ങൾ നിണ്ണയിക്കുന്നതു ദുരഹങ്കാരമാണെന്നും അവർ അഭിപ്രായപ്പെടുന്നു.

മതപ്രശ്നങ്ങൾ നിണ്ണയിക്കാൻ ബുദ്ധിശക്തി പ്രയോജനപ്പെടുകയില്ലെന്നു നിങ്ങൾ വിചാരിക്കുന്നതുകൊണ്ടത്രേ ആദ്ധ്യാത്മികജീവിതസത്യങ്ങളെപ്പററി പൂണ്ണവും സ്പഷ്ടവുമായ അറിവു കിട്ടാൻ ശ്രമിക്കേണ്ടതാണോ എന്ന സംശയം ഉദിച്ചിരിക്കുന്നതു്. ഗണിതപ്രശ്നങ്ങൾക്കു ഗണിതശാസ്ത്രം ഉപയോഗിച്ചു് ഉത്തരങ്ങൾ കണ്ടുപിടിക്കാൻ കഴിയുന്നതല്ലെന്നു വിചാരിക്കുന്നതുപോലെ അത്ഭുതാവഹവും അബദ്ധവും ആകുന്നു നിങ്ങളുടെ ഈ ധാരണയും.

തന്നേയും തനിക്കു ലോകവുമായുള്ള ബന്ധത്തേയും നിണ്ണയിക്കാൻ മനുഷ്യനു ബുദ്ധിശക്തി എന്നൊരു ഉപകരണംമാത്രമേ ഈശ്വരൻ നല്കീട്ടുള്ളു. മറെറാരുപകരണവും ഇല്ലതന്നെ. ഗൃഹം, കുടുംബം, തൊഴിൽ, രാഷ്ട്രം, ശാസ്ത്രം, കല മുതലായവയെസ്സംബന്ധിച്ചുള്ള പ്രശ്നങ്ങൾ നിണ്ണയിക്കാൻ ബുദ്ധിശക്തി ഉപയോഗിക്കാമെങ്കിലും പ്രധാനമായി യാതൊരുകാൎയ്യത്തിനുവേണ്ടി മനുഷ്യനു ബുദ്ധിശക്തി നല്കിയിരിക്കുന്നുവോ അതിനെ നിണ്ണയിക്കാൻ ബുദ്ധിശക്തി ഉപയോഗിക്കാൻ പാടില്ലെന്നാണു് ഇവർ പറയുന്നതിൻെറ സാരം. തൻെറ സമഗ്രജീവിതത്തിനു് ആലംബമായ സൎവ്വപ്രധാനസത്യങ്ങൾ നിശ്ചയിക്കാൻ മനുഷ്യൻ ഒരുവിധത്തിലും ബുദ്ധിശക്തി ഉപയോഗിക്കരുതെന്നും അന്ധമായി അവയെ സ്വീകരിക്കണമെന്നും തോന്നും, ഈ അഭിപ്രായം കേട്ടാൽ. എന്നാൽ ബുദ്ധിശക്തി കൂടാതെ മനുഷ്യനു യാതൊന്നും അറിയാൻ സാധിക്കയില്ല. "അതുളപ്പാടുകൊണ്ടു്, വിശ്വാസം കൊണ്ടു സ്വീകരിക്കുക" എന്നു ജനങ്ങൾ പറയുന്നു. എന്നാൽ ബുദ്ധിശക്തി കൂടാതെ വിശ്വസിക്കാൻപോലും മനുഷ്യനു സാധ്യമല്ല. മനുഷ്യൻ എന്തെങ്കിലും ഒന്നു വിശ്വസിക്കയും മറെറാന്നു് അവിശ്വസിക്കയും ചെയ്യുന്നതു ബുദ്ധിയുടെ നിദ്ദേശമനുസരിച്ചാ

ണ്. ബുദ്ധിശക്തിയനുസരിച്ച മനുഷ്യൻ നടക്കരുതെന്നു പറയു ന്നതു് ഇരുളടഞ്ഞ ഒരു ഗുഹയിൽ വിളക്കു കൊണ്ടുപോകുന്ന ഒരു വനോടു വഴി കാണാൻ വിളക്കു കെടുത്തി മററെന്തിനെയെങ്കിലും ആശ്രയിക്കണമെന്നു പറയുന്നതുപോലെയാണ്.

എല്ലാവക്കും വലുതായ ബുദ്ധിശക്തിയില്ല. പ്രത്യേകിച്ച് അവരുടെ ആശയങ്ങൾ വെളിപ്പെടുത്താനുള്ള സാമത്ഥ്യവും ഉ ണ്ടായിരിക്കയില്ല. മതത്തെപ്പററിയുള്ള അവരുടെ ആശയങ്ങൾ സമത്ഥമായി പ്രകാശിപ്പിക്കാത്തതുകൊണ്ടു പ്രമാദങ്ങൾ വരാനി ടയുണ്ടെന്നും മററും നിങ്ങളുടെ എഴുത്തിൽ പറയുന്നതുപോലെ ഒരുപക്ഷേ കുററപ്പെടുത്താം. ഈ ആക്ഷേപത്തിനു സുവിശേഷ വചനം ഉപയോഗിച്ചു ഞാൻ സമാധാനം പറയുന്നു. "ബുദ്ധിമാ ന്മാരിൽനിന്നും മറയ്ക്കപ്പെട്ടിട്ടുള്ളതു ശിശുക്കൾക്കു വെളിപ്പെടുത്തു ന്നതാണ്." ഈ വചനം ഒരതിശയോക്തിയല്ല, പരസ്പരവിരു ദ്ധവുമല്ല. (സുവിശേഷങ്ങളിൽ നമുക്കിഷ്ടമില്ലാത്തതിനെ ഇങ്ങ നെ നിരാകരിക്കയാണല്ലോ നമ്മളുടെ രീതി.) ഏററവും സരള വും അസന്ദിഗ്ദ്ധവുമായ സത്യപ്രസ്താവമാണ് ഈ വചനം. ലോ കത്തിലുള്ള ഏതു ജീവിക്കും അവൻ അനുവത്തിക്കേണ്ട നിയമം നല്കപ്പെട്ടിട്ടുണ്ടു്. ആ നിയമം കണ്ടുപിടിക്കാൻ തക്കതായ ഉപ കരണങ്ങളും ഓരോ ജീവിക്കും നല്കപ്പെട്ടിട്ടുമുണ്ടു്. ഓരോ മനുഷ്യ നും ബുദ്ധിസമ്പന്നനാണ്; ആ ബുദ്ധിശക്തികൊണ്ടു് അവൻ അ നുവത്തിക്കേണ്ട നിയമവും വെളിപ്പെടുത്തീട്ടുണ്ടു്. അനുസരിക്കാൻ ഇഷ്ടമില്ലാത്തവക്കുമാത്രമാണ് ആ നിയമം മറഞ്ഞുകിടക്കുന്നതു്. ആ നിയമം അനുവത്തിക്കാതിരിക്കുന്നതിനുവേണ്ടി അവർ ബുദ്ധി ശക്തിയെ ഉപേക്ഷിക്കയും, സത്യം കണ്ടുപിടിക്കാൻ കിട്ടീട്ടുള്ള ബുദ്ധിശക്തിക്കു പകരം ബുദ്ധിശക്തിയെ വെടിഞ്ഞവരുടെ നേ തൃത്വം അന്ധമായി സ്വീകരിക്കയും ചെയ്യുന്നു.

മനുഷ്യൻ അനുവത്തിക്കേണ്ട നിയമം അത്യന്തം ലളിത മായതിനാൽ ഒരു ശിശുവിനുപോലും അതു മനസ്സിലാകുന്നതാ

ണ്. മാത്രമല്ല, തൻെറ ജീവിതനിയമം മനുഷ്യനു പുത്തനായി കണ്ടുപിടിക്കേണ്ട ആവശ്യമില്ല. നമ്മുടെ പൂർവ്വന്മാർ അതു കണ്ടുപിടിച്ചു വെളിപ്പെടുത്തീട്ടുണ്ട്. പരമ്പരാഗതമായ ആ പ്രമേയങ്ങൾ സ്വന്തം ബുദ്ധിശക്തികൊണ്ടു പരിശോധിച്ചുനോക്കേണ്ട ആവശ്യമേ മനുഷ്യനുള്ളൂ. എന്നാൽ ആ നിയമം അനുവത്തിക്കാൻ ഇഷ്ടപ്പെടാത്തവർ ഉപദേശിക്കുന്നതുപോലെ മനുഷ്യൻ പ്രവത്തിക്കരുതു്. പാരമ്പര്യംകൊണ്ടു ബുദ്ധിശക്തിയെ കീഴ്പെടുത്തുന്നതിനു പകരം ബുദ്ധിശക്തികൊണ്ടു പാരമ്പര്യത്തെ പരിശോധിക്കയാണ് വേണ്ടതു്. പരമ്പരയാ കിട്ടീട്ടുള്ളതു പ്രമേയങ്ങൾ മനുഷ്യർ മുഖാന്തരം വരുന്നതുകൊണ്ടു ചിലപ്പോൾ അസത്യമായിരിക്കാം. ബുദ്ധിശക്തിയാകട്ടെ ഈശ്വരനിൽനിന്നും ലഭിച്ചിരിക്കുന്നതിനാൽ തെററുകയില്ല. അതുകൊണ്ടു സത്യം അറിയുന്നതിനും പ്രകാശിപ്പിക്കുന്നതിനും ചില പ്രത്യേകകഴിവുകൾ ആവശ്യമില്ല. ബുദ്ധിശക്തി മനുഷ്യനുള്ള അത്യച്ചമായ ദിവ്യഗുണമാണെന്നും സത്യ കണ്ടുപിടിക്കാൻ ഏകോപകരണം അതുമാത്രമാണെന്നും നാം വിശ്വസിക്കണമെന്നേയുള്ളൂ.

സത്യം അറിയുന്നതിനും പ്രകാശിപ്പിക്കുന്നതിനും പ്രത്യേകകഴിവുകളോ വലിയ ബുദ്ധിവൈഭവമോ ആവശ്യമില്ല. അവയെല്ലാം കള്ളംനിമ്മിക്കാനും പ്രചരിപ്പിക്കാനും മാത്രമേ ആവശ്യമായിട്ടുള്ളൂ. ബുദ്ധിശക്തിയുടെ നിർദ്ദേശങ്ങളെ വിശ്വസിക്കുന്നതിനു പകരം അവയെ നിരാകരിച്ചു സത്യങ്ങളെന്നു പറഞ്ഞുകൊടുക്കുന്നവയെ അന്ധമായി വിശ്വസിച്ചുതുടങ്ങിയാൽ മിക്കപ്പോഴും നിയമങ്ങളെന്നും, അരുളപ്പാടുകളെന്നും, പ്രാമാണികശാസനങ്ങളെന്നും മററും വേഷംമാറി വരുന്ന അസ്വാഭാവികവും കൃത്രിമവും പരസ്പരവിരുദ്ധവുമായ പ്രമേയങ്ങളെ ജനങ്ങൾ ആലോചനകൂടാതെ സ്വീകരിച്ചുതുടങ്ങും. അവയെ പ്രകാശിപ്പിക്കാനും സത്യവുമായി ബന്ധപ്പെടുത്താനും വല്യതായ കൗശലവും അസാധാരണമായ കഴിവുകളും ആവശ്യമാണ്. നമ്മുടെ ക്രൈസ്തവമതശാ

ഖകളിൽ—കത്തോലിക്കാ, പ്രോട്ടസ്റ്റാൻറ് മുതലായവയിൽ—ഏതെങ്കിലും ഒന്നിൻെറ മതവിശ്വാസങ്ങളിൽ വളർത്തപ്പെട്ട ഒരുവനെ സങ്കല്പിക്കാം. കുട്ടിക്കാലത്തു തന്നിൽ കുത്തിവച്ച മതതത്വങ്ങളെ വിശദീകരിക്കാനും യഥാർത്ഥജീവിതവുമായി ബന്ധപ്പെടുത്താനും അവൻ ആഗ്രഹിക്കുന്നതായാൽ എത്ര വലിയ കൗശലം അതിനുവേണ്ടി ഉപയോഗിക്കണമെന്നാലോചിക്കുക. ശൈശവത്തിൽ കുത്തിക്കേററീട്ടുള്ള മതത്തിൽ പരസ്പരവിരുദ്ധങ്ങളായി പലതും ഉണ്ടു്. നന്മയുടെ മൂർത്തിയായ സൃഷ്ടികർത്താവു തിന്മയെ സൃഷ്ടിക്കുന്നു, ജനങ്ങളെ ശിക്ഷിക്കുന്നു, പാപപരിഹാരം ആവശ്യപ്പെടുന്നു മുതലായവ. സ്നേഹവും ക്ഷമയും ജീവിതനിയമങ്ങളായി പ്രഖ്യാപിക്കുന്ന നമ്മളും വധശിക്ഷ നല്കുയും യുദ്ധം നടത്തുകയും ദരിദ്രരുടെ ആദായം കൈക്കലാക്കുകയും മററും ചെയ്യുന്നു. സമന്വയിക്കാൻ സാധിക്കാത്ത ഈ പരസ്പരവൈരുദ്ധ്യങ്ങൾക്കു സമാധാനം കണ്ടുപിടിക്കാൻ, അഥവാ തന്നിൽനിന്നു് അവയെ മറയ്ക്കാൻ, വലിയ കൗശലവും പ്രത്യേകമാനസികവൈഭവങ്ങളും ആവശ്യമാണു്. എന്നാൽ ജീവിതനിയമവും ജീവിതോദ്ദേശവും മനസ്സിലാക്കാൻ, അഥവാ നിങ്ങൾ പറയുന്നതുപോലെ ഒരുവൻെറ വിശ്വാസത്തെ പൂർണ്ണമായും സ്പഷ്ടമായും മനസ്സിലാക്കാൻ പ്രത്യേകമാനസികവൈഭവങ്ങൾ ആവശ്യമില്ല. ബുദ്ധിശക്തി നിരാകരിക്കുന്നതിനെ സ്വീകരിക്കാതിരിക്കാനും ബുദ്ധിശക്തിയെത്തന്നെ നിരാകരിക്കാതിരിക്കാനും ബുദ്ധിശക്തിയെ ദൃഢമായി കാത്തു രക്ഷിക്കാനും അതിനെമാത്രം വിശ്വസിക്കാനും ശ്രദ്ധിക്കണം എന്നേയുള്ളു. ജീവിതോദ്ദേശം തനിക്കു വിശദമാണെന്നു തോന്നുന്നില്ലെങ്കിൽ അതു സ്പഷ്ടമാക്കാൻ തൻെറ

ബുദ്ധിശക്തി സമത്ഥമല്ലെന്നു തെളിയുന്നില്ല. ബുദ്ധിശക്തി നിൎദ്ദേശിക്കുന്നതിനു വിരുദ്ധമായി പലതും അന്ധമായി വിശ്വസിക്കുന്നുവെന്നും ബുദ്ധിശക്തികൊണ്ടു തെളിയാത്തതിനെ വെടിയണമെന്നും മാത്രമേ അതു സൂചിപ്പിക്കുന്നുള്ളു.

അതുകൊണ്ടു്, നിങ്ങളുടെ മുഖ്യപ്രശ്നത്തിനു്, അതായതു്, നമ്മളുടെ ആദ്ധ്യാത്മികജീവിതത്തെപ്പററി പൂൎണ്ണവും വിശദവുമായ അറിവു് ഉണ്ടാകാൻ ശ്രമിക്കണോ എന്നതിനു് എൻെറ ഉത്തരം, ജീവിതത്തിൽ ഏററവും ആവശ്യകവും പ്രധാനവും ആയ നമ്മളുടെ കത്തവ്യം അതുതന്നെയാണു് എന്നാണു്. എന്തെന്നാൽ നമ്മളെ ഈ ലോകത്തിൽ അയച്ച ദൈവത്തിൻെറ ഇച്ഛ നിറവേററുകയാണു് യുക്തിയുക്തമായ ജീവിതോദ്ദേശം. ദൈവേച്ഛ മനസ്സിലാകുന്നതു് അത്ഭുതകൃത്യങ്ങൾ നടത്തുക, കല്ലിൽ ദൈവം നിയമം കൊത്തിവയ്ക്കുക, പരിശുദ്ധാത്മാവിൻെറ സഹായത്താൽ പ്രമാദശൂന്യമായ പുസ്തകം രചിക്കുക, ഒരു മഹാത്മാവിൻെറയോ, സംഘത്തിൻെറയോ പ്രമാദശൂന്യമായ പ്രാമാണ്യം സ്വീകരിക്കുക മുതലായവകൊണ്ടല്ല; പ്രത്യുത എല്ലാ മനുഷ്യരും തങ്ങളുടെ ബുദ്ധിശക്തി ഉപയോഗിക്കയും കൂടുതൽ കൂടുതൽ തങ്ങൾക്കു സ്പഷ്ടമാകുന്ന സത്യങ്ങളെ പരസ്പരം പ്രചരിപ്പിക്കയും ചെയ്യുന്നതുകൊണ്ടാണു്. ആ അറിവു് ഒരിക്കലും പൂൎണ്ണമായിട്ടില്ല, പൂൎണ്ണമാകയുമില്ല. മനുഷ്യസമുദായം പുരോഗമിക്കുന്നതോടുകൂടി ആ ജ്ഞാനം അഭിവൃദ്ധമാകുന്നു. കൂടുതൽ കൂടുതൽ ജീവിക്കുന്തോറും ആ ദൈവേച്ഛ നമുക്കു സ്പഷ്ടതരമാകയും അതുകൊണ്ടു് അതിനെ സഫലമാക്കാൻ നമ്മൾ ചെയ്യേണ്ടതെന്തെന്നു കൂടുതൽ മനസ്സിലാകയും ചെയ്യുന്നു. ഓരോ മനുഷ്യനും തൻെറ ഭൂ

ഷ്ടിയിലോ അന്യരുടെ ദൃഷ്ടിയിലോ എത്രയും എളിയവനായി തോന്നിയാലും—ഏററവും എളിയവർ ഏററവും വലിയവരാണെന്നുണ്ടല്ലോ—തനിക്കു കിട്ടുന്ന ആദ്ധ്യാത്മികസത്യങ്ങൾ പ്രകാശിപ്പിക്കുന്നതു് അവൻെറ പ്രധാനവും പാവനവും ആയ കത്തവ്യമാകുന്നു. ഒരാശയം സുസ്പഷ്ടമായിയെന്നതിൻെറ നിശ്ചിതമായ ലക്ഷണം അതിനെ പ്രകാശിപ്പിക്കയാണു്.

എൻെറ മറുപടി നിങ്ങളെ ഏററെക്കുറെ തൃപ്തിപ്പെടുത്തുന്നതായാൽ ഞാൻ സന്തുഷ്ടനായിരിക്കും.

32D
254645
R3:Q
32K0


UNIVERSITY LIBRARY
28 APR 1969
MADRAS



വിശ്വാരാധ്യനായ പ്രതിഭാ
ശാലിയും ചിന്തകനും ജീവിതരീതി
യിൽ ഋഷിതുല്യനുമായിരുന്ന കൗ
ണ്ടു് ലിയോ ടോൾസ്റ്റോയി ജീവിത
ത്തിന്റെ അഗാധപ്രശ്നങ്ങളെ സ്പർശി
ച്ചു് എഴുതിയ മൂന്നു ലേഖനങ്ങളാ
ണു് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.
മതം, സദാചാരം, യുക്തിവാദം എ
ന്നീ വിഷയങ്ങളെക്കുറിച്ചു വിശദവും
സാധാരണജനങ്ങൾക്കു മനസ്സിലാ
വുന്നവിധം ലളിതവുമായ രീതി
യിൽ ഇതിൽ പ്രതിപാദിച്ചിരിക്കു
ന്നു. ആത്മീയവാദിയായാലും കൊ
ള്ളാം ഭൗതികവാദിയായാലും കൊ
ള്ളാം, സ്വന്തം വിശ്വാസങ്ങളെ മാ
റ്റുരച്ചുനോക്കാനുള്ള ഉൽകൃഷ്ടമായ
ഒരു ഉരകല്ലായി ഏതൊരാൾക്കും ഇ
തു് ഉപകരിക്കും. സ്വന്തം ജീവിത
ത്തിന്നു വെളിച്ചം തേടിപ്പോകുന്ന
വക്കു് ഇതൊരു ശാശ്വതമായ പ്ര
ചോദനമായി അനുഭവപ്പെടുകയും
ചെയ്യും.

SOUTHERN LANGUAGES BOOK TRUST
321

വില: 1.25



# ജീവിതവും മതവും

ടോൾസ്റ്റോയ്

032D
R3:Q
32K0

Indic Digital Archive Foundation
gpura.org